# ഇന്ദ്രിയാതീതജ്ഞാനവും പാരാസൈക്കോളജിയും



എ ടി കോവൂർ

IAP

C.K.PR
CHERUPI...
VADUTHALA.P.O
COCHIN.23.

# ഇന്ദ്രിയാതീതജ്ഞാനവും

# പാരാസൈക്കോളജിയും

Atheist Book Club No. 3

# INDRIYATHEETHA NJANAVUM PARAPSYCHOLOGYUM

By Professor A T Kovoor

Translated and Edited by Edamaruku

September, 1982

Printed at Archana Printers, Kottayam-2

© Indian Atheist Centre, New Delhi

Price

*Published by:*
**Indian Atheist Publishers**
1740A/55, Naiwala,
Karol Bagh,
New Delhi-110 005

# ഇന്ദ്രിയാതീതജ്ഞാനവും

# പാരാസൈക്കോളജിയും

പ്രൊഫസർ എ. ടി. കോവൂർ

വിവർത്തനവും എഡിററിംഗും

ഇടമറുക്

**Indian Atheist Publishers**
**1740 A/55, Naiwala,**
**Karol Bagh, New Delhi-110005**



## പ്രൊഫസർ എ. ടി. കോവൂർ

എ. ടി. കോവൂർ! അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരായി അൻപതിൽപരം വർഷങ്ങൾ അനസ്യൂതമായി പടപൊരുതിയ ലോകപ്രസിദ്ധനായ ഒരു മലയാളി. സിലോൺ യുക്തിവാദിസംഘത്തിന്റെ പ്രസിഡന്റും ആ സംഘടനയുടെ മുഖപത്രമായ 'സിലോൺ റാഷണലിസ്റ്റ് അംബാസഡറി'ന്റെ പത്രാധിപരുമായിരുന്ന അദ്ദേഹം ചാത്തൻ, ഭൂതം, പ്രേതം എന്നിവയുടെ ഉപദ്രവം എവിടെയെങ്കിലുമുണ്ടെന്നു കേട്ടാൽ കോവൂർ അവിടെയെത്തും. ഹിസ്റ്റീരിയ ബാധിച്ചവരോ മനഃപൂർവം ഉപദ്രവമുണ്ടാക്കണമെന്ന വിചാരമുള്ളവരോ ആണ് ചാത്തനും പ്രേതവുമായി പ്രവർത്തിക്കുന്നതെന്ന് അനേകം അനുഭവങ്ങളുടെ വെളിച്ചത്തിൽ കോവൂർ സ്ഥാപിച്ചിട്ടുണ്ട്. ഏതാണ്ട് ഇരുനൂറിൽപരം കേസുകളിൽ അന്വേഷണം നടത്തിയിട്ട് ഒന്നിൽപോലും അദ്ദേഹം പരാജയപ്പെട്ടിട്ടില്ല.

മാർത്തോമ്മാ സുറിയാനിസഭ എക്കാലവും ബഹുമാനത്തോടെ സ്മരിക്കുന്ന വികാരി ജനറൽ അയ്പ്പു തോമ്മാ കത്തനാരുടെ പുത്രനായിട്ടാണ് 1898 ഏപ്രിൽ മാസം 10–ാം തീയതി എബ്രഹാം തോമസ് കോവൂർ ജനിച്ചത്. നെടുമ്പ്രം മണപ്പുറമ്പിൽ മറിയം ആയിരുന്നു അദ്ദേ

ഹത്തിന്റെ മാതാവ്. കൊച്ചിയിൽ എക്സൈസ് സൂപ്രണ്ടായിരുന്ന ശ്രീ കെ. റ്റി. തോമസ്, ഐക്യരാഷ്ട്രസഭയിൽ വിദ്യാഭ്യാസവകുപ്പിന്റെ ഡയറക്ടറായിരുന്ന ഡോ. കെ. റ്റി. ബഹനാൻ, തിരുവല്ലയിൽ ബിസ്സിനസ്സ് നടത്തിക്കൊണ്ടിരുന്ന ശ്രീ കെ. റ്റി. ചെറിയാൻ എന്നിവർ കോവൂരിന്റെ സഹോദരന്മാരാണ്.

വളരെ ചെറുപ്പത്തിൽത്തന്നെ കോവൂരിനെ എഴുത്തിനിരുത്തി. മക്കളുടെ ആവശ്യത്തിനുവേണ്ടി അയ്പ്പു തോമ്മാ കത്തനാർ നെടുമ്പ്രത്തുള്ള ഭവനത്തിനു സമീപം ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിച്ചിരുന്നു. ഒരു കിട്ടുപിള്ള സാർ ആയിരുന്നു ആശാൻ. നിലത്തെഴുത്തും കുട്ടിവായനയും കുറെ കണക്കും അവിടെവച്ച് അദ്ദേഹം പഠിച്ചു. പില്ക്കാലത്ത് മധുര കോളേജിന്റെ പ്രിൻസിപ്പൽ ആയിത്തീർന്ന പ്രൊഫസർ നൈനാൻ, ഇന്റർനാഷണൽ ലേബർ ഓഫീസിൽ ഒരു ഉദ്യോഗസ്ഥനായിരുന്ന കെ. ഇ. നൈനാൻ തുടങ്ങിയവർ അന്നു കിട്ടുപിള്ളസാറിന്റെ കീഴിൽ മണലിൽ എഴുതി പഠിച്ചിരുന്നു.

കളരിയിൽ കുറെ പഠിച്ചതിനുശേഷമായതുകൊണ്ട് മൂന്നാംക്ലാസിലാണ് കോവൂർ ചേർന്നത്. കെ. റ്റി. ഏബ്രഹാം എന്നായിരുന്നു സ്കൂളിലെ പേര്. നെടുമ്പ്രത്ത് പ്രൈമറിസ്കൂളിൽ മൂന്നും നാലും ക്ലാസ്സുകളിലും പ്രിപ്പറേറ്ററി ക്ലാസ്സു മുതൽ സ്കൂൾഫൈനൽവരെ തിരുവല്ല എസ്. സി. സെമിനാരി ഹൈസ്കൂളിലും പഠിച്ചു.

ഇന്റർമീഡിയറ്റിന് സെറാമ്പൂർ കോളജിലാണ് അദ്ദേഹം പഠിച്ചത്. ഫസ്റ്റ്ക്ലാസ്സിൽ ഇന്റർമീഡിയറ്റ് പാസ്സായി. ബി. എസ്സിക്ക് കൽക്കട്ടയിലെ ബംഗബാസി കോളേജിൽ ചേർന്നു. സസ്യശാസ്ത്രവും രസതന്ത്രവും ഊർജതന്ത്രവുമായിരുന്നു വിഷയങ്ങൾ. രണ്ടാംവർഷത്തിന്റെ അവസാനത്തിൽ ന്യുമോണിയ പിടിപെട്ടതുമൂലം പരീക്ഷയ്ക്കെഴുതാൻ കഴിഞ്ഞില്ല. ഒരു വർഷം കഴിഞ്ഞ് 1925-ൽ അദ്ദേഹം ബി. എസ്സി പാസ്സായി.

കല്ക്കട്ടയിൽനിന്നു വീട്ടിൽവന്നു താമസിക്കുന്ന കാലത്ത് ഏബ്രഹാം കോവൂരിനു പല വിവാഹാലോചനകളും വന്നു. വിവാഹത്തിനുമുമ്പു വരൻ വധുവിനെ കാണുന്ന പതിവ് ക്രിസ്ത്യാനികളുടെയിടയിൽ അന്നുണ്ടായിരുന്നില്ല. ഏബ്രഹാം ആ ഏർപ്പാടിനു വഴങ്ങിയില്ല.

'പെണ്ണിനെ എനിക്കു നേരത്തെ കാണണം.'—ഏബ്രഹാം അമ്മയോടു പറഞ്ഞു. 'അല്പം സംസാരിക്കുകയും വേണം. അതിനു തയ്യാറില്ലെങ്കിൽ ഞാൻ പെണ്ണുകെട്ടുന്നില്ല.' അങ്ങനെ ചില വിവാഹാലോചനകൾ പൊളിഞ്ഞു

പോയി. അപ്പോഴാണു് പുതുപ്പള്ളിയിൽനിന്നൊരു ആലോചന വരുന്നതു്. കൊട്ടാരത്തിൽ ഇട്ടി ജഡ്ജിയുടെ മകാം കുഞ്ഞമ്മയാണു് വധു. ചെറുക്കൻ പെണ്ണിനെ കാണുകയും സംസാരിക്കുകയും ചെയ്യുന്നതിനു് അപാകതയില്ലെന്ന അഭിപ്രായക്കാരനായിരുന്നു ജഡ്ജി. എബ്രഹാം പെണ്ണുകാണാൻ പുതുപ്പള്ളിയിലേയ്ക്കു പോയി. പെണ്ണിനെ പ്രഥമദൃഷ്ടിയിൽതന്നെ കോവൂരിനു് ഇഷ്ടപ്പെട്ടു. കൃശഗാത്രിയും സുന്ദരിയുമായിരുന്നു കുഞ്ഞമ്മ. അവരോടു് അൽപം സംസാരിക്കണമെന്നു പറഞ്ഞപ്പോാം പരിഷ്കൃതാശയനായ ജഡ്ജി അതിനു സൗകര്യം ഉണ്ടാക്കിക്കൊടുത്തു.

കോവൂർ പറഞ്ഞു—'എനിക്കു് മൂന്നു വ്യവസ്ഥകാം ഉണ്ടു്. അവ സമ്മതിക്കുന്ന പക്ഷം നമുക്കു വിവാഹം നടത്താം.'

'അധികം കുട്ടികാം ഉണ്ടാകണമെന്നു് എനിക്കുദ്ദേശമില്ല. കുട്ടികളുടെ എണ്ണം ഞാൻ നിയന്ത്രിക്കും. അതിനു തടസ്സമായി നിൽക്കരുതു്.'

'അതിൽ എനിക്കു വിരോധമില്ല.'

'നമ്മുടെ കുട്ടികളെ ഒരു മതവും പഠിപ്പിക്കരുതു്.'

അക്കാര്യത്തിലും എനിക്കു വിരോധമില്ല.'

'എപ്പോഴെങ്കിലും എന്റെകൂടെ താമസിക്കാൻ നിങ്ങാംക്കു വിഷമം തോന്നിയാൽ വിവാഹമോചനം നേടാനുള്ള സ്വാതന്ത്ര്യം നിങ്ങാംക്കുണ്ടായിരിക്കും. ആ സ്വാതന്ത്ര്യം എനിക്കും ഉണ്ടായിരിക്കണം.

മൂന്നാമത്തെ വ്യവസ്ഥ കേട്ടപ്പോാം കുഞ്ഞമ്മയുടെ മുഖം വാടി.

'ആലോചിച്ചു് വിവരം എഴുതി അറിയിച്ചാൽ മതി. '—കാപ്പികുടിയും വർത്തമാനവും കഴിഞ്ഞു് പോകാനിറങ്ങിയപ്പോാം അകത്തുനിന്നു് കുഞ്ഞമ്മ കൈകാട്ടി വിളിച്ചു. 'മൂന്നാമത്തെ വ്യവസ്ഥയും ഞാൻ സമ്മതിച്ചിരിക്കുന്നു.'—കുഞ്ഞമ്മ പറഞ്ഞു. അങ്ങനെ 1924 നവംബർ 27—ാം തീയതി എബ്രഹാം കോവൂരും കുഞ്ഞമ്മയും വിവാഹിതരായി.

ബി. എസ്‌സി പരീക്ഷയുടെ ഫലം അറിയുന്നതിനുമുമ്പുതന്നെ എബ്രഹാം കോവൂരിനു് കോഴഞ്ചേരി ഹൈസ്കൂളിൽ ജോലികിട്ടി. അൻപത്തഞ്ചു രൂപയായിരുന്നു ശമ്പളം. ഒരുകൊല്ലം കഴിഞ്ഞു. സി. എം. എസ്. കോളേജിൽ സസ്യശാസ്ത്രവകുപ്പിൽ ലക്ച്ചറർ ആയി നിയമനം കിട്ടി.

സസ്യശാസ്ത്രസംബന്ധമായി ഗവേഷണം നടത്താൻ അക്കാലത്തു് കോവൂർ ശ്രമിച്ചിരുന്നു. കേരളത്തിലെ പല സസ്യങ്ങളേയും ചെടികളേയും സംബന്ധിച്ച പല വിവരങ്ങളും അദ്ദേഹം ശേഖരിച്ചു. 1927—ലെ മദ്ധ്യവേനൽ അവധിക്കു് കോവൂർ വിശ്രമത്തിനുവേണ്ടി ഊട്ടിക്കു പോയി. സസ്യശാസ്ത്രത്തിൽ ഗവേഷണം നടത്താൻ അവിടെയെത്തിയ ഒരു മിഷനറിയുമായി യാദൃച്ഛികമായി അദ്ദേഹം പരിചയപ്പെട്ടു. ജാഫ്നാ കോളേജിൻെറ പ്രിൻസിപ്പൽ ആയിരുന്ന റവ: സി. ററി. കാഷ് ആയിരുന്നു ആ മിഷനറി. ജാഫ്നാ കോളേജിൽ സസ്യശാസ്ത്ര പ്രൊഫസറായി ജോലിനോക്കുവാൻ അദ്ദേഹം കോവൂരിനെ ക്ഷണിച്ചു. 1928 ഫെബ്രുവരിയിൽ അദ്ദേഹം സിലോണിലെത്തി ആ ജോലി സ്വീകരിച്ചു. 1943—ൽ സിലോണിൽ റിച്ച്മണ്ടു് എന്ന സ്ഥലത്തു് ഗാരം കോളേജിൽ പ്രൊഫസറായി അദ്ദേഹം നിയമിക്കപ്പെട്ടു. 1947 മുതൽ 1953 വരെ മൗണ്ടു് ലവിനിയായിലെ സെൻറ് തോമസ് കോളേജിലും 1953 മുതൽ 1959വരെ കൊളംബോയിലെ തെഴ്സ്റ്റൻ കോളേജിലും അദ്ദേഹം പ്രൊഫസറായി ജോലിചെയ്തു. 1959—ൽ കോവൂർ റിട്ടയർ ചെയ്തു.

തീണ്ടൽ, തൊടീൽ, ജാതിവ്യത്യാസം, മന്ത്രവാദം തുടങ്ങിയവയ്ക്കു് എതിരായിരുന്നുവെങ്കിലും കോവൂർ ചെറുപ്പകാലത്തു ദൈവവിശ്വാസിയായിരുന്നു. വളരെനിഷ്ഠയോടുകൂടി പ്രാത്ഥിക്കുകയും വേദപാഠങ്ങൾ പഠിക്കുകയും ചെയ്തിരുന്നു. കല്ക്കത്തയിലെ ബംഗബാസി കോളേജിൽ പഠിക്കുന്നകാലത്തു് നിരവധി ഗ്രന്ഥങ്ങൾ വായിച്ചു. ഇംഗർസോൾ റൂസ്സോ, തോമസ്പ്പെയ്ൻ, ജോസഫ് മക്കാബെ, ഹക്സ്ലി, റസൽ തുടങ്ങിയ യുക്തിവാദികളുടെഗ്രന്ഥങ്ങൾ അദ്ദേഹത്തെ വളരെ ആകർഷിച്ചു. ഗ്രന്ഥപാരായണവും ശാസ്ത്രപഠനവും അദ്ദേഹത്തിൻെറ മതവിശ്വാസം നശിപ്പിച്ചു.

കോളജിൽ ജോലിനോക്കുന്ന സമയത്തുതന്നെ ലോകയുക്തിവാദി പ്രസ്ഥാനവുമായി അദ്ദേഹം ബന്ധപ്പെട്ടു. 'വേൾഡ് യൂണിയൻ ഓഫ് ഫ്രീ തിങ്കേഴ്സി'ൻെറ പല സമ്മേളനങ്ങളിലും അദ്ദേഹം പങ്കെടുത്തു രണ്ടുമൂന്നു പ്രാവശ്യം ലോകപര്യടനം നടത്തി. ലോകത്തെമ്പാടുമുള്ള പല പ്രശസ്ത സ്വതന്ത്രചിന്തകരുമായി പരിചയപ്പെട്ടു അദ്ദേഹവും മററു ചില സുഹൃത്തുക്കളുംകൂടി ചേർന്നാണു് സിലോൺ യുക്തിവാദിസംഘം രൂപീകരിച്ചതു്.

കോവൂരിൻെറ ഏകപുത്രൻ ഡോ. ഏറീസ് കോവൂർ ഫ്രാൻസിലെ സോർബോൺ യൂണിവേഴ്സിററിയിൽ

ബയോസയൻസ് പ്രൊഫസറായി ജോലിനോക്കിവരികയാണ്. ക്യൂബൻഗവണ്മെൻറിൻെറ സയൻറിഫിക് അഡൈ്വസർ എന്ന ചുമതലയും അദ്ദേഹത്തിനുണ്ട്.

മിസ്സിസ് കോവൂർ 1974–ൽ നിര്യാതയായി. കോവൂരിൻെറ യുക്തിവാദചിന്താഗതികൾ പൂർണ്ണമായും ഉൾക്കൊണ്ടിരുന്ന അവർ ശ്വാസകോശാർബ്ബുദം ബാധിച്ചാണ് മരിച്ചതു്.

ജീവിതകാലത്തു് താൻ പറയുകയും വിശ്വസിക്കുകയും ചെയ്തിരുന്നതിൽനിന്നു്, മരണാനന്തരവും തന്നെ ആരും അകററാൻ പാടില്ലെന്നു് കോവൂരിനു നിഷ്കർഷയുണ്ടായിരുന്നു. മരണത്തിനു വളരെക്കാലം മുമ്പ് തയ്യാറാക്കിയ ഒരു അനുമതിപത്രപ്രകാരം മിസ്സിസ് കോവൂർ തൻെറ മൃതദേഹം മെഡിക്കൽകോളേജ് വിദ്യാർത്ഥികളുടെ പഠനത്തിനു ദാനംചെയ്തിരുന്നു.

സ്വശരീരം വൈദ്യവിദ്യാർത്ഥികളുടെ പഠനത്തിനു് സ്വമനസ്സാലെ ഒരു വ്യക്തി നൽകുന്നതു് സിലോണിൻെറ ചരിത്രത്തിൽ അതു് ആദ്യമായിരുന്നു.

വർഷങ്ങൾക്കുമുമ്പ് കോവൂർ തയ്യാറാക്കിയ മരണപത്രത്തിലെ വാക്കുകളാണിവ:

'ഞാൻ മരിച്ചാൽ എൻെറ ശവം സംസ്ക്കരിക്കരുതു്. എൻെറ ഭാര്യയുടെ ശവവും സംസ്ക്കരിക്കേണ്ടതില്ല. മരണാനന്തരം ഞങ്ങളുടെ ശരീരങ്ങൾ മെഡിക്കൽ കോളേജുകളുടെ ഉപയോഗത്തിനു് വിട്ടുകൊടുത്തിരിക്കുകയാണ്. ഞാൻ വളരെക്കാലം ജോലിചെയ്ത തെഴ്സ്റ്റൻ കോളേജിനു് എൻെറ അസ്ഥികൂടം നൽകണമെന്നാണ് എൻെറ ആഗ്രഹം. പാരീസിലെ സോർബോൺ യൂണിവേഴ്സിററിയിൽ പ്രൊഫസറായ എൻെറ പുത്രനെ ഇക്കാര്യം ഞാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. മരിച്ചാലുടനെ എൻെറ കണ്ണുകൾ നേത്രബാങ്കിനു നൽകണമെന്നും ഞാൻ നിർദ്ദേശിച്ചിരിക്കുന്നു.'

1978 സെപ്റ്റംബർ 18–ാം തീയതി കോവൂർ നിര്യാതനായി. നേരത്തെ നിർദ്ദേശിച്ചിരുന്നതുപോലെ അദ്ദേഹത്തിൻെറ കണ്ണുകൾ ഉടനെ മാററുകയും അവ ഓരോന്നും രണ്ടു് അന്ധന്മാർക്കു് വെച്ചുകൊടുക്കുകയും ചെയ്തു. കോവൂരിൻെറ കണ്ണുകളിൽക്കൂടി അവർ ഇപ്പോൾ ലോകംകാണുന്നു. കോവൂർ നിർദ്ദേശിച്ചതുപോലെ മൃതദേഹം മെഡിക്കൽ കോളേജിനു നൽകുകയുംചെയ്തു.

# ഉപോദ്ഘാതം

കേരളത്തിൽ പലരും പാരാസൈക്കോളജിയെപ്പററി തെററു ധരിക്കുകയും ആധുനികമായ ഏതോ ശാസ്ത്രമാണതെന്നു് പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ടു്. മനഃശാസ്ത്രരംഗത്തെ ഏതോ പുതിയ വികാസമാണെന്നമട്ടിൽ അവർ ഈ വിഷയത്തെപ്പററി എഴുതുകയും പറയുകയും ചെയ്യുകാണുന്നു. വെറും അന്ധവിശ്വാസികൾ മാത്രമല്ല, പുരോഗമനവാദികൾപോലും ഈ കുട്ടക്കിൽപെട്ടതായി പലപ്പോഴും തോന്നിയിട്ടുണ്ടു്. പാരാസൈക്കോളജിയേയും അതിൻെറ പ്രധാന ഗവേഷണമേഖലയായ 'ഇന്ദ്രിയാതീതജ്ഞാന'ത്തേയുംപററി ഒരു പുസ്തകം എഴുതണമെന്നു് വളരെക്കാലമായി ഞാൻ വിചാരിച്ചുപോന്നു. അപ്പോഴാണു് ചില സുഹൃത്തുക്കൾ നിർദേശിച്ചതു്, പരേതനായ കോവൂർ ഈ വിഷയത്തേപ്പററി എഴുതിയിട്ടുള്ള ലേഖനങ്ങൾ സമാഹരിച്ചു് ഒരു പുസ്തകമാക്കുന്നതുകൊള്ളാമെന്നു്. അതനുസരിച്ചാണു് ഈ പുസ്തകം തയ്യാറാക്കിയതു്.

കോവൂർ പല അവസരങ്ങളിലായി എഴുതിയ ലേഖനങ്ങളാണിവ. അവ ഒന്നിച്ചുചേർത്തപ്പോൾ ആവർത്തനങ്ങൾ ഒഴിവാക്കുന്നതിനുംമററുമായി കുറെയെല്ലാം എഡിററുചെയ്യേണ്ടതായിവന്നിട്ടുണ്ടു്. ഈ പുസ്തകത്തിൽ കാണുന്ന ക്രമീകരണവും ഞാൻ വരുത്തിയതാണു്. എങ്കിലും അദ്ദേഹത്തിൻെറ ആശയങ്ങൾക്കു് ഒരു മാററവും വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ടു്.

തനി അന്ധവിശ്വാസികളായ ചിലരല്ലാതെ പാരാ

സൈക്കോളജിയെ ഒരു ശാസ്ത്രമായി ആരുംതന്നെ അംഗീകരിക്കുന്നില്ല. ഡ്യൂക്ക് സർവ്വകലാശാലയിലെ ഡോ. ജെ. ബി. റൈനും പത്നിയും ആയിരുന്നു ഈ ചിന്താഗതിയുടെ വക്താക്കൾ. പക്ഷേ റൈൻ ദമ്പതികളുടെ ഗവേഷണം അശാസ്ത്രീയവും അതിന്റെ ഫലങ്ങൾ അവിശ്വസനീയവുമാണെന്നുള്ള കാരണത്താൽ ഡ്യൂക്ക് സർവ്വകലാശാല, പാരാസൈക്കോളജി വിഭാഗം നിറുത്തലാക്കുകയും റൈൻ ദമ്പതികളെ അവിടെനിന്ന് പിരിച്ചുവിടുകയും ചെയ്ത കഥ ഇവിടെ അധികമാളുകൾക്കും അറിയാമെന്നു തോന്നുന്നില്ല. സർവ്വകലാശാലയിൽനിന്നു പിരിഞ്ഞതിനുശേഷം നോർത്ത് കരോലിനായിലെ ഡർഹാമിൽ ഡോ. റൈൻ ഒരു പുതിയ പാരാസൈക്കോളജി ഇൻസ്റ്റിററ്യൂട്ട് തുടങ്ങി വാൾട്ടർലെവി എന്നൊരാളായിരുന്നു ഈ ഗവേഷണ ഇൻസ്റ്റിററ്യൂട്ടിന്റെ ഡയറക്ടർ. ഗവേഷണഫലങ്ങളെ സംബന്ധിച്ച കണക്കിൽ ലെവി കള്ളത്തരം കാണിക്കുന്നുണ്ടോ എന്ന് അദ്ദേഹത്തിന്റെ സഹപ്രവർത്തകർ സംശയിച്ചു. പരീക്ഷണം നടത്തുവാനുപയോഗിച്ചിരുന്ന യന്ത്രത്തിനു ചുററും അനാവശ്യമായി ലെവി ചുററിക്കറങ്ങിക്കൊണ്ടിരുന്നതാണ് സംശയത്തിനു കാരണമായത്. അവർ ഒളിച്ചിരുന്നു. ഫലം രേഖപ്പെടുത്തുന്ന യന്ത്രത്തിൽ ലെവി കൃത്രിമം കാണിച്ചുകൊണ്ടിരുന്നപ്പോൾ അവർ അയാളെ പിടികൂടി. 54 ശതമാനത്തിലധികം ഫലം അനുകൂലമാണെന്ന് ലെവി അവകാശപ്പെട്ടിരുന്നത് തെററാണെന്നും ഫലം ഒരിക്കലും അൻപതു ശതമാനത്തിലധികം അനുകൂലമാകുന്നില്ലെന്നും പിന്നീട് അവർ നടത്തിയ പരീക്ഷണങ്ങൾ തെളിയിച്ചു. അവസാനം ലെവി തന്റെ കുററം ഏററുപറഞ്ഞു. അതോടെ ഡോ. റൈനിന്റെ ഗവേഷണങ്ങളിലെ കൃത്രിമം പാശ്ചാത്യലോകത്തിനു വ്യക്തമായി. റൈനിന്റെ കടുത്ത സ

മ്മർദ്ദംമൂലമാണ് ഇത്തരം ഒരു വഞ്ചന കാണിക്കാൻ നിർബന്ധിതനായതെന്ന് ലെവി വ്യക്തമാക്കുകയും ചെയ്തു. ഇങ്ങനെ പാരാസൈക്കോളജിയുടെ പേരിൽ നടന്നുവന്ന തട്ടിപ്പ് പുറത്തായി. ഇതൊന്നും അറിയാത്ത ഇൻഡ്യാക്കാരിൽ ചിലർ ഇപ്പോഴും ഈ കപടശാസ്ത്രവും തലയിലേററിനടക്കുന്നു. അവരുടെ കണ്ണു തുറപ്പിക്കാൻ ഈ ഗ്രന്ഥം സഹായകമാകുമെന്നാണ് എന്റെ വിശ്വാസം.

എ. ടി. കോവൂർ അന്തരിച്ചിട്ട് ഈ സെപ്തംബർ 18–ന് നാലു വർഷം തികഞ്ഞു. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം വായനക്കാരുടെ മുമ്പിൽ അവതരിപ്പിക്കുന്നു.

സെപ്തംബർ 30, 1982, ഇടമറുക്
ന്യൂഡൽഹി

# ഉള്ളടക്കം


1. ഇന്ദ്രിയാതീതജ്ഞാനവും
   പാരാസൈക്കോളജിയും
2. ഇന്ദ്രിയജ്ഞാനവും ഇന്ദ്രിയാതീതജ്ഞാനവും
3. അന്തർവാഹിനിയിലെ ടെലിപ്പതി പരീക്ഷണം
4. ടെലിപ്പതിയും ലേഡീവണ്ടറും
5. അരവിന്ദഘോഷും ഭവിഷത്ജ്ഞാനവും
6. പരേതാത്മാക്കളുമായി സംസാരിക്കാൻ കഴിയുമോ?
7. ധ്യാനവും ഇന്ദ്രിയാതീതജ്ഞാനവും
8. പുനർജന്മസ്മരണകൾ
9. ഭാഷാവരം
10. ദിവ്യദർശനം
11. മഷിനോട്ടം
12. യൂറിഗെല്ലറുടെ ദിവ്യശക്തി
13. ഇന്ദ്രിയാതീതജ്ഞാനവും
    ഫോട്ടോഗ്രഫിയും
14. പാരാസൈക്കോളജിയും ഇൻഡ്യയും
15. ഇന്ദ്രിയാതീത 'ജ്ഞാനി'കൾക്കെതിരെയുള്ള
    വെല്ലുവിളികൾ
16. പാരാസൈക്കോളജി—ഒരു കപടശാസ്ത്രം

# 1. ഇന്ദ്രിയാതീതജ്ഞാനവും പാരാസൈക്കോളജിയും

അടുത്തകാലത്തു് വളരെയേറെ ആളുകളുടെ ശ്രദ്ധ പിടിച്ചുപററിയ ഒരുപദമാണു് പാരാസൈക്കോളജി. ഇന്ദ്രിയാതീതജ്ഞാനം (EXTRA SENSORY PERCEPTION) ആണു് ഇതിൻെറ പ്രധാന പ്രവർത്തനമേഖല. ടെലിപ്പതി, ദൂരജ്ഞാനം, ഭവിഷതു്ജ്ഞാനം, ടെലീകിനീസിസ് എന്നിവയേപ്പററിയുള്ള പഠനം ഇതുൾക്കൊള്ളുന്നു.

പാരാസൈക്കോളജിയെ മന:ശാസ്ത്രത്തിൻെറ ഒരു ശാഖയായി ചിലർ കരുതുന്നുണ്ടെങ്കിലും അതുശരിയല്ല. ഇതൊരു ശാസ്ത്രമേയല്ലെന്നുള്ളതാണു് യാഥാർത്ഥ്യം. ജോത്സ്യം, ഹസ്തരേഖ, സാമുദ്രികാലക്ഷണം തുടങ്ങിയവയുടെ കൂട്ടത്തിൽ പെട്ട ഒരു കപടശാസ്ത്രമാണു് ഇതും. എങ്കിലും ചില പത്രവാർത്തകൾ യുക്തിവാദികളെപ്പോലും വഴിതെററിക്കാറുണ്ടു്. ഗവേഷണങ്ങൾ എന്നപേരിൽ പ്രചരിപ്പിക്കപ്പെടുന്ന മതപ്രചാരണസാഹിത്യവും സാധാരണക്കാരെ കുഴയ്ക്കാൻ പോന്നതാണു്. അവ കണ്ടിട്ടു് അതു സത്യമാണെന്നു കരുതി അതിനു ശാസ്ത്രീയവിശദീകരണം നൽകാൻ ചിലർ ശ്രമിച്ചുകാണുന്നു. അവരുടെ അറിവിനു വേണ്ടി ചില കാര്യങ്ങൾഇവിടെ വ്യക്തമാക്കേണ്ടിയിരിക്കുന്നു.

ആത്മീയമാദ്ധ്യമങ്ങളേയും ഇന്ദ്രിയാതീതപ്രതിഭാസങ്ങളേയും സംബന്ധിച്ചു് അമേരിക്കയിലും യൂറോപ്പിലുമുള്ള പല യൂണിവേഴ്സിററികളിലും കേന്ദ്രങ്ങളിലും ഗവേഷണം നടക്കുന്നുണ്ടു്. ഇത്തരം ഗവേഷണങ്ങൾ ഒരുകണ

ക്കിൽ ആവശ്യവും നല്ലതുമാണ്. ആത്മാവ്, കുട്ടിച്ചാത്തൻ, ഭൂതബാധ, പരകായപ്രവേശനം, പറക്കൽ, ആറാം മാറാട്ടം, ടെലിപ്പതി, ദിവ്യദൃഷ്ടി, അതീന്ദ്രിയശ്രവണം, ഭവിഷ്യദ്ജ്ഞാനം, ടെലികൈനെസിസ്, പുനർജന്മം, മന്ത്രശക്തി എന്നിവയിൽ പ്രാകൃതകാലംമുതൽതന്നെ മനുഷ്യർ അന്ധമായി വിശ്വസിച്ചിരുന്നു. പുസ്തകങ്ങൾ, വർത്തമാനപത്രങ്ങൾ, എന്നിവയിലൂടെ പുറത്തുവന്നിട്ടുള്ള നിരവധി കഥകളും വിവരണങ്ങളുംവഴി ഈ വിശ്വാസങ്ങൾ ശക്തിപ്രാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ സങ്കല്പങ്ങളിൽ എന്തെങ്കിലും സത്യമുണ്ടോ എന്നറിയുവാൻ ശാസ്ത്രീയമായ പരിശോധന കൂടിയേ കഴിയൂ. ആത്മാവാദം, ഇന്ദ്രിയാതീതാനുഭവങ്ങൾ എന്നിവയിലെന്നതുപോലെ ജ്യോത്സ്യം, കൈനോട്ടം, മന്ത്രവാദം, അനുഗ്രഹം, ശാപം, പ്രാത്ഥന, ബലി, പൂജ, തീർത്ഥാടനം, നൊയമ്പ് (വ്രതം), വഴിപാട്, കൂടാശ തുടങ്ങിയ എല്ലാത്തരം അന്ധവിശ്വാസങ്ങളേയും ആഭിചാരകർമ്മങ്ങളേയും സംബന്ധിച്ച് ഇത്തരം ഗവേഷണങ്ങൾ നടത്തണമെന്നാണ് എൻെറ അഭിപ്രായം. എങ്കിൽമാത്രമേ അവ സത്യമോ സങ്കല്പമോ എന്ന് ആളുകൾക്ക മനസ്സിലാവുകയുള്ളൂ.

ആത്മീയമാദ്ധ്യമങ്ങളേയും ഇന്ദ്രിയാതീതാനുഭൂതിയേയും സംബന്ധിച്ച് വളരെ വർഷക്കാലം ഗവേഷണം നടത്തിയിട്ടും ആത്മാവിൻെറ അസ്തിത്വമോ ചില വ്യക്തികൾക്കുണ്ടെന്നു പറയുന്ന അസാധാരണശക്തികളോ ഇതുവരെ തെളിയിക്കാൻ കഴിഞ്ഞിട്ടില്ല. ജ്യോത്സ്യം, ആത്മവാദം, കൈനോട്ടം, ഇന്ദ്രിയാതീതജ്ഞാനം, പുനർജന്മം, ബാധയൊഴിക്കൽ എന്നിവയെ സംബന്ധിക്കുന്ന നിരവധിഗ്രന്ഥങ്ങൾ ഏതു പബ്ളിക്‌ലൈബ്രറിയിലും കാണാം. പാരാസൈക്കോളജി, ആത്മവിദ്യ എന്നിവയിൽ ഗവേഷണം നടത്തുന്നവരാണെന്നു് അവകാശപ്പെടുന്ന ജെ. ബി. റൈൻ, വാട്‌ലികാരിംഗ്ടൺ, എസ്. ജി. സോയൽ, ജി. എൻ. എം. ടൈറൽ, ആർ. എച്ച്. തൗലസ്, എൻ. വി. പിയലി, ജെ. ഡബ്ളിയു ഡന്നെ, ഐ. സ്റ്റീവൻസൺ, ബി. വീസ്നെർ, സി. ഡി. ബ്രോഡ്. എൽ. വാസിലി

യേവ്, എച്ച്. എൻ. ബൊനർജി തുടങ്ങിയവരുടെ കൃതികൾ അവയിൽ ചിലതാണ്. പ്രഗത്ഭന്മാരായ പല ശാസ്ത്രജ്ഞന്മാരും, അശാസ്ത്രീയതയും നിഗമനങ്ങളിലെ തെറ്റുകളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഫാത്തിമായിലോ ലൂർദിലോ കന്യാമറിയം പ്രത്യക്ഷപ്പെട്ടു; റഷ്യയിലെ മൈഖലോവ്ന തൻെറ മനശ്ശക്തികൊണ്ടു് ക്ലോക്കിൻെറ പെൻഡുലം നിറുത്തി. തൻെറ വീടിനടുത്തു് പറക്കുംതളികയിൽ ഇറങ്ങിയ മററു ഗ്രഹങ്ങളിലെ മനുഷ്യരുമായി ആദംസ്മിത്ത് സംസാരിച്ചു. (ഏതു ഭാഷയിലാണാവോ?): സായിബാബ പുട്ടപർത്തിയിൽ സ്വന്തം ശരീരം വിട്ടിട്ടു് എറണാകുളത്തു് പ്രത്യക്ഷപ്പെട്ടു; തൃപ്രയാററിലെ തപസ്വിനി ഏഴു വർഷമായി ആഹാരമോ വെള്ളമോ കൂടാതെ ജീവിക്കുന്നു; ഷോറം ഹിററ്ലറുടെ അന്ത്യം നേരത്തെ പ്രവചിച്ചു. ജീൻഡിക്സൺ, ഗാന്ധിജിയും കെന്നഡിയും വധിക്കപ്പെടുമെന്നു മുൻകൂട്ടി പറഞ്ഞു; ഒരു യോഗി കൈപൊക്കി തീവണ്ടി നിറുത്തി—എന്നിങ്ങനെ ഒട്ടനവധി കെട്ടുകഥകളും വിവരണങ്ങളും ഇടയ്ക്കിടെ പത്രങ്ങളിൽ വരാറുണ്ടു്. അതിൽ ഏതെങ്കിലും വാർത്ത സത്യമാണെന്നു തെളിയിക്കപ്പെടുന്നതിനുമുമ്പ് അതിനെ സാധൂകരിക്കാൻ ശ്രമിക്കുന്നതു് ശാസ്ത്രത്തിൻെറ മാർഗ്ഗമല്ല. വിദഗ്ദ്ധാന്വേഷണത്തിൽ അതു സത്യമാണെന്നു തെളിഞ്ഞാൽ മാത്രമേ ശാസ്ത്രീയമായി അതിനൊരു വിശദീകരണം കാണേണ്ട ആവശ്യമുള്ളു. അന്ധവിശ്വാസികളായ പത്രറിപ്പോർട്ടറന്മാർ പ്രചരിപ്പിക്കുന്ന അബദ്ധങ്ങൾക്കു് ശാസ്ത്രീയവിശദീകരണം തേടിപ്പോകുന്നതു് കാളപെററന്നു കേട്ടാലുടനെ കയറെടുക്കുന്നതുപോലെയാണ്.

ഇന്ദ്രിയാതീതജ്ഞാനത്തെയും അഥവാ പാരാസൈക്കോളജിയേയും സംബന്ധിച്ചു് പ്രചാരത്തിലിരിക്കുന്ന വാദഗതികളും അവയെ സംബന്ധിക്കുന്ന നിരവധി കഥകളിൽ ചിലതും ഇവിടെ പരിശോധനാവിധേയമാക്കാമെന്നു കരുതുന്നു.

## 2. ഇന്ദ്രിയജ്ഞാനവും ഇന്ദ്രിയാതീത ജ്ഞാനവും

ഒരു ജീവിക്കു് അതിൻെറ ചുററുപാടുകളെപ്പററിയുണ്ടാകുന്ന ബോധത്തിനാണു് അനുഭൂതിയെന്നു പറയുന്നതു്. സാധാരണയായി അവ അഞ്ചുതരത്തിൽ പെടും. അതെല്ലാംതന്നെ ഉദ്ദീപന പ്രതിസ്പന്ദന മാതൃകയിലുള്ളതാണു്. മനുഷ്യരിലും വികാസംപ്രാപിച്ച ജീവികളിലും കാണപ്പെടുന്ന അഞ്ചു് ഇന്ദ്രിയാനുഭൂതികരം സ്പർശനം, ഘ്രാണണം, കാഴ്ച, രുചി, കേഴ്വി എന്നിവയാണു്. പ്രാവു്, തേനീച്ച, ദേശാന്തരഗമനം നടത്തുന്ന പക്ഷി, പട്ടി, ഉറുമ്പു്, നിശാശലഭം തുടങ്ങിയവയ്ക്കു് ദിക്ബോധം എന്ന ആറാമതൊരു ബോധേന്ദ്രിയം കൂടിയുണ്ടു്. മനുഷ്യനിലുള്ള അഞ്ചു് ഇന്ദ്രിയങ്ങരംപോലെ തന്നെ ദികബോധവും ഉദ്ദീപന പ്രതിസ്പന്ദന മാതൃകയിലുള്ളതാണെന്നു് പരീക്ഷണത്തിൽ തെളിഞ്ഞിട്ടുണ്ടു്.

പട്ടി, തേനീച്ച, എറുമ്പു്, നിശാശലഭം എന്നിവ അവയുടെ വളരെ വികാസംപ്രാപിച്ച ഘ്രാണേന്ദ്രിയത്തിൻെറ ശക്തികൊണ്ടു് വഴി കണ്ടുപിടിക്കുന്നു. നേരത്തേ പോയ ഒരു ഉറുമ്പിൻെറ വഴി മനസ്സിലാക്കി സഞ്ചരിക്കുവാൻ മററൊരു ഉറുമ്പിനു പ്രയാസമില്ല. നേതാവായ ഉറുമ്പു് അടിവയററിൽനിന്നും പുറത്തുവിട്ട ഒരു വസ്തുവിൻെറ മണത്തെ പിന്തുടർന്നാണു് അവ പോകുന്നതു്. പക്ഷികളുടെ കാര്യത്തിൽ അവയുടെ ദിക്ബോധത്തെ നിയന്ത്രിക്കുന്നതു് കാന്തിക ശക്തിയാണെന്നു് തെളിഞ്ഞിട്ടുണ്ടു്. പ്രാവിൻെറ തലയിൽ ചെറിയ ഒരു കാന്തം വെച്ചുപിടിപ്പിച്ചിട്ടു വിട്ടാൽ അതിനു് വീട്ടിൽ തിരിച്ചുവരാൻ കഴിയുകയില്ല.

## ഗൂഢതന്ത്രങ്ങൾ

താഴ്ന്ന നിലയിലുള്ള ജീവികളേപ്പോലെ പ്രാകൃതമനുഷ്യൻെറ മനസ്സ് അഞ്ച് ഇന്ദ്രിയങ്ങളും ഉരംകൊണ്ടിരുന്നില്ല. അവനു് അവൻെറ ഭാവിയെപ്പററി അറിയാനോ മിത്രങ്ങളും ശത്രുക്കളും തന്നെപ്പററി ചിന്തിക്കുന്നതെന്തെന്നു മനസ്സിലാക്കാനോ അവ പര്യാപ്തമായിരുന്നില്ല. പഞ്ചേന്ദ്രിയങ്ങരംകൊണ്ടു് അവനു മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങരം അറിയുവാനുള്ള ആഗ്രഹമാണ് പ്രാകൃതമനുഷ്യനെ ഗൂഢതന്ത്രങ്ങളിൽ തല്പരനാക്കിയത്. ഇതു് അവരുടെ ഇടയിലുള്ള സൂത്രക്കാരായ ചിലരുടെ ചെപ്പടിവിദ്യകളിൽ അവരെ കുടുക്കി. ദൈവങ്ങരം, ദേവതകരം ദൂരെയിരിക്കുന്നവരൊ, അടുത്തിരിക്കുന്നവരൊ, ജീവിച്ചിരിക്കുന്നവരൊ, മരിച്ചവരൊ ആയ മനുഷ്യരുടെ മനസ്സുകരം എന്നിവയിൽനിന്നു് വിവരങ്ങരം ശേഖരിക്കാനുള്ള അത്ഭുതകരമായ കഴിവുകരം തങ്ങരംക്കുണ്ടെന്നു് ഈ സൂത്രശാലികരം അവകാശപ്പെട്ടു. ഗൂഢതന്ത്രം അങ്ങനെ ലാഭകരമായ ഒരു തൊഴിലായിത്തീർന്നു.

പിൽക്കാലത്തു് ഈ ഗൂഢതന്ത്രങ്ങളാണ് മന്ത്രവാദം, പൗരോഹിത്യം, ക്ഷേത്രങ്ങരം എന്നിവയുടെ ഉത്ഭവത്തിനു കാരണമാക്കിയതു്. പുരാതന ഈജിപ്ററ്, ഗ്രീസ്, റോം തുടങ്ങിയ രാജ്യങ്ങളിൽ പ്രവചനങ്ങരംക്കും വെളിപാടുകരംക്കും ദൈവത്തിൻെറയോ ഗൂഢതന്ത്രക്കാരുടേയോ സഹായം സ്വീകരിക്കുക ഒരു പതിവായിരുന്നു. ഈ വെളിപാടുകളിൽ ഏററവും പ്രസിദ്ധമായതു് ഡെൽഫിയിലെ അപ്പോളോ ആണ്. ക്ലിയോപാട്രാ ഈ വെളിച്ചപ്പാടിൽ നിന്നു് സീസറുടെ വധം മുൻകൂട്ടി അറിഞ്ഞിരുന്നുവെന്നു് പറയപ്പെടുന്നു. അപ്പോളോക്കു് ബലി നൽകുമ്പോരം, പുരോഹിതന്മാരുടെ നാക്കുകരം വഴി അദ്ദേഹം മറുപടി നൽകിയിരുന്നു. ഈ വെളിച്ചപ്പാടിൻെറ സൽപ്പേരു് കളയാതിരിക്കുന്നതിനുവേണ്ടി പുരോഹിതന്മാർ ചോദ്യങ്ങരംക്കു നേരേ ഉത്തരം പറഞ്ഞിരുന്നില്ല. സംഭവത്തിനുശേഷം എങ്ങനെയും വ്യാ

ഖ്യാനിക്കാവുന്ന തരത്തിലാണ് അവർ വാക്കുകൾതന്ത്രപൂ ർവ്വം ഉപയോഗിച്ചിരുന്നതു്.

കററാഡിയന്മാർ, മഷിനോട്ടക്കാർ, ജ്യോത്സ്യന്മാർ, കൈനോട്ടക്കാർ, കാർഡുവായനക്കാർ, പ്രേതമാധ്യമക്കാർ, കപ്പറാലകൾ, പുരോഹിതന്മാർ, കോവിലുകൾ; ക്ഷേത്രങ്ങൾ, പള്ളികൾ, വിശുദ്ധ വസ്തുക്കൾ, വിശുദ്ധ സ്ഥലങ്ങൾ, വിശുദ്ധന്മാർ തുടങ്ങിയവയെല്ലാം പുരാതനകാലത്തെ വെളിപാടുകളുടേയും വെളിച്ചപ്പാടന്മാരുടെയും ആധുനികപതിപ്പുകളാണു്.

## ആത്മാവിനെ സംബന്ധിച്ച ഗവേഷണം

പ്രകൃത്യാതീതങ്ങളെ സംബന്ധിച്ചു് പരക്കെ നിലവിലുള്ള വിശ്വാസം, ഇംഗ്ലണ്ടിലെ ചില ശാസ്ത്രജ്ഞന്മാരെ പ്രേരിപ്പിച്ചു. ആത്മീയ പ്രതിഭാസങ്ങളെ സംബന്ധിച്ച ഗവേഷണം നടത്തുന്നതിനുവേണ്ടി ഒരു സ്ഥാപനം തുടങ്ങുവാൻ. അങ്ങനെയാണു് 1882–ൽ സൊസൈററി ഫോർ സൈക്കിക്കൽ റിസർച്ചു് (Society For Psychical Research) എന്ന സംഘടന സ്ഥാപിച്ചതു്. പ്രൊഫസർ ഹെൻറി സിഡ്ജ്‌വിക് അതിൻെറ ആദ്യത്തെ പ്രസിഡൻറുമായിരുന്നു. പിന്നീടു് അത്തരത്തിൽ ഒരു സംഘടന അമേരിക്കയിലും തുടങ്ങി. പ്രകൃത്യാതീത പ്രതിഭാസങ്ങളെപ്പററിയുള്ള അവകാശ വാദങ്ങളെപ്പററി പഠിക്കുകയും അവയെന്താണെന്നു മനസ്സിലാക്കുകയും വിശദീകരിക്കുകയും ചെയ്യുകയെന്നതായിരുന്നു ആ സംഘടനയുടെ ഉദ്ദേശം. ഈ രംഗത്തെ ആദ്യകാല ഗവേഷകരായ എഫ്. ഡബ്ല്യു. എച്ച്. മൈയേർസ്. എഡ്മണ്ട് ഗർണി, ഫ്രാങ്ക് പൊഡ്മോർ, എച്ച്. എഫ്. സാൾട്ട്മാർഷ്, ഒലിവർലോഡ്ജ്, ആർതർ കോനൺ ഡോയിൽ, ഹാരിപ്രൈസ്, എച്ച്. കാരിംഗ്ടൺ, മാഡം ബ്ലാവട്സ്ക്കി, റവ. ഡ്രൈയിററൺ തോമസു്, ജെ.ഡബ്ല്യു. ഡുണെ, ഹെൻറി സിഡ്ജ് വിക്, മാഡം സിഡ്ജ്‌വിക്, ചാററൽസ് ഹോപ്

പ്രഭൃ തുടങ്ങിയ അനേകം പേർ ആത്മീയ പ്രതിഭാസങ്ങളെന്നു കരുതപ്പെടുന്നതു പലതും യാഥാത്ഥമാണെന്നു സ്ഥാപിച്ചുകൊണ്ടു് നിരവധി പുസ്തകങ്ങൾ രചിച്ചിട്ടുണ്ടു്. ആത്മാവിനെ പ്രത്യക്ഷപ്പെടുത്തൽ, അഭൗമിക ശക്തികളെക്കൊണ്ടു് മേശയിൽ മുട്ടി ശബ്ദം കേൾപ്പിക്കൽ, പിശാചുബാധയുള്ള ഭവനങ്ങൾ, ആത്മാവിൻെറ ഫോട്ടോ, ചാത്തൻ; ആത്മാവിൻെറ എഴുത്തുകൾ, സാരൂപ്യ ശരീരരൂപങ്ങൾ, മായാരൂപങ്ങൾ, പ്രേതമാധ്യമം, പ്രേതസന്ദേശങ്ങൾ പ്രേതങ്ങൾ വരച്ച ചിത്രങ്ങൾ, ഭവിഷ്യദ്ജ്ഞാനം, ടെലിപ്പതി, ദൂരജ്ഞാനം, ടെലിക്കിനീസ്സ് (ഇന്ദ്രിയസ്പർശമോ സമ്പർക്കമോ കൂടാതെ ഒരു വിദൂരവസ്തുവിൽ ചലനമുണ്ടാക്കൽ) തുടങ്ങിയ ആത്മീയ പ്രതിഭാസങ്ങളെപ്പററി അവരുടെ പുസ്തകങ്ങളിൽ വിവരിച്ചിട്ടുണ്ടു്.

പക്ഷേ, പിൽക്കാലഗവേഷകരും ഇരുപതാംശതകത്തിലെ പ്രമുഖശാസ്ത്രജ്ഞന്മാരുമായ ഡബ്ളിയു. എച്ച്. സാൾട്ടർ, ട്രെവർഹാൾ, ആൻറണി ഫ്ളൂ, സെ്പൻ സർബ്രൌൺ, ജെ. ആർ. സ്റ്റർജ്, തിയഡോർ ബെസ്റ്റർമാൻ, റിച്ചാർഡ് ഹോഡ്ഗ്സൺ, എസ്. ജെ. ഡേവി, ഫ്രെഡ് ബാർലെ, ജെ. ബി. എസ്. ഹാൾഡേൻ, എച്ച്. കട്നർ, ബർട്രൻഡ് റസ്സൽ തുടങ്ങിയവർ ഈ ആദ്യകാലഎഴുത്തുകാരെ ഖണ്ഡിക്കുകയും കഠിനമായി വിമർശിക്കുകയും ചെയ്തിട്ടുണ്ടു്. തെററുകൾ പററാത്തവിധം ശരിയായ ഗവേഷണം നടത്താതെ പെട്ടെന്നു് തീരുമാനങ്ങളിലെത്തിയെന്നുള്ളതായിരുന്നു അവർ ചെയ്ത തെററു്. അവരുടെ വിശ്വാസങ്ങളെ ന്യായീകരിക്കുന്നതിനുവേണ്ടി പലരും പറഞ്ഞു കേട്ടതിനെ അമിതപ്രാധാന്യം നൽകി അവർ പകർത്തി. ഗവേഷകരുടെ മനസ്സിലുള്ളതിനു് ന്യായങ്ങൾ കണ്ടെത്തുന്നതിനുള്ള ശ്രമം ശാസ്ത്രത്തിൻേറതല്ല. എളുപ്പത്തിൽ കബളിപ്പിക്കപ്പെടാവുന്ന ഇത്തരം ഗവേഷകന്മാരെ വഴിതെററിക്കുന്നതിനു് വാർത്താമാധ്യമങ്ങളും ഒരു പങ്കു വഹിച്ചിട്ടുണ്ടു്.

എസ്. പി. ആറിലെ ആദ്യകാലഗവേഷകരിൽ

ഒരാളായ എച്ച്. കാരിംഗ്ടണിന്റെ താഴെകൊടുക്കുന്ന വാചകങ്ങൾ ഇവർ എത്രയെളുപ്പത്തിൽ കബളിപ്പിക്കപ്പെടാമെന്നുള്ളതിന്ന് തെളിവാണ്:—

''ഇൻഡ്യയിൽ പത്തുവർഷത്തോളം ജീവിച്ചയാളാണ്, ഈ എഴുത്തുകാരന്റെ പിതാവ്. ഉൾനാടുകളിൽ സംഭവിച്ച കാര്യങ്ങളെ സംബന്ധിച്ചുള്ള ഔദ്യോഗികവിവരങ്ങൾ കിട്ടുന്നതിന്ന് മണിക്കൂറുകൾക്കുമുമ്പ് ആ സംഭവം കഴിഞ്ഞ ഉടനേ നാട്ടുകാർ ചന്തകളിൽ അതേപ്പററി ചർച്ച ചെയ്യാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു. റേഡിയോയോ ടെലിഗ്രാഫോ ഉണ്ടാകുന്നതിന്നുമുമ്പുള്ള കാലത്താണിതു്. നരവർഗ്ഗശാസ്ത്രജ്ഞന്മാരിൽ പലരും ഇതു വിശ്വസിക്കുവാൻ മടിക്കുന്നുണ്ടെങ്കിലും, ഇൻഡ്യ സന്ദർശിച്ചിട്ടുള്ളവരിൽ മിക്കവർക്കും, ആ നാട്ടുകാർക്കു് അത്തരം കഴിവുണ്ടെന്ന് അവർ വിശ്വസിക്കുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ടു്.''

ഈ പ്രസ്താവനയിൽ എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ? ഈ കഥ എത്ര മറയത്തരമാണെന്ന് ഇൻഡ്യാക്കാർക്കു് അറിയാം. കിഴക്കൻ രാജ്യങ്ങളിൽ വന്നു് കുറച്ചുകാലം താമസിച്ചിട്ടുപോയ ചില യൂറോപ്യന്മാരുടെ ഇത്തരം വിഡ്ഢിത്തം നിറഞ്ഞ പ്രസ്താവനകളാണ് പൌരസ്ത്യരാജ്യങ്ങൾക്കു് പാശ്ചാത്യരാജ്യങ്ങളേക്കാൾ കൂടുതൽ ''ആത്മീയത'' ഉണ്ടെന്നുള്ള തെററായ വിശ്വാസം പ്രചരിക്കുവാൻ കാരണം. യഥാർത്ഥത്തിൽ പൌരസ്ത്യർ ഇക്കാര്യത്തിൽ കൂടുതൽ കപടനാട്യമുള്ളവരും ആത്മീയത കൂടുതലുണ്ടെന്നു കാണിക്കുവാൻ വേണ്ടി കൃത്രിമം കാണിക്കുന്നവരുമാണ്. നമ്മുടെ സാധുക്കളും സന്യാസിമാരും അത്തരം വഞ്ചനകളുടെ ജീവിക്കുന്ന സ്മാരകങ്ങളാണ്.

തിയോസഫിക്കൽ സൊസൈററിയുടെ സ്ഥാപകയായ മാഡം ബ്ലാവട്സ്കി 1884–ൽ ഇംഗ്ലണ്ടു് സന്ദർശിച്ചപ്പോൾ ഇൻഡ്യയിലെ ചില തിയോസഫിസ്റ്റുകൾ അവരുടെ ആത്മീയ രൂപം മററുള്ളവർക്കു കാണിച്ചുകൊടുത്തു എന്നു് എസ്. പി. ആദിന്റെ പ്രധാനപ്രവർത്തകരോടു പറഞ്ഞു. മാധ്യമങ്ങൾവഴി ഇവിടെ പ്രേതങ്ങൾ

പ്രത്യക്ഷപ്പെടാറുണ്ടെന്നും ടെലീകിനെററിക് പ്രതിഭാസങ്ങരം ഇവിടെയുണ്ടാകാറുണ്ടെന്നും കൂടി അവർ പറയുകയുണ്ടായി. അതേത്തുടർന്നു്, മി. റിച്ചാർഡ് ഹോഡ്ഗ്സണെ ഇതേപ്പററി സ്ഥലത്തുപോയി ഗവേഷണം നടത്തുന്നതിനു് എസ്. പി. ആർ നിയോഗിച്ചു. അദ്ദേഹം തിയോസഫിക്കാരുടെ വാദഗതികരംക്കെതിരായ റിപ്പോർട്ടുമായാണ് ഇംഗ്ലണ്ടിലേയ്ക്കു് മടങ്ങിയതു്. അതു അവസാനിപ്പിക്കുന്നതു് ഇങ്ങനെയാണ്:—

''തിയോസഫിക്കൽ സൊസൈററിയുമായി ബന്ധപ്പെടുത്തി പറയപ്പെടുന്ന ഇത്തരം പ്രതിഭാസങ്ങരം മുഴുവൻ കൃത്രിമങ്ങളാണ്. മാഡം ബ്ളാവട്സ്ക്കി, കൌലോബ്സിൻേറയും മററു പല നയവഞ്ചകന്മാരുടേയും സഹായത്തോടെയാണു് ഇതൊക്കെ ചെയ്യുന്നതു്. അവർ കാണിക്കുന്നതിൽ യഥാർത്ഥമായ ഒരൊററ ആത്മീയപ്രതിഭാസം പോലുമില്ല'' (പ്രൊസീഡിംഗ്സ്. എസ്. പി. ആർ, വാല്യം മൂന്നു്, പേജ്. 210)

'പ്രേതലേഖന' വിദ്യ, ചില സൂത്രങ്ങരം ഉപയോഗിച്ചു് ആർക്കും ചെയ്യാമെന്നും അതിൽ അത്ഭുതകരമായി എന്തെങ്കിലും വ്യാഖ്യാനിക്കപ്പെടുന്നതുപോലെ അവ്യാഖ്യേയങ്ങളായതൊന്നുമില്ലെന്നും എസ്. ജെ. ഡേവിയും റിച്ചാർഡ് ഹോഡ്ഗ്സണും തെളിയിച്ചു. ആത്മാവിൻെറ ഫോട്ടോയെടുക്കുന്ന സമ്പ്രദായത്തിൽ അന്തർഭവിച്ചിരിക്കുന്ന തട്ടിപ്പുകരം, ക്ഷണ്വിശ്വാസശീലർ തന്നെ അംഗീകരിക്കുന്ന ഫോട്ടോഗ്രാഫറുടെ കൃതിയിൽനിന്നു് ഉദ്ധരണികരം നൽകിക്കൊണ്ടു് ഫ്രെഡ് ബാർലോയും മേജർ ഡബ്ളിയു റാംപ്പിംഗും തുറന്നുകാട്ടി. (പ്രൊസീഡിംഗ്സ്, എസ്. പി. ആർ. വാല്യം, XLI)

എഫ്.ഡബ്യു. മയേർസിനോടൊപ്പം, ''ജീവികളുടെ മായാരൂപം'' (PHANTASMA, OF THE LIVING) എന്ന ഗ്രന്ഥത്തിൻെറ കർത്താക്കന്മാരും ആദ്യകാല എഴുത്തുകാരുമായ എഡ്മണ്ടു് ഗർണി ഫ്രാങ്ക് പോഡ്മോർ എന്നിവർ പിൽക്കാലത്തു് ആത്മാവിലുള്ള വിശ്വാസം ഉപേക്ഷിച്ചു എന്നു് പലർക്കും അറിഞ്ഞു

കൂടാ. ആത്മീയവാദത്തിലുള്ള അവരുടെ അവിശ്വാസം, പിൽക്കാലകൃതികളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. എസ്. പി. ആറിന്റെ പ്രഥമപ്രസിഡന്റായ ഹെൻറി സിഡ്ജ്വിക്കും അദ്ദേഹത്തിന്റെ പിൽക്കാലകൃതികളിൽ അഭിപ്രായം മാററിപ്പറഞ്ഞിട്ടുണ്ട്.

## ഇന്ദ്രിയാതീതജ്ഞാനം (ഇ. എസ്. പി)

വളരെ വർഷങ്ങളോളം എസ്. പി. ആറിന്റെ പ്രവർത്തനം, അനുഭവശേഖരണം, നിരീക്ഷണം എന്നീ നിലകളിൽതന്നെ നിന്നു. എന്നാൽ ഇരുപതാംശതകത്തിന്റെ രണ്ടാമത്തെ ചതുരംശത്തിൽ മാത്രമാണ് അവർ പരീക്ഷണഘട്ടത്തിലേക്ക് നീങ്ങിയത്. ഒരു ജീവശാസ്ത്രജ്ഞനായ ഡോ. ജെ. ബി. റൈൻ അദ്ദേഹത്തിന്റെ ഭാര്യ ഡോ. ലൂയിസാ ഈ റൈൻ, ഡോ. ഹെൽഗെ ലുൻഡോം എന്നിവരുടെ സഹകരണത്തോടുകൂടി ഉത്തരകരോലിനായിലെ ഡ്യൂക്ക് സർവ്വകലാശാലയിൽ ഇന്ദ്രിയാതീതജ്ഞാനത്തെപ്പററി ഗവേഷണം ആരംഭിച്ചു. ലോകപ്രസിദ്ധമനഃശാസ്ത്രജ്ഞനായ പ്രൊഫസർ വില്യം മക്ഡൌഗളിന്റെ കീഴിലായിരുന്നു ഈ ഗവേഷണം. ടെലിപ്പതി, ദൂരജ്ഞാനം, ഭവിഷ്യദ്ജ്ഞാനം, ടെലികിനീസിസ് തുടങ്ങിയവ ഇവരുടെ ഗവേഷണവിഷയങ്ങളിൽപ്പെട്ടിരുന്നു. പിന്നീട് ഡ്യൂക്ക് സർവ്വകലാശാലയിലെ പാരാസൈക്കോളജിവകുപ്പിന്റെ തലവനായി ഡോ. റൈൻ നിയമിതനായി.

''മനസ്സിന്റെ പുതിയ അതിരുകൾ'' (New Frontiers of Mind), മനസ്സിന്റെ വിശാലത (The Reach of Mind), ഇന്ദ്രിയാതീതജ്ഞാനം (Extra-sensory Perception), ആത്മഗവേഷണത്തിൽ എന്റെ മുപ്പതുവർഷം (My Thirty Years of Psychical Research), ടെലിപ്പതിയും മനുഷ്യവ്യക്തിത്വവും (Telepathy and Human Personality) തുടങ്ങിയ പുസ്തകങ്ങളിലും ജേർണൽ ഓഫ് പാരാസൈക്കോളജി

യിൽ എഴുതിയ നിരവധി ലേഖനങ്ങളിലും കൂടി അനുഗൃഹീതരായ ചില വ്യക്തികൾക്ക് ഇന്ദ്രിയാതീതശക്തികൾ ഉണ്ടെന്ന് സ്ഥാപിക്കാൻ ഡോക്ടർ റൈൻ ശ്രമിക്കുന്നു. പ്രകൃത്യാതീതശക്തികളിൽ വിശ്വസിക്കുന്ന ക്ഷണവിശ്വാസശീലർ ആനികാരികമെന്നനിലയിൽ അദ്ദേഹത്തെ ഉദ്ധരിക്കുകയും ചെയ്യുന്നു.

റൈനിന്റെ പരീക്ഷണങ്ങളിൽ ആകൃഷ്ടരായി, അമേരിക്കയിലും യൂറോപ്പിലുമുള്ള മുപ്പതു സർവ്വകലാശാലകൾ പാരാസൈക്കോളജിയെപ്പററി ഗവേഷണം ആരംഭിച്ചു. ഇതു് വാട്‌ലി കാരിംഗ്ടൺ, എസ്. ജി. സോൾ, ജി. എൻ. എം. ടൈറൽ, ആർ. എച്ച്. തൌളെസ്, എൻ. വി. പീയലെ, ജെ. ഡബ്ളിയു ഡുണെ, ഐ. സ്റ്റീവൻസൺ, ബി. വൈസ്നെർ, സി. ഡി. ബ്രോഡ് എന്നിവരും അടുത്തകാലത്തു് ലെനിൻഗ്രാഡ് യൂണിവേഴ്സിററിയിലെ പ്രൊഫസർ ലിയോനിദ് വാസിലിയേവും റൈനിനെ പിന്താങ്ങാൻ തുടങ്ങുന്നതിനുമുമ്പാണിതു്. ലോകത്തെങ്ങുമുള്ള ശാസ്ത്രജ്ഞന്മാരുടെയിടയിൽ ഈ അവകാശവാദങ്ങൾ താല്പര്യം സൃഷ്ടിച്ചു. ഇന്ദ്രിയാതീതജ്ഞാനത്തെപ്പററി ഗവേഷണം നടത്താൻ മററു പല ശാസ്ത്രജ്ഞന്മാരെയും ഇതു പ്രേരിപ്പിച്ചു.

## 3. അന്തർവാഹിനിയിലെ ടെലിപ്പതി പരീക്ഷണം

''പുതിയ ശാസ്ത്രം പമരങ്ഗിതജ്ഞാനികളെ പിന്താങ്ങുന്നു'' എന്ന പേരിൽ ലണ്ടനിലെ 'ഡെയിലിടെലിഗ്രാഫ്' എന്ന ഇംഗ്ളീഷ് പത്രത്തിൽ 1963 സെപ്ററംബർ 17–ാം തീയതി ലെസ്‌ലി മല്ലോറി ഒരു ലേഖനം എഴുതുകയുണ്ടായി. 'സ്ത്രീപുരുഷന്മാരെ ടെലിപ്പതിവഴി ഉറക്കുകയും നിശ്ചിത സമയത്തിനുശേഷം അതേ മാർഗ്ഗ

ത്തിലൂടെ അവരെ ഉണർത്തുകയും ചെയ്യാറുള്ള' ലിയോനിദ് വാസിലിയേവ് എന്ന റഷ്യൻ ശാസ്ത്രജ്ഞൻെറ അവകാശവാദങ്ങളെപ്പററിയാണ് അതിൽ പ്രധാനമായും പ്രതിപാദിച്ചിരിക്കുന്നത്. എന്നാൽ ഈ പ്രൊഫസർ യു. എസ്. ന്യൂക്ലിയർ അന്തർവാഹിനായ നൗടിലസിൽ (Nautilus)തന്നെ ഈ പരീക്ഷണം നടത്തുകയുണ്ടായത്രെ. ലണ്ടനിലെ 'സൈക്കോളജി' മാസികയിലും ഇത്തരം ഒരു ലേഖനം പ്രത്യക്ഷപ്പെടുകയുണ്ടായി.

അന്തർവാഹിനിയിലെ ഇ. എസ്. പി. പരീക്ഷണം ഇങ്ങനെയായിരുന്നു:

''അററ്ലാൻറിക് സമുദ്രത്തിൻെറ അഗാധതലങ്ങളിൽ പതിനാറു ദിവസത്തെ പര്യടനത്തിനു 1959 ജൂലൈ 25നു പുറപ്പെട്ട, അണുശക്തികൊണ്ടു പ്രവർത്തിക്കുന്ന നൌടിലസ് എന്ന അന്തർവാഹിനിയിൽ ഒരു അജ്ഞാത മനുഷ്യൻ കയറിയിരുന്നു, കപ്പലിൽ കയറിയ ഉടനെ അദ്ദേഹം ഒരു മുറിയിൽ കയറി വാതിലടച്ചു. അദ്ദേഹത്തിനു ഭക്ഷണം എത്തിച്ചുകൊടുത്തിരുന്ന ജോലിക്കാരനും ക്യാപ്ററൻ ആൻഡേഴ്സനും അദ്ദേഹത്തിൻെറ മുഖംപോലും കണ്ടിരുന്നില്ല. ദിവസത്തിൽ രണ്ടു പ്രാവശ്യം ഈ യാത്രക്കാരൻ ഒരു കടലാസു കഷണം ക്യാപ്ററൻ ആൻഡേഴ്സണെ ഏല്പിച്ചിരുന്നു. ഇ. എസ്. പിയെ സംബന്ധിച്ച പരീക്ഷണങ്ങളിൽ ഡോ. റൈൻ ഉപയോഗപ്പെടുത്തിയിരുന്ന ചീട്ടുകളിലേതുമാതിരിയുള്ള അടയാളങ്ങൾ ഉള്ളതായിരുന്നു അവ. യാത്രക്കാരനും ക്യാപ്ററനും ഒപ്പു വെച്ച ആ കടലാസു തുണ്ടുകൾ കവറിലിട്ട് ഒട്ടിച്ചു മുദ്രയും തീയതിയും വെച്ചതിനുശേഷം ഇങ്ങനെ കൂടി എഴുതി: അതിപ്രധാന രഹസ്യം പിടിക്കപ്പെട്ടാൽ ഉടൻ നശിപ്പിക്കണം. ഇത്രയും ചെയ്തതിനുശേഷം ഈ കവറുകൾ സേഫിനകത്തു വെച്ചു പൂട്ടി.

പതിനാറുദിവസം ഈ പരീക്ഷണം നീണ്ടുനിന്നു. ഈ സമയമത്രയും മുറിക്കു പുറത്തിറങ്ങാതെ ഡ്യൂക്ക് സർവ്വകലാശാലയിൽ മറെറാരു വ്യക്തിയും ഇരുന്നിരുന്നു. ഇ. എസ് പി. പരീക്ഷണങ്ങൾ കൊണ്ടു് ഡ്യൂക്ക് സർവ്വ

കലാശാലയ്ക്കു് അനശ്വരത നേടിക്കൊടുത്ത ജോസഫ് ബ്ലാ ങ്ക്സ് റൈനിന്റെ ശിഷ്യനായിരുന്നു ഇദ്ദേഹം. ആയി രക്കണക്കിനു കാർഡുകളിട്ടു കശക്കിക്കൊണ്ടിരുന്ന ഒരു യ ന്ത്രത്തിനുമുമ്പിൽ ദിവസം രണ്ടു പ്രാവശ്യംവീതം സ്മിത്തു് ഇരുന്നു. യന്ത്രവീപ്പയ്ക്കകത്തുകിടന്നു കറങ്ങിക്കൊണ്ടിരുന്ന കാർഡുകളിൽ കുരിശു്, നക്ഷത്രം, വൃത്തം, ചതുരം, തരംഗരേഖ തുടങ്ങി പല അടയാളങ്ങളും ഉണ്ടായിരുന്നു. മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിരുന്ന രണ്ടു സമയങ്ങളിൽ അ തിൽനിന്നും ഏതെങ്കിലും രണ്ടു കാർഡുകൾ പുറത്തുചാടും. ആ സമയം സ്മിത്തു് തന്റെ ശ്രദ്ധമുഴുവൻ കാർഡിൽ പ തിപ്പിച്ചു് ഏകാഗ്രതയോടെ ഇരിക്കും. ഈ സമയം 1200 മൈലുകലെ, സമുദ്രനിരപ്പിൽനിന്നു് നൂറുകണക്കിനടി താഴെ നോട്ടിലസിൽ ഇരിക്കുന്ന രഹസ്യ യാത്രക്കാരനാ യ ലഫ്റ്റനന്റ് ജോൺസ് ഏതു കാർഡിലാണ് സ്മി ത്തു് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതെന്നു് ഊഹിക്കാൻ ശ്രമിക്കും. അദ്ദേഹം ഫലം അടയാളപ്പെടുത്തി ഒപ്പി ട്ടു് ക്യാപ്റ്റൻ ആൻഡേഴ്സനെ ഏല്പിക്കും. അദ്ദേഹം കൌണ്ടർസൈൻ ചെയ്തു് മുദ്രവെച്ചു് സൂക്ഷിക്കുകയും ചെയ്യുകയായിരുന്നു പതിവു്.

1959 ആഗസ്റ്റ് 10–ാം തീയതി തിങ്കളാഴ്ച അന്തർ വാഹിനി ക്രോയിടണിൽ അടുത്തു. ലഫ്റ്റനന്റു് ജോൺ സൺ ഒരു ഔദ്യോഗിക കാറിൽ പട്ടാള അകമ്പടിയോടെ അടുത്ത വിമാനത്താവളത്തിലേക്കുപോയി. ഏതാനും മ ണിക്കൂറുകൾക്കുശേഷം അദ്ദേഹത്തേയും വഹിച്ചുകൊണ്ടു ള്ള വിമാനം മേരിലാൻഡിൽ ഇറങ്ങി. അവിടെ ഒരു വാ ഹനം അദ്ദേഹത്തെ കാത്തു് തയ്യാറായി നിൽക്കുന്നുണ്ടാ യിരുന്നു. ''വെസ്റ്റിംഗ് ഹൌസ് സ്പെഷ്യൽ റിസർ ച്ചു സെന്റർ. അനധികൃത പ്രവേശനം അനുവദനീയമ ല്ല'' എന്നു് ബോർഡു് വെച്ചിട്ടുള്ള കെട്ടിടത്തിന്റെ മു മ്പിൽ കാർ നിന്നു. യു. എസ്. എ. എഫ് റിസർച്ചു് ഓഫീസിലെ കേണൽ വില്യം ബൊവേഴ്സിനെ കാ ണണമെന്നു് യാത്രക്കാരൻ ആവശ്യപ്പെട്ടു. കേണൽ ബൊവേഴ്സ് ഓഫീസിൽ അദ്ദേഹത്തെ കാത്തിരിക്കു കയായിരുന്നു

''ഇരിക്കൂ, ലഫ്ററനൻറ് ജോൺസൺ'' അദ്ദേഹം പറഞ്ഞു: നിങ്ങളുടെ കൈയിൽ ആ കവറുകളുണ്ടോ?

ജോൺസൺ ആ കവറുകൾ കേണലിനെ ഏല്പിച്ചു. അദ്ദേഹം അതുമായി സേഫിനടുത്തേക്കുപോയി. മുദ്രയൊഴിച്ച് ആ കവറുകൾ തമ്മിൽ വ്യത്യാസമൊന്നുമുണ്ടായിരുന്നില്ല. ''റിസർച്ച സെൻറർ''X, ഫ്രണ്ട്ഷിപ്പ്, മേരിലാൻഡ്'' എന്നു് അവയിൽ രേഖപ്പെടുത്തിയിരുന്നു.

കേണൽ ബൊവേഴ്സ് രണ്ടുകവറുകളും പൊട്ടിച്ച് അതിൽനിന്നു് സീൽവെച്ച് സൂക്ഷിച്ചിരുന്ന ചെറിയ കവറുകൾ പുറത്തെടുത്തു. ഒരേ തീയതിയിലുള്ളവ അവർ രണ്ടുപേരുംകൂടി തിരഞ്ഞെടുത്തു. എന്നിട്ട് അവർ അവരെ താരതമ്യപ്പെടുത്തി. അത്ഭുതമെന്നുപറയട്ടെ, അവതമ്മിൽ 70 ശതമാനത്തിലധികം സാമ്യമുള്ളതായി കാണപ്പെട്ടു എന്നുമാത്രമല്ല, ഒരേതീയതിയിലുള്ള രണ്ടുകാർഡുകളിൽ ഒരേ രീതിയിൽത്തന്നെ അടയാളങ്ങൾ രേഖപ്പെടുത്തി കാണുകയും ചെയ്തു.

''ചരിത്രത്തിൻെറ ഒരു വഴിത്തിരിവിലെത്തി നിൽക്കുകയാണ് നാമിപ്പോൾ'' കേണൽ ബോവേഴ്സ് പറഞ്ഞു. 'ആദ്യമായി യാതൊരു തട്ടിപ്പുകൾക്കും പഴുതു ലഭിക്കാത്ത സാഹചര്യത്തിൽ, പ്രായോഗികമാക്കാൻ കഴിയുന്ന വിധത്തിൽ യാതൊരു മാധ്യമങ്ങളുടേയും സഹായംകൂടാതെ മനുഷ്യൻെറ ചിന്ത ഒരു മസ്തിഷ്ക്കത്തിൽ നിന്നും മററൊരു മസ്തിഷ്ക്കത്തിലേയ്ക്കു് സ്പേസിലൂടെ വിക്ഷേപണം ചെയ്യുന്നതിൽ നാം വിജയിച്ചിരിക്കുന്നു. അന്തർവാഹിനികളുമായി ആശയവിനിമയം നടത്തുന്നതിനും ഒരു പുതിയമാർഗ്ഗം നമുക്ക് ലഭിച്ചിരിക്കുന്നു.''

പാരാസൈക്കോളജി (ഇ. എസ്. പി.) യേപ്പററിയുള്ള പഠനം അങ്ങനെ ഒരു ശാസ്ത്രീയഘട്ടത്തിൽ പ്രവേശിച്ചിരിക്കുന്നു.

വളരെ പ്രചരണം നൽകപ്പെട്ട ഈ കഥ ആദ്യം പ്രത്യക്ഷപ്പെട്ടതു് ഒരു ഫ്രഞ്ച്ബെസ്റ്റ്സെല്ലറായ 'ലെമാർട്ടിൻ ദെസ് മഗീസിയെൻസി' (Le Martin Des Magiciens) ലാണ്. ലൂയിസ് പൌവ്വൽസും ജാകാസ്

ബെർജിയറും കൂടി എഴുതിയ ഈ ലേഖനം സംഗ്രഹിച്ച് 1963 സെപ്റ്റംബർ 8-ാം തീയതി അമേരിക്കയിലെ 'ദിസ് വീക്' (This Week) പ്രസിദ്ധീകരിക്കുകയുണ്ടായി. മി. മല്ലോറിയും മററു ചില ഇംഗ്ളീഷ്പത്രപ്രവർത്തകരും ചെയ്തതിൽനിന്നും വ്യത്യസ്തമായി 'ദിസ് വീക്ക്' ഒരു സ്വകാര്യ അന്വേഷണം ഇതേപ്പററി നടത്തി.

അവരുടെ ലേഖനത്തിന് ആധാരമായ ലേഖനത്തിൻെറ കർത്താക്കളായ പൌവൽസിനോടും ബെർജിയറിനോടും ഈ കഥയ്ക്ക് തെളിവു നൽകാമോ എന്നാണ് ആദ്യം ചോദിച്ചത്. കേട്ടുകേഴ്വിയെ ആധാരമാക്കിയാണ് അവർ എഴുതിയതെന്നും അതു സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ലെന്നും അവർ പറഞ്ഞു. മാത്രമല്ല, അവർ കഥയ്ക്ക് സ്വന്തമായ നിറം കൊടുക്കുകയും ചെയ്തു. ''അതൊരു ആററമിക് അന്തർവാഹിനിതന്നെ ആയിരിക്കണമെന്നില്ല'' ദിസ്‌വീക്കിന് പൌവൽസ് എഴുതി: ''പക്ഷേ, നൌടിലസ് എന്ന പേരു് ഫ്രഞ്ചുജനതയ്ക്ക് പരിചിതമായതുകൊണ്ട് ഞങ്ങൾ ആ പേരു് സ്വീകരിച്ചു എന്നേയുള്ളു.''

നൌടിലസിൻെറ ക്യാപ്ററനും ഇപ്പോൾ അമേരിക്കൻ നേവിയിൽനിന്നു പെൻഷൻപററി പിരിഞ്ഞു കഴിയുന്നയാളുമായ ക്യാപ്ററൻ വില്യം ആർ ആൻഡേഴ്സനെയും ഈ ലേഖനം 'ദിസ് വീക്ക്' കാണിച്ചുകൊടുത്തു. അതിനെപ്പററി അദ്ദേഹത്തിൻെറ പ്രതികരണം ഇപ്രകാരമായിരുന്നു:--

''നൌടിലസ് അനേകതരത്തിലുള്ള പരീക്ഷണപരിപാടികളുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിലും ടെലിപ്പതിയേപ്പററി യാതൊരു പരീക്ഷണത്തിലും അതേർപ്പെട്ടിട്ടില്ല. പൌവൽസിൻെറയും ബെർജിയറുടേയും റിപ്പോർട്ടു് മുഴുവൻ തെററാണ്, സത്യം പറഞ്ഞാൽ കഥ നടന്നുവെന്നു പറയുന്ന സമയത്തു് നൌടിലസ് അററകുററപണികൾക്കായി പോർട്സ് മൌത്ത് കപ്പൽ നിർമ്മാണ കേന്ദ്രത്തിൽ കയററിയിട്ടിരിക്കുകയായിരുന്നു.''

ഇതിനേക്കാ൦ രസകരമായ വസ്തുത അക്കാലത്തു് നൌടിലസിന്റെ ക്യാപ്റ്ററൻ ആൻഡേഴ്സൺ ആയിരുന്നില്ലെന്നുള്ളതാണ്. കമാൻഡർ ലാൻഡൊ ഡബ്ളിയുസെക് ജൂണിയർ ആയിരുന്നു അപ്പോഴത്തെ ക്യാപ്ററൻ.

യു. എസ്. എയർഫോഴ്സിലെ കേണൽ വില്യം ബൊവേഴ്സ് പരീക്ഷണത്തിൽ പങ്കെടുത്തു എന്നും ''ചരിത്രത്തിലെ ഒരു വഴിത്തിരിവാണിതെന്നു്'' അദ്ദേഹം പറഞ്ഞു എന്നും ലേഖനത്തിൽ പറയുന്നുണ്ടല്ലോ. അദ്ദേഹത്തെയും ''ദിസ്വീക്'' കാണുകയുണ്ടായി. അദ്ദേഹത്തിന്റെ പരാമർശനം ഇപ്രകാരമായിരുന്നു:—

''ഞാൻ പങ്കെടുത്തു എന്നു പറയുന്ന ഈ പരീക്ഷണം ഒരിക്കലും നടന്നിട്ടില്ല. വെസ്റ്റിംഗ്ഹൌസ് ലാബറട്ടറിയിലേയ്ക്കു് ഒരാവശ്യത്തിനും ഞാൻ പോയിട്ടുമില്ല. 1959 ജൂലൈ 25—ാം തീയതി അലബാമയിലെ മാക്സ് വെൽ എയർഫോഴ്സ് ബ്ലോക്കിലുള്ള എയർയൂണിവേഴ്സിററിയിൽ ചില ഔദ്യോഗിക ജോലികളിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അതാകട്ടെ ഒരുവിധത്തിലും ഇന്ദ്രിയാതീതജ്ഞാനവുമായി ബന്ധപ്പെട്ടതും ആയിരുന്നില്ല.

നൌടിലസ് ഇ. എസ്. പി കഥ ശുദ്ധ കളവാണെന്നു് ''ദിസ്വീക്'' തെളിയിച്ചു. എങ്കിലും ഈ കള്ളക്കഥ കുറേക്കാലം പ്രചരിച്ചിരുന്നു.

## 4. ടെലിപ്പതിയും ലേഡീവണ്ടറും

അമേരിക്കയിലെ റിച്ച്മണ്ടിൽ മിസ്സിസ് സി. ഡി. ഫോണ്ടാ എന്ന വനിതയ്ക്കു് അത്ഭുതശക്തിയുള്ള ഒരു കുതിരയുണ്ടായിരുന്നു. 'ലേഡീവണ്ടർ' (Lady Wonder) എന്നറിയപ്പെട്ടിരുന്ന ആ കുതിര മനുഷ്യരുടെ

ചോദ്യങ്ങൾ മനസ്സിലാക്കുകയും ഉത്തരം പറയുകയും ചെയ്യുമെന്നു് അന്നു് പത്രങ്ങളിൽ വാർത്തകൾ വന്നു. 1929–ൽ 'ജേർണൽ ഓഫ് അബ്‌നോർമൽ ആൻറ് സോഷ്യൽ സൈക്കോളജി' എന്ന മാസികയിൽ (Vol 23, pp 449–466) ഡ്യൂക്ക് യൂണിവേഴ്‌സിററിയിലെ ഡോ. ജെ ബി. റൈനും പത്നി ഡോ. ലൂസിയാ റൈനും കൂടി ആ കുതിരയുടെ അത്ഭുതശക്തിയെപ്പററി ഒരു ലേഖനം എഴുതി. അതോടുകൂടി ലേഡീവണ്ടർ ലോകപ്രസിദ്ധയായിത്തീൎന്നു. ആ ലേഖനത്തിൽനിന്നു് ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:

'ഇവിടെ വിവരിക്കപ്പെടുന്ന പരീക്ഷണത്തിനു വിധേയയായ ലേഡീവണ്ടർ എന്നറിയപ്പെടുന്ന മൂന്നു വയസ്സുള്ള കുതിര, വിർജീനിയായിലെ റിച്ച്മണ്ടിൽ മിസ്സസ് സി. ഡി. ഫോണ്ടായുടേതാണ്. ആരുടേയും നിർദ്ദേശം കൂടാതെതന്നെ ഭാവികാര്യങ്ങൾ പ്രവചിക്കാനും ചെറിയ ഗണിത പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനും ചോദ്യങ്ങൾക്കു ബുദ്ധിപൂർവ്വമായി ഉത്തരം നല്കാനും ഈ കുതിരയ്ക്കു കഴിയും എന്നുള്ള റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ് ഞങ്ങൾ പരീക്ഷണത്തിനു മുതിർന്നതു്.

'1927 ഡിസംബർ 3–ാം തീയതിയാണ് ഞങ്ങൾ പരീക്ഷണം ആരംഭിച്ചതു്. 1928 ജനുവരി 15–നകം ആറുദിവസങ്ങൾ ഈ പരീക്ഷണത്തിനു് ഞങ്ങൾ ചെലവഴിച്ചു. മിസ്സസ് ഫോണ്ടായുടെ വീട്ടിൽ ഒൻപതടി വീതിയും പന്ത്രണ്ടടി നീളവുമുള്ള ഒരു ടെൻറിൽവച്ചാണ് പരീക്ഷണം നടത്തിയതു്. രണ്ടു ദിവസം പ്രൊഫസർ വില്യം മക്‌ഡൂഗാളും ഒരു ദിവസം ഡിട്രോയിററ് സ്കൂളിലെ അസിസ്റ്റൻറ് സൂപ്രണ്ടു് ജോൺ എഫ്. തോമസും ഞങ്ങളുടെ പരീക്ഷണത്തിൽ പങ്കെടുത്തിരുന്നു.

'മനുഷ്യരുടെ ചോദ്യങ്ങൾക്കു ലേഡീവണ്ടർ ഉത്തരം പറയുന്നതു് നമുക്കു മനസ്സിലാക്കാനാകാത്ത ടെലിപ്പതിക് മാർഗ്ഗത്തിലൂടെ മനസ്സിലുള്ള കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയുന്നതുകൊണ്ടാണ്. ഈ പരീക്ഷണത്തിൽ

ഒരിക്കൽപോലും ലേഡീവണ്ടർ പരാജയപ്പെട്ടിട്ടില്ല. മ റെറാരു സിദ്ധാന്തത്തിനും ഈ കഴിവ് വിശദീകരിക്കു വാൻ കഴിയുകയില്ല.'

ഡ്യൂക്ക യൂണിവേഴ്സിററിയിലെ മനശാസ്ത്രവകുപ്പി ലെ ഗവേഷകന്മാരുടെ പരീക്ഷണ ഫലമായി മിസ്സസ് ഫോണ്ടായുടെ കുതിരയ്ക്കു് പരഹൃദയജ്ഞാനം ഉണ്ടെന്നു തെളിഞ്ഞു എന്നാണല്ലോ ഇതിൻെറ ചുരുക്കം. 'ലൈ ഫ്'' മാസിക ഉൾപ്പെടെ ലോകത്തിലെ പല പ്രധാന പത്രങ്ങളും ഈ വാർത്തയ്ക്കു് വലിയ പ്രധാന്യം നല്കി പ്രസിദ്ധീകരിച്ചു. 'ചാലഞ്ച്'' (Challenge) മാസിക യിൽ വന്ന ഒരു റിപ്പോർട്ടിൽ, വധിക്കപ്പെട്ട ഒരു കുട്ടി യുടെ ശവം കണ്ടുപിടിക്കാൻ ഈ കുതിര സഹായിച്ച ക ഥ വർണ്ണിച്ചിരുന്നു. റിച്ച്മണ്ടിലെ 'ന്യൂസ്‌ലീഡർ' പത്രം ഈ കുതിരയുടെ അത്ഭുതകരമായ കഴിവിനെപ്പ ററി ഉദാഹരണങ്ങൾസഹിതം അനേകം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഫ്രാങ്ക്ളിൻ ഡി. റൂസ്‌വെൽ ററ് അമേരിക്കൻ പ്രസിഡണ്ട് സ്ഥാനത്തേക്കു മത്സരി ച്ചപ്പോൾ അദ്ദേഹം ജയിക്കുമെന്നു് ഈ കുതിര പ്രവ ചിച്ചുവത്രേ. ട്രൂമനും തോമസ് ഡ്യൂയിയും തമ്മിൽ മ ത്സരിച്ചപ്പോൾ ഡ്യൂയി പരാജയപ്പെടുമെന്നു് ലേഡീവ ണ്ടർ ആർക്കോ മറുപടി കൊടുത്തു. ഹെവിവെയിററ് ചാമ്പ്യൻഷിപ്പ മത്സരത്തിൽ ജെനിടണ്ണി, ജാക്ക്ഡെ ബ്സിയെ തോല്പിക്കുമെന്നും മുൻകൂട്ടി പറയാൻ ഇ തിനു കഴിഞ്ഞു! ഇതിനൊക്കെ പുറമേ മോഷ്ടിക്കപ്പെ ട്ട വസ്തുക്കൾ കണ്ടുപിടിക്കുവാനും കാണാതായ മനുഷ്യരു ടെ ശവം വീണ്ടെടുക്കാനും ലേഡീവണ്ടർ പലപ്പോഴും പോലീസിനെ സഹായിക്കുകയും ചെയ്തിരുന്നു! ഡോ ക്ടർ റൈൻ അവിടെച്ചെന്നു പരീക്ഷണം നടത്തിയതി നുശേഷം ഒന്നരലക്ഷത്തില്പരമാളുകൾ അവിടെയെ ത്തി കുതിരയിൽനിന്നും പ്രശ്നപരിഹാരം നേടിയെ ന്നാണ് കണക്കാക്കപ്പെടുന്നതു്.

ലേഡീവണ്ടറിനെപ്പററിയുള്ള അത്ഭുതവാർത്തകൾ കേട്ടപ്പോൾ ന്യൂജേർസിയിലെ ഒരു പ്രൊഫസറായ

ജോൺസ്കാർനേക്കു ഇതൊന്നു പരീക്ഷണവിധേയമാക്കണമെന്നു തോന്നി. റിച്ച്മണ്ടിലെ മെൻസ്ക്ലബ്ബിൻെറ ചെയർമാനായ ഡൊണാൾഡ് ഗ്രേയുമൊത്ത് അദ്ദേഹം ഒരു വൈകുന്നേരം മിസ്സസ് ഫോണ്ടായുടെ വീട്ടിലെത്തി. അപ്പോഴും ധാരാളമാളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. തിരക്കു കുറയുന്നതിനുവേണ്ടി അവർ കാത്തിരുന്നു. അവസാനം അവരും ടെൻറിൽ കയറി. യൂണിഫോമിട്ട ഉയർന്ന ഒരു പോലീസ് ഓഫീസറും മിസ്സസ് ഫോണ്ടായും കുതിരയും മാത്രമേ അവിടെ അപ്പോൾ ഉണ്ടായിരുന്നുള്ളു.

ഇംഗ്ലീഷ്അക്ഷരങ്ങൾ വരിവരിയായി കൊത്തിവച്ചിട്ടുള്ള ഒരു മേശയുടെ മുൻപിലാണ് ലേഡീവണ്ടർ എന്ന കുതിര നിന്നിരുന്നത്. മനസ്സിൽ ഉരികുന്നതു ടെലിപ്പതിക്ശക്തിമൂലം അറിഞ്ഞതിനുശേഷം ലേഡീവണ്ടർ മൂക്കുകൊണ്ട് ഓരോ അക്ഷരങ്ങളിൽ തൊടുമെന്നും ആ അക്ഷരങ്ങൾ കൂട്ടിവായിച്ചാൽ ഉത്തരമാകുമെന്നും മിസ്സസ് ഫോണ്ടാ പറഞ്ഞു.

സ്കാർനേസ്സുമുമ്പു ചെന്ന പോലീസ് ഓഫീസർ ഒരു ബാങ്കുകൊള്ളയെ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിനു് ഷിക്കാഗോയിൽനിന്നും വന്നതായിരുന്നു.

'മഹതീ, ഞാൻ വന്നതെന്തിനാണെന്ന് അറിയാമോ?—പോലീസ് ഓഫീസർ കുതിരയോടു ചോദിച്ചു. ഇതിൽ തനിക്കൊരു പങ്കുമില്ല എന്ന മട്ടിൽ മിസിസ്സ് ഫോണ്ടാ കുതിരയുടെ പുറകിലേയ്ക്കു മാറി. കുതിര മേശയിലുള്ള Y. E. S എന്നീ അക്ഷരങ്ങളിൽ യഥാക്രമം മൂക്കു മുട്ടിച്ചു.

'ഞാൻ ഇക്കാര്യത്തിൽ എന്തുചെയ്യണം?' വികാരഭരിതനായി പോലീസ് ഓഫീസർ ചോദിച്ചു. കുതിര അക്ഷരങ്ങളുടെ മുകളിലേയ്ക്കു തല കൊണ്ടുചെന്നു. W. O. R. K എന്നീ അക്ഷരങ്ങളിൽ യഥാക്രമം അതു മൂക്കുമുട്ടിച്ചു.

'ലേഡീവണ്ടർ, ഞാൻ പല ചോദ്യങ്ങൾ ചോദിക്കുന്നതു ക്ഷമിക്കണം'— പോലീസ് ഓഫീസർ യാച

നാസാഗ്രത്തിൽ തുടർന്നു: 'ആ കൊള്ളക്കാരൻ ഇപ്പോൾ എവിടെയാണ്?'

കുതിര തിരിഞ്ഞു് C. H. I എന്നീ അക്ഷരങ്ങളിൽ തൊട്ടു. CHICAGO (ഷിക്കാഗോ) എന്ന സ്ഥലപ്പേരാണ് സൂചിപ്പിക്കുന്നതെന്നു് അദ്ദേഹത്തിനു തോന്നി.

'വലിയ ഉപകാരം. ഇതെന്റെ ജോലി വളരെ ലഘൂപ്പെടുത്തിയിരിക്കുന്നു.' ഓഫീസർ ലേഡീവണ്ടറിനു നന്ദിപറഞ്ഞിട്ടു് പോയി.

മിസ്സിസ്സ് ഫോണ്ടാ ഈ സമയം പ്രൊഫസർ സ്കാർനെയോടു ചോദ്യങ്ങൾ ചോദിച്ചുകൊള്ളാൻ പറഞ്ഞു.

'ഞാൻ എങ്ങനെയാണ് ഇവിടെ വന്നതു്?'

ലേഡീവണ്ടർ തല ഉയർത്തി. ഏതാനും സെക്കന്റുകൾക്കുശേഷം C. A. R എന്നീ മൂന്നക്ഷരങ്ങളിൽ അതു് മൂക്കു മുട്ടിച്ചു.

'ഞാൻ കാറിലാണു് വന്നതെന്നു് ലേഡീവണ്ടർ പറഞ്ഞതു് അത്ഭുതകരമായിരിക്കുന്നു.'—സ്കാർനെ പറഞ്ഞു. 'പക്ഷേ, എനിക്കൊരു ചോദ്യമുണ്ടു്, ഞാനതു പറയാതെതന്നെ ടെലിപ്പതിക് രീതിയിൽ അതു മനസ്സിലാക്കി ഉത്തരം പറഞ്ഞാൽ കൊള്ളാം,'

മിസ്സിസ് ഫോണ്ടാ അല്പം ശങ്കിച്ചുനിന്നു. എന്നിട്ടു് ഒരു കടലാസെടുത്തു് കൈയിൽ കൊടുത്തിട്ടു് പറഞ്ഞു:—'നിങ്ങളുടെ ചോദ്യം ഇതിൽ എഴുതുക. ലേഡീവണ്ടർ അതു കാണേണ്ട.'

സ്കാർനെ ചോദ്യം എഴുതി. പക്ഷേ, മിസ്സിസ് ഫോണ്ടാ കാണാത്തവിധം മറച്ചുപിടിച്ചാണു് അദ്ദേഹം എഴുതിയതു്. മിസ്സിസ് ഫോണ്ടായുടെ മുഖം വിളറിയതു് സ്കാർനെ കാണാതിരുന്നില്ല. ധൈര്യം വിടാതെ അവർ കുതിരയോടു് ഉത്തരം പറയാൻ ആവശ്യപ്പെട്ടു. കുതിര അക്ഷരങ്ങളുടെ മുകളിൽ തല കൊണ്ടുചെന്നെങ്കിലും ഒന്നിലും സ്പർശിച്ചില്ല. സ്കാർനെയ്ക്കു് കാര്യം വ്യക്തമായി. അദ്ദേഹം ഗ്രേയോടു് വർത്തമാനം പറയാനെന്ന

മട്ടിൽ തിരിഞ്ഞു. മിസ്സിസ് ഫോണ്ടായ്ക്കു് വായിക്കത്തക്കവിധം അദ്ദേഹം കടലാസ് അവരുടെ നേരെ തിരിച്ചാണ് പിടിച്ചിരുന്നതു്.

'എന്റെ താമസം എവിടെയാണു്?'—ഇതായിരുന്നു ചോദ്യം.

മിസ്സിസ് ഫോണ്ടാ ചോദ്യം വായിച്ചിട്ട് പതുക്കെ പുറകോട്ടുമാറി. ലേഡീവണ്ടർ വീണ്ടും തല ചലിപ്പിച്ചു. N·E·W·Y·O·R·K (ന്യൂയോർക്കു്) എന്നീ അക്ഷരങ്ങളിൽ ഒന്നൊന്നായി അതു് മൂക്കമുട്ടിച്ചു.

'അത്ഭുതകരം'—സ്കാർനെ പറഞ്ഞു. 'ഞാൻ ന്യൂയോർക്കിലാണ് താമസിക്കുന്നതെന്നും ലേഡീവണ്ടർ മനസ്സിലാക്കിയല്ലോ.'

വാസ്തവത്തിൽ സ്കാർനെ ന്യൂജേർസിയിലാണ് താമസിക്കുന്നതു്. പക്ഷേ, അദ്ദേഹം നൽകിയ വിസിററിംഗ് കാർഡിൽ ന്യൂയോർക്കു് എന്നാണ് എഴുതിയിരുന്നതു് മിസ്സിസ് ഫോണ്ടായുടെ ഫീസ് അഞ്ചു ഡോളർ നൽകിയിട്ട് അദ്ദേഹം ഗ്രേസിയേയും വിളിച്ചുകൊണ്ടു സ്ഥലംവിട്ടു.

ന്യൂജേർസിയിൽ ചെന്നതിനുശേഷം മിസ്സിസ് ഫോണ്ടായുടെ പരഹൃദയജ്ഞാനമുള്ള കുതിരയുടെ രഹസ്യം തുറന്നുകാണിച്ചുകൊണ്ടു സ്കാർനെ ഒരു ലേഖനമെഴുതി പ്രസിദ്ധീകരിച്ചു. അതിൽനിന്നും ഒരു ഭാഗം ഉദ്ധരിക്കാം. 'മിസ്സിസ് ഫോണ്ടാ എല്ലായ്പ്പോഴും ഒരു ചെറിയ ചാട്ട പിടിച്ചിരുന്നു. അതു് ചലിപ്പിച്ചാണ് അവർ കുതിരയ്ക്കു് നിർദ്ദേശം നൽകിയിരുന്നതു്. കുതിര ഓരോ അക്ഷരത്തിലും മൂക്കുമുട്ടിക്കുന്നതിനുമുമ്പ് അവരുടെ സൂചന ശ്രദ്ധിക്കുന്നതു കണ്ടു. കുതിരയുടെ കണ്ണുകൾ തലയുടെ വശങ്ങളിലായതുകൊണ്ടു് അതിനു കുറെയെല്ലാം പുറകോട്ടു ശ്രദ്ധിക്കാൻ കഴിയും. ചാട്ടയുടെ ചലനംവഴി നിർദ്ദേശം നൽകുന്ന സമയത്തു് മിസ്സിസ് ഫോണ്ടാ കുതിരയുടെ പുറകിൽ 60 ഡിഗ്രി മാറിയാണ് നിൽക്കുന്നതു്. ചാട്ടയുടെ ആദ്യത്തെ ചലനം കാണുമ്പോൾ കുതിര തല ഉയർ

ത്തും. രണ്ടാമത്തെ ചലനത്തിനു് അതു് അക്ഷരങ്ങളുടെ മുകളിലേയ്ക്കു് തല നീട്ടും. വീണ്ടും ചാട്ട ചലിപ്പിക്കു മ്പോഠം അക്ഷരങ്ങളുടെ മുകളിലൂടെ അതു് തലനീട്ടാൻ തുട ങ്ങും. ആവശ്യമുള്ള അക്ഷരത്തിനു മുകളിൽ തല വരു മ്പോഠം ചാട്ട അവർ പ്രത്യേകരീതിയിൽ ചലിപ്പിക്കും. അപ്പോഠം കുതിര ആ അക്ഷരത്തിൽ മൂക്കു സ്പർശി ക്കും. അങ്ങനെ ഒന്നൊന്നായി ആവശ്യമുള്ള അക്ഷരങ്ങ ളെല്ലാം സ്പർശിച്ചുകഴിയുമ്പോഠം അവരുടെ നിർദ്ദേ ശമനുസരിച്ചുതന്നെ കുതിര മാറിനിൽക്കും. വളരെനാള ത്തെ പരിശീലനം കൊണ്ടാണു മിസ്സിസ് ഫോണ്ടാ കുതി രയെ ഈ വിദ്യ പരിശീലിപ്പിച്ചതെന്നു വ്യക്തമാണ്.

'കൃത്രിമക്കാരിയായ ഈ സ്ത്രീയുടേയും പരിശീലനം സിദ്ധിച്ച അവരുടെ കുതിരയുടേയും സൂത്രം മനസ്സിലാ ക്കാൻ ഡ്യൂക്ക് യൂണിവേഴ്സിററിയിലെ മനഃശാസ്ത്രവി ഭാഗത്തിൻെറ തലവനായ വില്യം മക്ഡൗഗാളിനു കഴി യാതെ പോയതിൽ എനിക്കു് അത്ഭുതമില്ല. എന്നാൽ ജീവശാസ്ത്രം പഠിച്ച ഡോക്ടർ ജെ.ബി. റൈനു് കുതിരയു ടെ കണ്ണുകഠം തലയുടെ വശത്തായതുകൊണ്ടു് പുറകിൽ ന ടക്കുന്ന സംഭവങ്ങളും കാണാൻ കഴിയുമെന്നു് ഓർമ്മി ക്കാൻ സാധിക്കാതിരുന്നതിൽ അത്ഭുതം തോന്നുന്നു.'

പ്രൊഫസർ ജോൺസ്റ്റാർണെയുടെ ലേഖനം വെളി യിൽ വന്നതോടെ ലേഡീവണ്ടർ എന്ന കുതിരയുടെ അത്ഭു തശക്തി അവസാനിച്ചു. പക്ഷേ, അതിനുമുമ്പുതന്നെ മിസ്സിസ് ഫോണ്ടാ ജീവിക്കാൻ ആവശ്യമുള്ളതു സമ്പാ ദിച്ചുകഴിഞ്ഞിരുന്നു.

## 5. അരവിന്ദഘോഷും ഭവിഷദ് ജ്ഞാനവും

ശ്രീലങ്കാ അരവിന്ദാ സൊസൈററിയുടെ ആഭിമു ഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഒരു മാസികയിൽ ഡോ.

എ. കനകരത്നം, അരവിന്ദനെപ്പററി ഒരു ലേഖനം എഴുതിയിരുന്നു. അരവിന്ദൻെറ കണക്കില്ലാത്ത സിദ്ധികളെക്കുറിച്ചു് പ്രതിപാദിക്കുന്നതിനിടയിൽ അദ്ദേഹം എഴുതി:–

''മഹാനായ ശ്രീ അരവിന്ദനെ കാണുവാനും അദ്ദേഹത്തിൻെറ ആത്മീയ സിദ്ധികളെപ്പററി പഠിക്കുന്നതിനുംവേണ്ടി 1946 ആഗസ്റ്റ് 15–ന് ഈ ലേഖകൻ പോണ്ടിച്ചേരിയിൽ പോയിരുന്നു. ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നു വന്ന ആയിരത്തോളമാളുകൾ അദ്ദേഹത്തിൻെറ ദർശനത്തിനുവേണ്ടി 'ക്യൂ'വിൽ നിന്നിരുന്നു. ആശ്രമത്തിലേക്കുള്ള പ്രവേശന കവാടത്തിൽ ഗ്ലാസിട്ടു ഫ്രെയിംചെയ്ത ഒരു ബോർഡിൽ സുവർണ്ണനുലകൾ തുന്നിപ്പിടിപ്പിച്ച ഒരു വാചകമുണ്ടായിരുന്നു:– ''ഇന്നുമുതൽ ഒരുവർഷം തികയുന്ന 1947 ആഗസ്റ്റ് 15–ന് ഇൻഡ്യ സ്വാതന്ത്ര്യം പ്രാപിക്കും– അരവിന്ദഘോഷ്''

''ആർക്കെങ്കിലും ഇങ്ങനെ പ്രവചിക്കുവാൻ കഴിയുമോ എന്നു സംശയിച്ചുകൊണ്ടാണ് ഞാൻ പോണ്ടിച്ചേരിയിൽനിന്നു മടങ്ങിയതു്. 1946 ആഗസ്റ്റിൽ ഒരാൾക്കും ഇങ്ങനെ ഭാവനചെയ്യാൻ പററുന്ന സാഹചര്യമല്ല ഉണ്ടായിരുന്നതു്. അതുകൊണ്ടു് മേൽപറഞ്ഞ വിധത്തിൽ പ്രവചിക്കുവാൻ സാമാന്യബുദ്ധിക്കു് കഴിയുമായിരുന്നില്ല.''

ആത്മീയം, ഇന്ദ്രിയാതീതം എന്നൊക്കെ വിശേഷിപ്പിക്കുന്ന കഴിവുകളെപ്പററി അരനൂററാണ്ടുകാലം ഗവേഷണവും പരീക്ഷണവും നടത്തിയ എനിക്കു് അത്തരം കഴിവുകളുള്ള ഒരു വ്യക്തിയും ലോകത്തിൽ ഒരിടത്തും ജീവിച്ചിരുപ്പില്ല എന്ന കാര്യത്തിൽ സംശയമുണ്ടായിരുന്നില്ല. വർത്തമാന കാലാനുഭവങ്ങളുടെ വെളിച്ചത്തിൽ ഏതെങ്കിലും കാലത്തു് അത്തരം വ്യക്തികൾ ജീവിച്ചിരുന്നതായി കരുതാനും എനിക്കു് കഴിയുമായിരുന്നില്ല. എങ്കിലും ശ്രീ അരവിന്ദഘോഷിനേപ്പോലെ പ്രസിദ്ധനായ ഒരുവ്യക്തിക്കു് ഇത്തരം ഭവിഷദ് ജ്ഞാനം ഉണ്ടായിരുന്നുവെന്നു

കേട്ടപ്പോരം അതിൻെറ സത്യാവസ്ഥ അറിയുവാൻ താല്പ ര്യം തോന്നി. ഞാൻ അതേപ്പററി അന്വേഷണംതുടങ്ങി. അരവിന്ദ സൊസൈററിക്കാരും അല്ലാത്തവരുമായ നിര വധി വ്യക്തികളുമായി ഞാനിതേപ്പററി സംസാരിച്ചു. മേൽകൊടുത്ത, ഡോക്ടർ കനകരത്നത്തിൻെറ കഥ ശരി യാണെന്നു പറയുന്ന ഒരാളേപ്പോലും കണ്ടെത്താൻ എനി ക്കു് കഴിഞ്ഞില്ല. ഈ കഥ ശരിയാണെന്നുള്ളതിനു് മററുവിധത്തിലുള്ള ഒരു തെളിവും കാണാനും എനിക്കു് സാധിച്ചില്ല.

അരവിന്ദാശ്രമം ജനറൽ സെക്രട്ടറിയായിരുന്ന എം. പി. പണ്ഡിററു് അക്കാലത്തു് ചില യോഗങ്ങ ളിൽ പ്രസംഗിക്കുന്നതിനുവേണ്ടി കൂടെക്കൂടെ ശ്രീലങ്ക യിൽ എത്താറുണ്ടായിരുന്നു. 1978 ജനുവരിയിൽ ശ്രീലങ്ക യിലെ തിയോസഫിക്കൽ സൊസൈററിയുടെ ആഭിമു ഖ്യത്തിൽ സംഘടിപ്പിച്ച ഒരു യോഗത്തിൽ പങ്കെടു ക്കാൻ എത്തിയപ്പോരം മുൻപറഞ്ഞ കഥയേപ്പററി ഞാൻ അദ്ദേഹത്തോടു ചോദിച്ചു. അതിനു് വ്യക്തമായ മറുപടി പറയാതെ അദ്ദേഹം ഒഴിഞ്ഞുമാറുകയാണു് ചെയ്തതു്. അത്തരത്തിൽ ഒരു പ്രവചനം നേരിൽ കണ്ടിട്ടില്ലെന്നു് ശ്രീ പണ്ഡിററു് അവസാനം തുറന്നു സമ്മതിച്ചു. പക്ഷേ, കനകരത്നം തൻെറ ജ്ഞാനദൃഷ്ടിയിൽക്കൂടി അതു് കണ്ടിരി ക്കാമെന്നും കൂടി അദ്ദേഹം കൂട്ടിച്ചേർത്തു. കാരണം കനക രത്നവും ഞങ്ങളുടെ അടുത്ത സീററിൽതന്നെ ഇരിക്കുന്നു ണ്ടായിരുന്നു. ശ്രീ പണ്ഡിററു് പറഞ്ഞതു് സത്യമാണെ ങ്കിൽ ശ്രീ കനകരത്നത്തെ മനോരോഗം ബാധിച്ചിട്ടുണ്ടെ ന്നും അതിൻെറ ചികിത്സയ്ക്കുവേണ്ടി ഏതെങ്കിലും ആശു പത്രിയിൽ എത്രയുംവേഗം പ്രവേശിപ്പിക്കണമെന്നും അല്പം വൈമനസ്യത്തോടെയാണെങ്കിലും ഞാൻ പറ ഞ്ഞു. കാരണം നടക്കാത്ത കാര്യങ്ങരം നടന്നതായി തോ ന്നുന്നതും ഇല്ലാത്ത വസ്തുക്കരം കാണുന്നതായി തോന്നുന്ന തും മനോരോഗത്തിൻെറ ഫലമാണു്.

ശ്രീ അരവിന്ദു്ഘോഷു് ഇൻഡ്യൻ സ്വാതന്ത്ര്യ സമ രത്തിൻെറ ആദ്യകാല നേതാക്കന്മാരിൽ ഒരാളായിരുന്നു.

തീവ്രവാദിയായ ഒരു വിപ്ലവകാരിയായി രംഗപ്രവേശം ചെയ്ത അദ്ദേഹം പിന്നീട് ഒരു സന്യാസിയായി മാറുകയാണ് ചെയ്തത്. അന്ന് ഫ്രഞ്ചുകോളനിയായിരുന്ന പോണ്ടിച്ചേരിയിൽ പോയി അദ്ദേഹം താമസമുറപ്പിച്ചതുതന്നെ ബ്രിട്ടീഷുകാരിൽനിന്നു രക്ഷപെടാനാണ്. പിൽക്കാലത്ത് അദ്ദേഹം പൗരസ്ത്യമതവിജ്ഞാനത്തിന്റെ ഒരു പ്രചാരകനായി. അരവിന്ദന്റെ ശിഷ്യന്മാരിൽ ചിലർ ഇതുപോലെ പല കള്ളക്കഥകളും അദ്ദേഹത്തിന്റെപേരിൽ പ്രചരിപ്പിച്ചിട്ടുണ്ടെങ്കിലും അതിൽ ഒന്നുപോലും തെളിയിക്കുവാൻ അവർക്കു് കഴിഞ്ഞിട്ടില്ല.

## 6. പരേതാത്മാക്കളുമായി സംസാരിക്കാൻ കഴിയുമോ?

1976 ജനുവരി 25-ാം തീയതിയിലെ 'കലാകൗമുദി'യിൽ 'കല്യാൺകുമാർ സിഹ്നയുടെ ആത്മാവു്' എന്ന ശീർഷകത്തിൽ ശ്രീ. എം. ഗോവിന്ദൻ എഴുതിയ ലേഖനം ഡൽഹിയിലുള്ള എന്റെ ഒരു മലയാളി സുഹൃത്ത് എനിക്കു് അയച്ചുതന്നിരിക്കുന്നു. ആ ലേഖനത്തിൽ ശ്രീ ഗോവിന്ദൻ ചോദിക്കുന്നു: 'എന്റെ സുഹൃത്തായിരുന്ന മരണം പ്രാപിച്ച ശ്രീ കല്യാൺകുമാർ സിഹ്നയുടെ ആത്മാവു് അദ്ദേഹം മരിക്കുംമുൻപു് എന്റെ അരികിൽ വരാൻ കാരണം എന്തു്? ഒരു കാറപകടത്തിൽപെട്ടു് സിഹ്ന മരിച്ചു. അതേനിമിഷത്തിൽ തന്നെ, ഒരു വർത്തമാനപ്പത്രത്തിൽനിന്നു് അദ്ദേഹത്തിന്റെ ചരമവാർത്ത താൻ വായിച്ചുവെന്നു സ്വപ്നം കണ്ടതായി ശ്രീ ഗോവിന്ദൻ പറയുന്നു. ആ കഥയ്ക്കു് സ്വാഭാവികത നൽകുന്നതിനുവേണ്ടി, മരണവാർത്തയിലെ വാചകങ്ങൾ അതേപടി ഉദ്ധരിക്കുകയും ചെയ്തിരിക്കുന്നു. കുറെ ദിവസങ്ങൾക്കു ശേഷം, ഒരു പത്രത്തിൽ, സ്വപ്നത്തിൽക്കണ്ട വാർത്ത

തന്നെ അദ്ദേഹം യഥാൎത്ഥത്തിൽ കാണുന്നു. അതോടൊപ്പംതന്നെ തന്റെ ഭൎത്താവിന്റെ മരണവാൎത്ത അറിയിച്ചുകൊണ്ടുള്ള മിസ്സിസ്സ് സിഹ്നയുടെ കത്തും അദ്ദേഹത്തിനു ലഭിക്കുന്നു.

ശ്രീ ഗോവിന്ദന്റെ കഥ ആയിരക്കണക്കിനുള്ള ആളുകൾ വായിച്ചിരിക്കും, വിശ്വസിക്കുകയും ചെയ്തിട്ടുണ്ടാവും. ശ്രീ സിഹ്ന മരിച്ച ആ നിമിഷത്തിൽ തന്നെ. അതിനെപ്പററിയുള്ള വാൎത്ത അച്ചടിക്കപ്പെട്ടിരിക്കാൻ ഇടയില്ലെന്നുള്ളതു് ആ കഥയുടെ സാങ്കല്പികസ്വഭാവം തെളിയിക്കുന്നു. അതാകട്ടെ, മനസ്സിന്റെ വിഭ്രാന്തിയോ സർറിയലിസ്ററു് കവിയുടെ ഭാവനയോ ആകാം. അദ്ദേഹം എഴുതിയതു് യഥാൎത്ഥമാണെങ്കിൽ, താഴെപ്പറയുന്ന തീരുമാനങ്ങളിൽ നമുക്കെത്തേണ്ടിവരും

സിഹ്നയുടെ മരണത്തോടെ നഷ്ടപ്പെട്ട ശരീരവും ജീവനും മനസ്സും കൂടാതെ അദ്ദേഹം ഒരു 'അനശ്വരമായ ആത്മാവി'നെ വിട്ടുംവച്ചാണു് മരണമടഞ്ഞതു്. മസ്തിഷ്കമില്ലാത്ത ആത്മാവിനു് ദൎശനശക്തിയുണ്ടു് അനശ്വരമായ ആത്മാവിനു് പ്രകാശത്തിന്റേതിനേക്കാൾ കൂടിയ വേഗത്തിൽ സഞ്ചരിക്കാനുള്ള കഴിവുണ്ടു് ശ്രീ ഗോവിന്ദനു് ശരീരമില്ലാത്ത ആത്മാവിനെ കാണാനുള്ള ശക്തിയുണ്ടു്. അദ്ദേഹത്തിനു കാണാത്ത വൎത്തമാനപ്പത്രത്തിൽ നിന്നു് വായിക്കാനുള്ള അത്ഭുതസിദ്ധിയുണ്ടു്; അച്ചടിക്കാനിരിക്കുന്നതിൽനിന്നു് ചില ഭാഗങ്ങൾ നേരത്തെക്കൂട്ടി വായിക്കാൻ അദ്ദേഹത്തിനു കഴിയും; വൎഷങ്ങൾക്കു മുമ്പു് അദ്ദേഹം ഒരു സ്വപ്നത്തിൽ വായിച്ച കാര്യം വള്ളിപുള്ളി വിടാതെ ഉദ്ധരിക്കാൻ സഹായിക്കുന്ന വിസ്മയാവഹമായ ഓൎമ്മശക്തിയുണ്ടു്; ജീവിച്ചിരിക്കുന്ന ആളുകളുടെതന്നെ ആത്മാവിനു് ശരീരം ഉപേക്ഷിച്ചിട്ടു് അന്യരുടെ മുമ്പാകെ ഹാജരാകാൻ കഴിയും; പിന്നെ, ഒരാളുടെ ശരീരത്തിൽനിന്നു് അയാളുടെ മരണത്തിനുമുമ്പുതന്നെ ആത്മാവു് വേൎപെട്ടു പോകുന്നു.

മതങ്ങളുടെ പേരിൽ, അറിവില്ലാത്തവരായ ആളുകൾ തങ്ങളുടെ കുഞ്ഞുങ്ങളുടെ ഇളം മനസ്സിൽ കുത്തിവെയ്ക്കു

ന്ന അന്ധമായ വിശ്വാസങ്ങൾ ആ മനസ്സിൽ സംജാതമാകുന്ന വൈകല്യങ്ങളുടെ ഫലമായി ഇത്തരം ഭ്രാന്തമായ അനുഭവങ്ങൾ ഉണ്ടാകാവുന്നതാണ്.

ഇയ്യിടെ 'സ്പിരിച്വൽ കമ്മ്യൂണിക്കേഷൻ ത്രൂ യോഗ, സയൻസ് ആൻഡ് റിലിജൻ' എന്ന ഒരു പുസ്തകം അതിൻെറ കർത്താവ്; അദ്ദേഹത്തിൻെറ ആശംസയോടെ എനിക്ക് അയച്ചുതന്നു. അതെഴുതിയ ഡോക്ടർ ഡി. പട്നായ്ക് ബോംബേയിലെ ഭാഭാ അറ്റോമിക് റിസർച്ച് സെൻററിലെ സയൻറിഫിക് ആഫീസറാണ്. അദ്ദേഹം 'ഫ്രം കൗഡങ്ങ് ഇക്കോണമിററു ന്യൂക്ലിയർ ഫ്യൂഷൻ എനർജി' എന്ന പുസ്തകം താമസിയാതെ പ്രസിദ്ധപ്പെടുത്തുന്നതുമാണ്. എനിക്ക് അയച്ചുതന്ന പുസ്തകത്തോടൊന്നിച്ച് എനിക്കെഴുതിയ ഒരു കത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: 'ഞാൻ മൗലികമായി ഒരു ഫിസിക്സ് വിദ്യാർത്ഥിയാണ്; നിങ്ങൾ ഒരു മനഃശാസ്ത്ര പ്രൊഫസറും. വർത്തമാനപ്പത്രം എന്നെ ചതിച്ചില്ലായിരുന്നുവെങ്കിൽ നമുക്കു പല ആശയങ്ങളും വസ്തുതകളും കൈമാററമായിരുന്നു. 1973 നവംബർ 21-ാംതീയതി മരണമടഞ്ഞ എൻെറ ഒരു സുഹൃത്തിൻെറ ആത്മാവുമായി ഞാൻ ആറു മണിക്കൂററെങ്കിലും സഞ്ചരിച്ചിട്ടുണ്ട്. അദ്ദേഹത്തിൽനിന്നു എനിക്ക് പരലോകത്തെക്കുറിച്ച് ഒട്ടേറെ വിവരങ്ങൾ കിട്ടിയിട്ടുണ്ട്. അക്കാര്യങ്ങൾ ഏതൊരു യുക്തിവാദിക്കും താല്പര്യമുളവാക്കുന്നുണ്ടാവും. 1974 മേയ് 17-ാം തീയതി ഈ രാജ്യത്തെ ന്യൂക്ലിയർ സയൻസിൻെറ ജനയിതാവായ ഡോക്ടർ ഹോമി ഭാഭായുടെ ആത്മാവുമായി ഞാൻ സമ്പർക്കം പുലർത്തി. അദ്ദേഹം 1966 ജനുവരി 24-ാം തീയതി ഒരു വിമാനാപകടത്തിൽ മരണമടയുകയാണുണ്ടായത്. അദ്ദേഹം, താരാപ്പൂരിലെ പ്രവർത്തിക്കാതെ കിടക്കുന്ന റിയാക്ററുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ഉപദേശം നൽകുകയുണ്ടായി.

ഇൻഡ്യയിലെ ഒരു ശാസ്ത്രജ്ഞപ്രമുഖനായ ഇദ്ദേഹത്തിൽനിന്നും അറിഞ്ഞ ഈ വിചിത്രമായ കഥ എന്നെ വിസ്മയിപ്പിച്ചു. അതിനെ സംബന്ധിച്ച് കുലങ്കഷ

മായ അന്വേഷണം നടത്താൻ ഞാൻ തീരുമാനിച്ചു. ഈ ശാസ്ത്രവിശാരദൻെറ മനസ്സിൻെറ സാധാരണേതരമായ പ്രവർത്തനം സംബന്ധിച്ച് കണ്ടെത്തിയ രസകരമായ കണ്ടുപിടിത്തങ്ങൾ വിവരിക്കാൻ സ്ഥലപരിമിതി സമ്മതിക്കുന്നില്ല. എനിക്ക് ഒടുവിൽ കിട്ടിയ വിവരം അദ്ദേഹത്തിനു് ഇപ്പോൾ 'ഭാഭാ അറ്റോമിക് റിസർച്ച്' സെൻററിൽ ജോലിയില്ലെന്നും അദ്ദേഹം മനോരോഗചികിത്സയിലാണെന്നുമാണ്.

ഷാങ്ഹായിൽ ജഡ്ജിയായിരുന്ന സർ എഡ്മണ്ട് ഹാൺബി ഒരു പത്രപ്രവർത്തകൻെറ പ്രേതത്തെ അയാൾ എവിടെയോവെച്ച മരിച്ച നിമിഷത്തിൽ കാണുകയുണ്ടായി എന്നൊരു പത്രവാർത്തയുണ്ടായിരുന്നു. ജഡ്ജിയുടെ ഭാര്യ ആ വാർത്ത സ്ഥിരീകരിക്കുകയും ഉന്നതമായ ഒരു സ്ഥാനത്തുനിന്നു ലഭിച്ച വാർത്തയെന്ന നിലയിൽ ആ കഥ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു. കൗതുകകരമെന്നു പറയട്ടെ, ആ വാർത്ത ആ പത്രപ്രവർത്തകനെ അറിയുമായിരുന്ന ഒരു പത്രാധിപർ കാണുകയുണ്ടായി. മരണത്തിൻെറ തീയതിയെന്നു പറഞ്ഞ തീയതിക്കു് മൂന്നു മാസങ്ങൾക്കു മുമ്പായിരുന്നു അയാൾ മരിച്ചതെന്നു പത്രാധിപർക്കു തെളിയിക്കാൻ കഴിഞ്ഞു. കൂടാതെ അക്കാലത്തു് ആ ജഡ്ജി അവിവാഹിതനായിരുന്നു എന്നും.

നിരക്ഷരനായ ഒരു വിവരശൂന്യൻ, തൻെറ പ്രകൃത്യതീതമായ അനുഭവങ്ങളെക്കുറിച്ച് സംസാരിച്ചാൽ ആരും തന്നെ അതു കാര്യമാക്കിയെന്നു വരികയില്ല. അയാളെ ഭ്രാന്താലയത്തിലേക്കു് അയച്ചു എന്നും വരും. എന്നാൽ, ആ ഭ്രാന്തനാകട്ടെ, വിദ്യയും ബുദ്ധിയുമുള്ള ഒരു പ്രതിഭാസമ്പന്നനാണെങ്കിൽ, അയാൾ പറഞ്ഞതു വിശ്വസിക്കാൻ ക്ഷിപ്രവിശ്വാസികളായ നിരവധിയാളുകൾ ഉണ്ടാകും. എഴുത്തുകാരും കലാകാരന്മാരും കവികളുമായവർ മാനസികമായ തുലനസ്ഥിതി നഷ്ടപ്പെട്ടവരായാൽ അവരുടെ സൃഷ്ടികളിൽ ആ തകരാറു് പ്രതിഫലിച്ചെന്നുവരും. സർറിയലിസ്റ്റുകളെന്നു് അവകാശപ്പെടുന്ന എഴുത്തുകാരും

കലാകാരന്മാരും കവികളും ഏററക്കൊറെ മാനസികരോഗികളാണെന്നു വരാം.

എന്നെ സമീപിക്കാറുള്ള മാനസികരോഗികളുടെ രോഗസ്വഭാവം മനസ്സിലാക്കുന്നതിനുവേണ്ടി, ഞാൻ അവർ പറയുന്ന കഥകളെല്ലാംതന്നെ ക്ഷമയോടെ കേരംക്കാറുണ്ട്. എന്നാൽ ഞരമ്പുരോഗികളുടേയും ചിത്തവൈകല്യമുള്ളവരുടേയും ലേഖനങ്ങരം ശ്രദ്ധിക്കാറില്ല. അത്ഭുതകരവും ദിവ്യവുമായ ശക്തികരം ഉണ്ടെന്നു് തെളിയിക്കുന്നവനു് ഒരു ലക്ഷം രൂപ നൽകാമെന്ന എൻെറ വാഗ്ദാനം ശ്രീ ഗോവിന്ദൻ മനഃപൂർവ്വമായി ദുർവ്യാഖ്യാനം ചെയ്യിരിക്കുന്നു. എൻെറ വെല്ലുവിളി സ്വീകരിക്കുന്നവർ ഒരു ലക്ഷം എനിക്കു തരണമെന്നു് യാതൊരു വ്യവസ്ഥയുമില്ല. ആ നിലയ്ക്കു് അദ്ദേഹത്തിൻെറ സത്യസന്ധതയെക്കുറിച്ചു് എനിക്കു് സംശയം തോന്നുന്നു. അദ്ദേഹത്തിൻെറ കഥ കെട്ടിച്ചമച്ചതാണോ, ചിത്തവൈകല്യമുള്ള ഒരാളുടെ (Psychotic) വെറുമൊരു ഭ്രമകല്പനയാണോ എന്നതു ശ്രദ്ധാപൂർവ്വമായ ഒരു പരിശോധന നടത്തിയാൽ മാത്രമേ അറിയാൻ സാധിക്കു. അങ്ങനെ ചെയ്യുന്നതിനു് ശ്രീ ഗോവിന്ദൻെറ സഹകരണം വേണ്ടിയിരിക്കുന്നു. അതുകൊണ്ടു് താഴെപ്പറയുന്ന വിവരങ്ങരം അറിയിക്കുവാൻ ഞാൻ അപേക്ഷിക്കുന്നു.

സിഹനയുടെ ആത്മാവു് അദ്ദേഹത്തിൻെറ അരികിൽ വന്ന തീയതി, അതു വന്നതു് മനുഷ്യരൂപത്തിലോ മറേറതെങ്കിലും രൂപത്തിലോ? കണ്ടതിനു് സാക്ഷികളുണ്ടോ? ഉണ്ടെങ്കിൽ അവരുടെ പേരും മേൽവിലാസവും, ആത്മാവു് വസ്ത്രം ധരിച്ചിരുന്നോ? നഗ്നനായിരുന്നോ! വസ്ത്രം ധരിച്ചിരുന്നുവെങ്കിൽ എത്തരം വസ്ത്രം? ചരമവാർത്ത സ്വപ്നത്തിൽക്കണ്ട സമയവും തീയതിയും, സിഹനയുടെ മരണസമയവും തീയതിയും, ശ്രീ ഗോവിന്ദനു ലഭിച്ച മിസ്സിസ്സ് സിഹനയുടെ കത്തിൻെറ തീയതി, ആ കത്തു പരിശോധനയ്ക്കു് ലഭ്യമാണോ? ശ്രീ ഗോവിന്ദൻ അതിനു് മറുപടിയയച്ച കത്തിൻെറ തീയതി, അതിൻെറ ശരിപ്പകർപ്പു് (സ്വപ്നത്തിൽ കണ്ട ചരമവാർത്ത ഓർക്കാൻ

കഴിഞ്ഞയാറംകൾ സ്വയം എഴുതിയ ഒരു കത്തിലെ വാചകം ഓർക്കാൻ സാദ്ധ്യമാണല്ലോ.) മിസ്സിസ് സിഹ്നയുടെ ഇന്നത്തെ മേൽവിലാസം, സിഹ്നയുടെ ചരമവാർത്ത പ്രസിദ്ധപ്പെടുത്തിയ പത്രത്തിൻെറ പേരും തീയതിയും.

ശ്രീ ഗോവിന്ദൻ, മിത്രൻ നമ്പൂതിരിയുടെ ദിവ്യശക്തിയെക്കുറിച്ച് ആദരവോടെ സംസാരിക്കുന്നു. മിത്രൻ നമ്പൂതിരിയുടെ 'ബഡായിയെ' അന്ധമായി വിശ്വസിക്കാതെ അദ്ദേഹം തനിക്കുണ്ടെന്നു് അവകാശപ്പെടുന്ന സിദ്ധികറം തെളിയിക്കുന്നതിനുവേണ്ടി എൻെറ വെല്ലുവിളി സ്വീകരിക്കാൻ ശ്രീ ഗോവിന്ദൻ അദ്ദേഹത്തെ ഉപദേശിച്ചിരുന്നുവെങ്കിൽ അതു ബുദ്ധിപൂർവ്വമായിരുന്നു. തനിക്കുണ്ടെന്നു പറയുന്ന ദിവ്യശക്തികളിൽ ഏതെങ്കിലും ഒന്നു കാണിക്കാൻ കഴിയുന്ന ഏതൊരാറംക്കും ഒരുലക്ഷം ശ്രീലങ്കാ രൂപ കൊടുക്കാൻ ഞാൻ തയ്യാറാണെന്നു് പറഞ്ഞുകൊള്ളട്ടെ. എൻെറ ഇതേവരെയുള്ള അനുഭവം പാവപ്പെട്ട വിശ്വാസികളെ ഈ കപടവിദ്യക്കാർ കബളിപ്പിച്ച് നടക്കുമെന്നല്ലാതെ എൻെറ വെല്ലുവിളി സ്വീകരിക്കാൻ തയ്യാറാവുകയില്ലെന്നുള്ളതാണു്.

ശ്രീ ഗോവിന്ദനെപ്പോലെയുള്ള ഒരു വ്യക്തി 'കലാകൗമുദി' പോലുള്ള ഒരു വാരികയിൽ എഴുതിയ ലേഖനം എൻെറ ശ്രദ്ധയിൽ വന്നാൽ ഞാൻ അതു കണ്ടില്ലെന്നു ഭാവിക്കുന്നതു് ശരിയല്ലാത്തതുകൊണ്ടും സാധാരണക്കാരായ ആളുകറം അത്ഭുതങ്ങളുടെ പേരിൽ വഴിതെററിക്കപ്പെടരുതെന്നുള്ളതുകൊണ്ടുമാണു് ഇതെഴുതുവാൻ ഞാൻ നിർബ്ബന്ധിതനായിട്ടുള്ളതു്.

## 7. ധ്യാനവും ഇന്ദ്രിയാതീതജ്ഞാനവും

ഇന്ദ്രിയാതീതശക്തികളും പ്രകൃത്യാതീത സിദ്ധികളും മന്ത്രം, തന്ത്രം, യോഗം, ധ്യാനം തുടങ്ങിയവവഴി

കൈവരിക്കാൻ കഴിയുമെന്നു് ജനങ്ങളുടെയിടയിൽ തെററായ ഒരു വിശ്വാസം പടർന്നുപിടിച്ചിട്ടുണ്ടു്. പതഞ്ജലി, അരവിന്ദൻ, ഡോ. വസന്ത് റീൽ, സർ ജോൺവുഡ്രോഫ്, സ്വാമി രാമാനന്ദാ, പി. കരമ്പേൽക്കർ, എം. ബോൽ, എം. ഗാരൊട്ടു്, ആർ. ഇ. ഓൻസ്റ്റീൻ തുടങ്ങിയ പ്രാചീനരും അർവ്വാചീനരുമായ നിരവധി എഴുത്തുകാർ ഇത്തരം ആശയങ്ങൾക്ക് പ്രചരണം നൽകി. ചില കപട സന്യാസികളും ശിഷ്യന്മാരും അവർക്കുണ്ടെന്ന് അവകാശപ്പെട്ട ദിവ്യശക്തികളെപ്പററിയുള്ള കഥകളും ഈ അന്ധവിശ്വാസങ്ങൾ പ്രചരിക്കുവാൻ കാരണമായി. പ്രകൃതിശക്തികളെ മനസ്സിലാക്കാൻ കഴിയാത്തവരും ക്ഷണവിശ്വാസശീലരുമായ ആളുകൾ ഇവരുടെ പ്രചരണതന്ത്രങ്ങളിൽ കുടുങ്ങിയെന്നുമാത്രം. മന്ത്രവാദം, തന്ത്രം, യോഗം, ധ്യാനം തുടങ്ങിയവയുടെ ശരീരശാസ്ത്രപരവും മനഃശാസ്ത്രപരവുമായ വശങ്ങളേപ്പററി അറിയാവുന്നവർ ഒരിക്കലും ഇത്തരം വിഡ്ഢിത്തരങ്ങളിൽ ചെന്നു പതിക്കുകയില്ല.

താളലയങ്ങളുടേയും മന്ത്രോച്ചാരണങ്ങളുടേയും പശ്ചാത്തലത്തിലോ അല്ലാതെയോ ഗാഢമായ ധ്യാനത്തിൽ മുഴുകിയിരിക്കുന്ന ഒരാളിന് അസാധാരണമായ ചില അനുഭൂതികൾ ഉണ്ടാകുമെന്നുള്ളതു് യാഥാർത്ഥ്യമാണു്. പക്ഷേ, കറപ്പു്, കഞ്ചാവു്, എൽ. എസ്. ഡി തുടങ്ങിയവ ഉപയോഗിക്കുന്നവർക്കും ഇത്തരം അനുഭൂതികളുണ്ടാകാറുണ്ടെന്നുള്ളതും ആർക്കും നിഷേധിക്കുവാൻ സാധ്യമല്ല. ആത്മപ്രബോധനം, ഹിപ്നോട്ടിക് നിദ്രാസമയത്തു നൽകപ്പെടുന്ന ബാഹ്യപ്രബോധനം എന്നിവവഴിയും ഈ അവസ്ഥ കൃത്രിമമായി ഉണ്ടാക്കാം. രസതന്ത്രപരവും ജൈവരസതന്ത്രപരവും ശാരീരികവും മാനസികവുമായ കാരണങ്ങൾ ഇതിന്റെയെല്ലാം പിന്നിലുണ്ടു്. നാഡീവ്യൂഹങ്ങളെ താളലയാത്മകമായ ചലനങ്ങൾകൊണ്ടു് ഉദ്ദീപിപ്പിച്ചാലും ഇത്തരം അനുഭൂതികൾ ഉണ്ടാകും. രാജയോഗം തുടങ്ങിയവ മൂലമുണ്ടാകുന്ന അനുഭൂതികളും പ്രകൃത്യതീതമൊന്നുമല്ല. ശാസ്ത്രീയമായ വിശദീകരണങ്ങൾ ഇവയ്ക്കുണ്ടെങ്കിലും ജ്ഞാനലബ്ധിയായും സ്വ

യംമുക്തിയായും മററുമായിട്ടാണ് അന്ധവിശ്വാസി കരം ഇതിനെ കണക്കാക്കുന്നത്. സന്യാസവേഷധാരി കളായ ചില വക്രബുദ്ധികരം യോഗവിദ്യ, അതീന്ദ്രിയ ധ്യാനം തുടങ്ങിയവയുമായി പാശ്ചാത്യരാജ്യങ്ങളിലെത്തു മ്പോരം അവിടെയുള്ള ചില മന്ദബുദ്ധികളും മുഴക്കടിയ ന്മാരുമായ ആളുകരം അതിൽ ഭ്രമിച്ചു കാണാറുണ്ട്. അ തിനുകാരണം മദ്യപാനംകൊണ്ടു ലഭ്യമാകുന്ന അനുഭൂതി കരം യോഗവിദ്യയും അതീന്ദ്രിയധ്യാനവുംകൊണ്ട് ലഭി ക്കുന്നു എന്നുള്ളതു മാത്രമാണ്. യൂറോപ്പിലെ മണ്ടന്മാരാ യ ഏതെങ്കിലും പണക്കാരോ, ക്ഷണവിശ്വാസശീല രോ ഇവയെ അംഗീകരിച്ചാൽ പാശ്ചാത്യലോകം മുഴ വൻ യോഗവിദ്യയ്ക്കും അതീന്ദ്രിയധ്യാനത്തിനും അംഗീ കാരം നൽകി എന്ന് നമ്മുടെ നാട്ടിൽ പ്രചരിപ്പിക്ക പ്പെടുന്നു. യഥാർത്ഥത്തിൽ യൂറോപ്പിലും അമേരിക്കയി ലുമുള്ള ശാസ്ത്രബോധമുള്ളയാളുകരം വളരെ പുഛത്തോടുകൂ ടിയാണ് ഇവരേപ്പററി സംസാരിക്കാറുള്ളത്.

യോഗസിദ്ധികളുടേയും അതീന്ദ്രിയജ്ഞാനത്തി ൻേറയും പ്രചാരകന്മാർ, ധ്യാനത്തിൽക്കൂടിയും യോഗാ ഭ്യാസംകൊണ്ടും ഇന്ദ്രിയാതീതജ്ഞാനം ആർജ്ജിക്കാൻ ക ഴിയുമെന്ന് അവകാശപ്പെടാറുണ്ട്. ചില 'കപടഗവേ ഷകന്മാർ' ചെടികരംക്കുപോലും ആത്മീയസിദ്ധികളു ണ്ടെന്ന് കണ്ടുപിടിച്ചതായി അവകാശപ്പെട്ടു കണ്ടു. കൊ ഡൈക്കനാലിലെ ഒരു ഏലിസബത്ത്, അണ്ണാമല യൂ ണിവേഴ്സിററിയിലെ ഒരു ഡോക്ടർ സി. വി. സിം ഗ് തുടങ്ങിയവർ പ്രാത്ഥനയും സംഗീതവും ചെടിക ളിൽ പ്രത്യക്ഷപ്രതികരണമുണ്ടാക്കുമെന്ന് വാദിച്ചു. പ ക്ഷേ, അവർ നടത്തിയെന്നുപറയുന്ന ഗവേഷണങ്ങരം ആ വർത്തിച്ചുനോക്കിയ മററു ശാസ്ത്രജ്ഞന്മാർക്കു് അതു് അ നുഭവവേദ്യമായില്ല. ഡ്യൂക്ക് സർവ്വകലാശാലയിലെ ജെ. ബി. റൈനിനേപ്പോലുള്ള കപടഗവേഷകരാണ് ഇ വരും. ന്യൂയോർക്കുകാരനായ ക്ലീവ് ബാക്സ്റ്റർ ചെ ടികരംക്കു് ടെലിപ്പതിശക്തിയുണ്ടെന്നും പ്രസ്താവിക്കു കയുണ്ടായി. പക്ഷേ, അതിനും തെളിവുനൽകാൻ അ യാരംക്കു കഴിഞ്ഞിട്ടില്ല.

## 8. മുജ്ജന്മസ്മരണകൾ

പുരാതനകാലം മുതൽ മതവിശ്വാസികളും ആധുനികകാലത്തു് ചില മനഃശാസ്ത്രജ്ഞന്മാരും മുജ്ജന്മകഥകൾ കൊണ്ടു് മനുഷ്യന്റെ പുരോഗതിക്കു തടസ്സങ്ങൾ സൃഷ്ടിച്ചുപോരുന്നു. അവർ പ്രചരിപ്പിക്കുന്ന കഥകളിൽ പലതും പുനർജ്ജന്മവിശ്വാസത്തെ ഉറപ്പിക്കുന്നതിനുവേണ്ടി കെട്ടിച്ചമച്ചതാണു്. പറഞ്ഞുപഠിപ്പിച്ചതോ കൃത്രിമമോ അല്ലാത്ത മുജ്ജന്മകഥകളുമുണ്ടു്. മനഃശാസ്ത്രത്തിൽ സെനോഗ്ലോസിയ (Xenoglossia) എന്നോ ഗ്ലോസോലേലിയ (Glossolalia) എന്നോ അറിയപ്പെടുന്ന ഒരു രോഗത്തിന്റെ ഫലമാണതു്.

ഇത്തരം രോഗികൾ ചിലപ്പോൾ ആത്മാർത്ഥമായിത്തന്നെ മുജ്ജന്മസ്മരണകൾ പറയും. ഇവരിൽ ചിലർ തങ്ങൾക്കറിഞ്ഞുകൂടാത്ത ഭാഷകളിലോ ലോകത്തെങ്ങുമില്ലാത്ത ഭാഷയിലോ സംസാരിച്ചു എന്നും വരാം. ജീവിച്ചിരിക്കുന്നവരോ മരിച്ചുപോയവരോ ആയ വ്യക്തികളുടെ ശബ്ദത്തിലായിരിക്കും ഇവർ ചിലപ്പോൾ സംസാരിക്കുന്നതു്. ദൈവമോ പുണ്യവാളനോ പിശാചോ തന്റെ ശരീരത്തിൽ പ്രവേശിച്ചിട്ടുണ്ടെന്നു് സങ്കല്പിച്ചു വിശ്വസിക്കുന്നവരാണു് ഇതിൽ ഒരു കൂട്ടർ. പഞ്ചേന്ദ്രിയങ്ങൾകൊണ്ടു് ഗ്രഹിക്കാനാവാത്ത പലതും അവർ കണ്ടുവെന്നും അനുഭവിച്ചുവെന്നും അവകാശപ്പെടും. തങ്ങൾക്കു് ഇന്ദ്രിയാതീതജ്ഞാനമുണ്ടെന്നു വിശ്വസിക്കുന്ന ഇത്തരക്കാരെ ബഹുജനങ്ങൾ പ്രവാചകന്മാർ എന്നുവിളിച്ചു് ആദരിക്കും. മതപരമായ ഹർഷോന്മാദം, ഹിപ്നോട്ടിക് നിർദ്ദേശം, ധ്യാനം, അപസ്മാരം തുടങ്ങിയവമൂലം ഇതുണ്ടാകുമെന്നു് ആധുനികശാസ്ത്രം തെളിയിക്കുന്നു. ഗ്രീസ്, റോം തുടങ്ങിയ സ്ഥലങ്ങളിൽ മുമ്പുണ്ടായിരുന്ന ഓറക്കിളുകൾ (Oreales), സിലോണിലെ കപുരാലകൾ, കേരളത്തിലെ വെളിച്ചപ്പാടുകൾ തുടങ്ങി ലോകത്തിന്റെ പല

ഭാഗത്തുമുള്ള പ്രവചനക്കാർ ഇതിൽപെടും. പെന്തക്കോസ്ത കാരുടെ മറുഭാഷയും ഈ രോഗത്തിൻെറ ഫലമാണ്.

1968—ൽ യു. എൻ. ഐ. യുടെ ഒരു റിപ്പോർട്ട് പല ഇന്ത്യൻ പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസിദ്ധ ഭിഷഗ്വരന്മാരായ ബി. കെ. വ്യാസും രതൻ സിംഗ്ഗുംകൂടി അടുത്തകാലത്തെ ചില പുനർജ്ജന്മ കഥകൾ പരിശോധിച്ചതിനുശേഷം അവയെല്ലാം ഹിസ്റ്റീരിയാ രോഗത്തിൻെറ ഫലമാണെന്നു് പ്രഖ്യാപിച്ചു. ജയ്പൂർ മാനസികരോഗ ചികിത്സാകേന്ദ്രത്തിൻെറ സൂപ്രണ്ടാണ് ഡോക്ടർ വ്യാസ്. പ്രസിദ്ധനായ മറെറാരു മനോരോഗ ചികിത്സകനാണ് ഡോക്ടർ രതൻസിംഗ്. ഇവർ രണ്ടുപേരുംകൂടി ഏതാനും പുനർജ്ജന്മരോഗികളെ ചികിത്സിച്ചു ഭേദപ്പെടുത്തി.

പുനർജ്ജന്മമാണെന്നു് അവകാശപ്പെടുന്ന വ്യക്തികൾ മാനസിക രോഗികളാണ്''— ഡോക്ടർ വ്യാസ് വ്യക്തമാക്കുന്നു. 'മറെറാരു വ്യക്തിയായിത്തീരുവാനുള്ള ഉൽക്കടമായ അഭിലാഷത്തിൻെറ ഫലമായി അവരുടെ വ്യക്തിത്വത്തിനു തകരാറുണ്ടാകുന്നു. ഈ ആൾമാറാട്ടത്തിനു് മറെറാരു ലാഭംകൂടി ഉണ്ടായിരിക്കാം.'

ഇവർ ചികിത്സിച്ചു ഭേദപ്പെടുത്തിയ ചില പുനർജ്ജന്മരോഗികളുടെ വിവരവും റിപ്പോർട്ടിലുണ്ട്. ഇതിൽ ഒന്നാണ് രാകേശിൻെറ കഥ. പത്തുവയസ്സുള്ള ഈ കുട്ടി മുൻജന്മത്തിൽ ഒരു ക്യാപ്ററനായിരുന്നു എന്നു് അവകാശപ്പെട്ടു. ബോംബെയിലെ മറീൻഡ്രൈവിലാണ് അന്നു് താൻ താമസിച്ചിരുന്നതെന്നും കാശ്മീർ ആക്രമണകാലത്താണ് (1947) വധിക്കപ്പെട്ടതെന്നും അവൻ പറഞ്ഞു. കഴിഞ്ഞ ജന്മത്തിൽ പട്ടാളത്തിലായിരുന്നപ്പോൾ ഉപയോഗിച്ചിരുന്ന തോക്കുകളുടെ പേരുകൾ പോലും അവൻ ഓർമ്മിച്ചു. മറെറാരാളുടെ കൈയിലിരുന്ന ഒരു തോക്കുവാങ്ങിയിട്ട് അതെങ്ങനെയാണ് ഉപയോഗിക്കേണ്ടതെന്നു് തനിക്കറിയാമെന്നു പറഞ്ഞു. പട്ടാളക്യാപ്ററൻെറ പുനജ്ജന്മമാണെന്ന കഥ പെട്ടെന്നു പ്രസിദ്ധമായി. ക്രമേണ അവനു് പഠിത്തത്തിൽ താല്പര്യം കുറഞ്ഞു. ചി

ല സമയം അവൻ പ്രായമുള്ളവരെ ചീത്തപറയുകയും ത ല്ലുകയും ചെയ്തു. ദുഃഖിതനായ പിതാവ് അവനെ ആശു പത്രിയിലാക്കി.

പരിശോധനയിൽ രാകേശ് ബുദ്ധിമാനായ കുട്ടി യാണെന്ന് വ്യക്തമായി. ദിവാസ്വപ്നങ്ങളിൽ മതി മറന്ന് ആഹ്ളാദിക്കുന്ന പതിവ് അവനുണ്ടെന്നും അവർ മനസ്സിലാക്കി. കഴിഞ്ഞ ജന്മത്തിലേതെന്ന് അവൻ പ റഞ്ഞ വിവരങ്ങളത്രയും തന്റെ പുറുപാട്ടകളിൽനിന്ന് അവൻ ശേഖരിച്ചതായിരുന്നു. ആളുകൾ തോക്കിനെപ്പ റ്റി സംസാരിക്കുന്നത് അവൻ ശ്രദ്ധിച്ചുകേട്ടിരുന്നു. 1965-ൽ ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ യുദ്ധംനട ക്കുന്ന അവസരത്തിൽ റേഡിയോവഴി പ്രക്ഷേപണം ചെയ്തിരുന്ന വാർത്തകളും അവൻ ശ്രദ്ധിച്ചു. ഇങ്ങനെ യാണ് യുദ്ധത്തേയും തോക്കിനേയും പററിയുള്ള വിവ രങ്ങൾ അവൻ മനസ്സിലാക്കിയത്. രാകേശ്കേസി നെപ്പററി ഡോ. വ്യാസ് പറയുന്നു:—

'മുത്തശ്ശിയുടെ കൂടെയാണ് രാകേശ് വളർന്നത്. പിതൃലാളനയൊഴിച്ചെല്ലാം അവനവിടെനിന്നാണു ല ഭിച്ചത്. മററുള്ളവരുടെ സാമീപ്യവും അവൻ ആഗ്രഹി ച്ചു. മനോരോഗചികിത്സ കഴിഞ്ഞപ്പോൾ അവന് പ ഠിത്തത്തിൽ താല്പര്യമുണ്ടായി. ഇപ്പോൾ കഴിഞ്ഞ ജന്മ ത്തിലെ കഥകൾ ഒന്നും അവന് ഓർമ്മയില്ല.'

ഡോക്ടർ വ്യാസ് ചികിത്സിച്ച മറെറാരു കേ സും രസകരമാണ്. അതിൽ യുവതിയായ ഒരു ഭാര്യ കഴിഞ്ഞ ജന്മത്തിൽ താൻ ഭർത്താവിന്റെ അമ്മയാണെ ന്നാണ് അവകാശപ്പെട്ടിരുന്നത്. പുരയിടത്തിന്റെ ഒരു പ്രത്യേകഭാഗത്തു കുഴിച്ചുനോക്കിയാൽ ഒരു വെള്ളിപ്പാ ത്രം കിട്ടുമെന്ന് അവൾ ഒരിക്കൽ പറഞ്ഞു. അതനുസ രിച്ചു കുഴിച്ചുനോക്കിയപ്പോൾ പാത്രം കിട്ടുകയും ചെ യ്തു. അതോടെ അവളുടെ മുജ്ജന്മകഥകൾക്ക് അംഗീ കാരം ലഭിച്ചു. ഡോക്ടർ വ്യാസ് ചോദ്യം ചെയ്ത പ്പോൾ താൻതന്നെയാണ് അതു കുഴിച്ചിട്ടതെന്ന് അവൾ സമ്മതിച്ചു. ഭർത്താവിന്റെ ഏകശാസനത്തെ ചെറുക്ക

ന്നതിനും അയാളെ നിയന്ത്രണത്തിൽ നിറുത്തുന്നതിനും വേണ്ടിയാണത്രെ അവരാ അങ്ങനെ ചെയ്തതു്.

കഴിഞ്ഞ ജന്മത്തിൽ ഭർത്താവിൻെറ അമ്മയായിരുന്നു എന്നു് അവകാശപ്പെട്ട മറെറാരു ഭാര്യയേയും ഡോക്ടർ വ്യാസ് ചികിത്സിച്ചു. അവരാ അമ്മാവൻെറ സ്വകാര്യജീവിതത്തിലെ ചില സംഭവങ്ങരാ തുറന്നു പറഞ്ഞു. അന്വേഷണത്തിൽനിന്നു മനസ്സിലായി, അയൽപക്കത്തുള്ള ഒരു വൃദ്ധയിൽ നിന്നാണു് അവരാ ഇതെല്ലാം ഗ്രഹിച്ചതെന്നു്. ആ യുവതി ഭർത്താവോടൊത്തു് അമ്മാവൻെറ വീട്ടിലാണു് താമസിച്ചിരുന്നതു്. അമ്മാവൻെറ അധികാരവും ഭരണവും അവരാക്കിഷ്ടമായില്ല. അവിടെനിന്നു് മറെറാരു വീട്ടിലേക്കു് ആ ദമ്പതികരാ മാറിത്താമസിച്ചതോടെ ആ മുജ്ജന്മസ്മരണകരാ അവസാനിച്ചു.

ഡോക്ടർ വ്യാസിൻെറയും രതൻസിംഗിൻെറയു ം ഈ പ്രസ്താവനയുടെ വെളിച്ചത്തിൽ യു. എൻ. ഐ ഇന്ത്യയിലെ പ്രശസ്തരായ പല ഭിഷഗ്വരന്മാരെയും മനഃശാസ്ത്രവിദഗ്ദ്ധന്മാരെയും സന്ദർശിച്ചു് ഇതേപ്പററിയുള്ള അഭിപ്രായങ്ങരാ തിരക്കുകയുണ്ടായി. അഖിലേന്ത്യാ സൈക്കോ അനലിററിക്കൽ കോൺഫറൻസിൻെറ പ്രസിഡൻറും ലുംബിനി പാർക്കിൻെറ പ്രസിഡൻറുമായ ഡോക്ടർ ഡി. എൻ. സിൻഹ ഈ അഭിപ്രായങ്ങരാ ശരിയാണെന്നു പറഞ്ഞു. അദ്ദേഹം തുടർന്നു:—'മരണാനന്തരം മാനസിക ഗുണങ്ങരാ നിലനിൽക്കുന്നുണ്ടെന്ന വിശ്വാസം നിത്യതയ്ക്കുവേണ്ടിയുള്ള അവൻെറ അഭിലാഷം സൃഷ്ടിച്ചതാണു്. പുനജ്ജന്മവാദികളുടെ ഈ വിഷയത്തിലുള്ള പഠനങ്ങളൊന്നും ശാസ്ത്രീയമായിരുന്നില്ല. നിരീക്ഷണത്തിൻെറ കുറവും അവരുടെ പഠനത്തിൽ കാണാം.'

ഇന്ത്യയിലെ മനോരോഗചികിത്സകന്മാരിൽ ചിലർ ഡോക്ടർ വ്യാസിൻേറയും ഡോക്ടർ രതൻസിംഗിൻേറയും അഭിപ്രായങ്ങരാ ഒരു പുതിയ വിവരമായി കണക്കാക്കുന്നതായും റിപ്പോർട്ടുകളിൽ കണ്ടു. എന്നാൽ

1964–നു മുമ്പു മുതൽ തന്നെ മുജ്ജന്മസ്മരണകൾ 'ഗ്ലോസോലേലിയാ' രോഗത്തിന്റെ ഫലമാണെന്നു് ഞാൻ എഴുതിപ്പോന്നു.

## 9. ഭാഷാവരം

ലോകത്തിന്റെ എല്ലാഭാഗങ്ങളിലുമായി 2800–ൽ പരം ഭാഷകൾ സംസാരിക്കപ്പെടുന്നുണ്ടെന്നു് കണക്കാക്കപ്പെടുന്നു. ഇൻഡോ–യൂറോപ്യൻ, യൂറാൽ– ആൾടായിക്, കക്കേഷ്യൻ, ചൈനീസ്, ബാൻടു, ദ്രവീഡിയൻ എന്നു തുടങ്ങി പന്ത്രണ്ടു ഭാഷാഗോത്രങ്ങളായി അവയെ തരംതിരിച്ചിട്ടുമുണ്ടു്. ഇത്രയേറെ ഭാഷകൾ ഒരാൾക്കു പഠിക്കാൻ കഴിയുമെന്നു് ആർക്കെങ്കിലും വിശ്വസിക്കാൻ കഴിയുമോ? ബഹുഭാഷാപണ്ഡിതന്മാർ എന്നറിയപ്പെടുന്നവർപോലും അഞ്ചോ ആറോ പ്രധാന ഭാഷകൾ മാത്രമേ പഠിച്ചിട്ടുള്ളു.

എന്നാൽ ലോകത്തിലുള്ള ഏതു ഭാഷയിലും സംസാരിക്കാൻ കഴിയുമെന്നു് അവകാശപ്പെടുന്ന ഒരാളെ 1967–ൽ ഞാൻ കണ്ടുമുട്ടുകയുണ്ടായി. ഒരു അവധി ദിവസം ഞാൻ അലസമായി എന്തോ വായിച്ചുകൊണ്ടുകിടക്കുകയാണ്. പെട്ടെന്നു് ടെലിഫോൺ ബെല്ലടിച്ചു.

ഡോക്ടർ ടി. എസ്. വിക്രംസിംഗാണ് മറുവശത്തു നിന്നു സംസാരിച്ചതു്. അദ്ദേഹത്തെ എനിക്കു നേരത്തെ പരിചയമുണ്ടായിരുന്നില്ല. അതുകൊണ്ടു് സ്വയം പരിചയപ്പെടുത്തിക്കൊണ്ടാണ് അദ്ദേഹം സംസാരം ആരംഭിച്ചതു്. സൗകര്യമുള്ള ഒരു ദിവസം എന്നെക്കണ്ടു സംസാരിക്കാൻ അദ്ദേഹത്തിനാഗ്രഹമുണ്ടെന്നു് അറിയിച്ചപ്പോൾ ഞാൻ ഒരു തീയതി നിശ്ചയിച്ചു പറഞ്ഞു. അന്നത്തെ സംഭാഷണത്തിൽനിന്നുതന്നെ നല്ല പ്രാക്ടീസുള്ള ഒരു ഡോക്ടറാണ് വിക്രംസിംഗ് എന്നു് എനിക്കു വ്യക്തമായി. രണ്ടു

സ്ഥലത്തായി രണ്ടു ഡിസ്പെൻസറികൾ അദ്ദേഹം നല്ലനിലയിൽ നടത്തിവരുന്നുണ്ടത്രേ!

പറഞ്ഞിരുന്ന തീയതിക്കുതന്നെ ഡോക്ടർ സിംഗ് എന്നെ കാണാൻവന്നു. വൈദ്യശാസ്ത്രരംഗത്തുള്ള തന്റെ അനുഭവങ്ങളെപ്പററിയാണ് അദ്ദേഹം അധികം സംസാരിച്ചതു്, ഞാൻ ഇടയ്ക്കിടെ ചില ചോദ്യങ്ങൾ ചോദിച്ചു. എം. ബി. ബി. എസ്. ബിരുദമേയുള്ളവെങ്കിലും ചികിത്സാശാസ്ത്രത്തിൽ അദ്ദേഹത്തിനു നല്ല വൈദഗ്ധ്യമുണ്ടെന്നുള്ളതിന് ആ ഉത്തരങ്ങൾ തെളിവായിരുന്നു.

ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പെട്ടെന്നു് ഡോക്ടർ സിംഗിന്റെ ഭാവം മാറി. എന്തോ അഗാധമായി ആലോചിക്കുന്നതുപോലെ അദ്ദേഹം കുറച്ചുനേരം മൗനമായിരുന്നു. എന്നിട്ട് എന്റെ നേരെ തിരിഞ്ഞു ചോദിച്ചു:—

'മിസ്റ്റർ കോവൂർ, എന്നെ നിങ്ങൾ ശ്രദ്ധിച്ചോ? സംസാരത്തിനിടയിൽ എന്നിൽ ഒരു ഭാവവ്യത്യാസം വന്നതു കണ്ടോ? സാധാരണ മനുഷ്യനിൽനിന്നു് എനിക്കൊരു മാററമില്ലേ?'

തെരുതെരെന്നുള്ള ഈ ചോദ്യവും ഭാവവ്യത്യാസവും എന്നിൽ കൗതുകമുണർത്തി. വിദ്യാഭ്യാസവും ചികിത്സാനൈപുണ്യവുമുള്ള ഈ മനുഷ്യന്റെ ഭാവവ്യത്യാസത്തിനുള്ള കാരണം എനിക്ക് അപ്പോൾ വ്യക്തമായില്ല. എങ്കിലും ഞാൻ പറഞ്ഞു:—

നിങ്ങളിൽ ഒരു വ്യത്യസ്തതയും ഞാൻ കണ്ടില്ലല്ലോ. സംസാരത്തിൽനിന്നും താങ്കൾ ഒരു നല്ല ഡോക്ടറാണെന്നുമാത്രം എനിക്കു മനസ്സിലായി.

'അതല്ല മിസ്റ്റർ കോവൂർ'—അദ്ദേഹം പറഞ്ഞു: 'ഞാൻ മററുമനുഷ്യരിൽനിന്നു വളരെ വ്യത്യസ്തനാണ്. ഇതു് എനിക്കുമാത്രമേ അറിയാവൂ. എന്റെ പെരുമാററം, സംസാരം തുടങ്ങിയവ സാധാരണ മനുഷ്യരുടേതുപോലെ അല്ല.'

ഞാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നു. അദ്ദേഹം തുടർന്നു:—

'എം. ബി. ബി. എസ്. പാസ്സായതിനുശേഷം ഇന്ത്യയിലെ ബാംഗ്ളൂർനഗരത്തിൽ ഞാൻ കുറേക്കാലം താമസിച്ചു. പ്രസിദ്ധ ഹൃദ്രോഗവിദഗ്ദ്ധനായ ഡോക്ടർ റാവുവിൻെറ കീഴിൽ പരിശീലനം നടത്തുകയായിരുന്നു ഞാൻ. ഇതിനിടയിൽ ഒരു യോഗിയുടെ അടുത്തു് യോഗാസനങ്ങളും ശീലിച്ചു. യോഗധ്യാനത്തിൽ ഞാൻ ആനന്ദം കണ്ടെത്തി. അതുവഴി പരാശക്തിയുടെ പ്രത്യേക അനുഗ്രഹവും എനിക്കു ലഭിച്ചു. സിംഹളവും ഇംഗ്ളീഷും മാത്രമേ എനിക്കറിയാമായിരുന്നുള്ളു. എന്നാൽ, ഈ പരാശക്തിയുടെ അനുഗ്രഹം യോഗധ്യാനംവഴി ലഭിച്ചതോടെ ലോകത്തിലെ ഏതു ഭാഷയും സംസാരിക്കുവാൻ എനിക്കു് കഴിവു ലഭിച്ചു. അതാണു് മററു മനുഷ്യരിൽനിന്നും വ്യത്യസ്തനാവാൻ കാരണം.''

ഡോക്ടർ സിംഗ് പറഞ്ഞുനിറുത്തി. ഏതായാലും അദ്ദേഹത്തിനു് ലോകത്തിലെ എല്ലാ ഭാഷകളും സംസാരിക്കാൻ കഴിയുമെന്നു് വിശ്വസിക്കാൻ എനിക്കു കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ അവകാശവാദം പരീക്ഷണവിധേയമാക്കാൻ ഞാൻ തീരുമാനിച്ചു.

'ഇപ്പോഴും താങ്കൾക്കു് എല്ലാ ഭാഷകളും സംസാരിക്കാൻ കഴിയുമോ?' ഞാൻ ചോദിച്ചു.

'കഴിയും'–വിക്രംസിംഗ് പറഞ്ഞു. ''താങ്കൾ പറയുന്ന ഏതു ഭാഷയിലും സംസാരിച്ചു കേൾപ്പിക്കാം.'

'ശരി. എങ്കിൽ അറബിക്കിൽ കുറെ വാചകങ്ങൾ പറയണം.'

ഞാൻ വായടയ്ക്കുന്നതിനുമുൻപു് അദ്ദേഹം അറബിഭാഷ പറയാനാരംഭിച്ചു. അഞ്ചുമിനിററു കഴിഞ്ഞിട്ടും അദ്ദേഹം നിറുത്തിയില്ല. 'മതി. മതി'യെന്നു് പലവട്ടം പറഞ്ഞപ്പോഴാണു് അദ്ദേഹം അവസാനിപ്പിച്ചതു്.

'ഇനി ഹിന്ദിയിൽ ഒന്നു സംസാരിക്കുക'–ഞാൻ നിർദ്ദേശിച്ചു. ഉടനെ അദ്ദേഹം ഹിന്ദി പറയാൻ തുടങ്ങി, അതു നിറുത്തിക്കിട്ടാൻ നന്നേ പാടുപെടേണ്ടിവന്നു.

'സ്വാഹിലി ഭാഷയിൽ ഒന്നു സംസാരിക്കുക.' യാതൊരു മടിയും കൂടാതെ ഡോക്ടർ വിക്രംസിംഗ് ആ ആഫ്രിക്കൻ ഭാഷ പറയാൻ തുടങ്ങി. അല്പംകഴിഞ്ഞു ഞാൻ ചോദിച്ചു:—

'ഇനി മലയാളത്തിൽ ഒന്നു സംസാരിക്കാമോ?'

'ഓഹോ ആവാം' എന്നുപറഞ്ഞുകൊണ്ടു് അദ്ദേഹം മലയാളത്തിൽ സംസാരിക്കാനാരംഭിച്ചു. അഞ്ചുമിനിററു നേരം തുടർച്ചയായി സംസാരിച്ചതിനുശേഷം എൻെറ നേരെ തിരിഞ്ഞു ചോദിച്ചു:—

'മിസ്റ്റർ കോവൂർ, എന്നെപ്പററി നിങ്ങൾക്കു് എന്തു തോന്നുന്നു?'

'നിങ്ങൾ ഒരു ഡോക്ടറായതുകൊണ്ടു് ഞാൻ തുറന്നുപറയാം'—ഞാൻ പറഞ്ഞു. 'താങ്കൾ ഒരു മനോരോഗിയാണു്.'

ഇതുകേട്ടു് ഡോക്ടർ വിക്രംസിംഗ് അന്ധാളിച്ചു. ഞാൻ തുടർന്നു:—

'താങ്കൾ വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയ ആളാണെങ്കിലും സാധാരണ മനുഷ്യർക്കെന്നപോലെ മനോരോഗം ബാധിച്ചിട്ടുണ്ടു്. നിങ്ങൾ പറഞ്ഞതൊന്നും യഥാർത്ഥത്തിൽ ആ ഭാഷകളായിരുന്നില്ല. അറബിക്, ഹിന്ദി, സ്വാഹിലി തുടങ്ങിയ ഭാഷകളൊന്നും എനിക്കറിയില്ലെങ്കിലും ഒരാൾ സംസാരിക്കുന്നതു കേട്ടാൽ അതു് ഏതു ഭാഷയാണെന്നു മനസ്സിലാക്കാൻ എനിക്കു കഴിയും. നിങ്ങൾ പറഞ്ഞതൊന്നും ആ ഭാഷകളല്ലെന്നു തോന്നിയതുകൊണ്ടാണു് മലയാളത്തിൽ പറയാൻ നിർദ്ദേശിച്ചതു്. കൊളംബോയിലാണു താമസിക്കുന്നതെങ്കിലും എൻെറ മാതൃഭാഷ മലയാളമാണു്. താങ്കൾ അഞ്ചുമിനിററുനേരം പറഞ്ഞ 'മലയാള'ത്തിൽ ഒരു മലയാളപദംപോലും ഇല്ലെന്നുള്ളതാണു് യാഥാർത്ഥ്യം. 'സെനോഗ്ലോസിയ' (Xenoglossia) എന്ന മാനസികരോഗമാണു് നിങ്ങൾക്കു്.

ക്രമേണ ഡോക്ടർ വിക്രംസിംഗിന്റ് കാര്യം മനസ്സിലായി. അദ്ദേഹത്തെ ഞാൻ ഹിപ്നോട്ടൈസ് ചെയ്ത് രോഗം ഭേദപ്പെടുത്തി.

വിക്രംസിംഗ്, ബാംഗ്ളൂരിൽ താമസിക്കുന്ന കാലത്താണ് യോഗധ്യാനത്തെ സംബന്ധിച്ചുള്ള മൂഢവിശ്വാസത്തിൽപെട്ടത്. യോഗധ്യാനം ശീലിച്ചാൽ ഏതു ഭാഷയും സംസാരിക്കുവാനുള്ള കഴിവുണ്ടാകുമെന്ന് അദ്ദേഹം തെററിദ്ധരിച്ചു. ആ ധാരണയോടെ ധ്യാനം തുടർന്ന സിംഗിന് കുറേക്കാലം കഴിഞ്ഞപ്പോൾ ആ കഴിവ് തനിക്ക് കൈവന്നുവെന്നു തോന്നി. പല ഭാഷക്കാരായ ആളുകൾ വസിക്കുന്ന ബാംഗ്ളൂർ നഗരത്തിൽവച്ച് പല ഭാഷകളിലുള്ള വാചകങ്ങൾ അദ്ദേഹം പഠിക്കുകയും ചെയ്തു. അതുകൊണ്ടാണ് പല ഭാഷകൾ സംസാരിക്കാനും അങ്ങനെ മററുള്ളവരെ ധരിപ്പിക്കാനും കഴിഞ്ഞത്. ഇത് ദൈവികശക്തിയാണെന്നു വിശ്വസിച്ചിരുന്നവർക്ക് അതേപ്പററി അന്വേഷിക്കാൻ താല്പര്യവും ഉണ്ടായിരുന്നില്ല. അവർ ഒരു അർദ്ധദൈവമായി സിംഗിനെ ആരാധിക്കുകയാണ് ചെയ്തിരുന്നത്.

ചികിത്സയിലും വായനയിലും ശ്രദ്ധിച്ചിരുന്നതുകൊണ്ട് ഈ രോഗം ഒരു പരിധിവിട്ട് അദ്ദേഹത്തിൽവളന്നില്ല എന്നുമാത്രം. മററു മനോരോഗങ്ങൾപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ്. സെനോഗ്ലോസിയയും. അറിയാത്ത ഭാഷകളിൽ സംസാരിക്കാനുള്ള ഭാഷാവരം ദൈവം കൊടുക്കുമെന്നു വിശ്വസിക്കുന്നവരിൽ പലർക്കും ഇത്തരം രോഗം ഉണ്ടാകാറുണ്ട്. 'മറുഭാഷ' പറയാൻകഴിവുണ്ടെന്ന് അവകാശപ്പെടുന്ന പല സ്ത്രീപുരുഷന്മാരും യഥാർത്ഥത്തിൽ ഈ മനോരോഗം ബാധിച്ചവരാണ്. ചികിത്സിച്ചാൽ അവരുടെയൊക്കെ 'ഭാഷാവരം' ഇല്ലാതാകും.

# 10. ദിവ്യദർശനം

1942 ഏപ്രിൽ മാസത്തിലെ ഒരു ദിവസമാണു് തിരുവല്ലയിൽവച്ചു് എൻെറ അമ്മ (മാർത്തോമാസഭയിലെ വികാരിജനറാൾ ആയിരുന്ന കോവൂർ അയ്പുതോമ്മാകത്തനാരുടെ ഭാര്യ) അന്തരിച്ചതു്. ഞാൻ അന്നു് ശ്രീലങ്കയിലാണു്. വിവരത്തിനു് എനിക്കു കമ്പിയടിച്ചെങ്കിലും പത്തു ദിവസം കഴിഞ്ഞാണു് കിട്ടുന്നതു്. രണ്ടാം ലോകമഹായുദ്ധം നടന്നുകൊണ്ടിരുന്ന ആ സമയത്തു് ജപ്പാൻെറ ബോംബാക്രമണംമൂലം ഇന്ത്യാ–സിലോൺ ടെലഗ്രാഫിക് സർവ്വീസ് കുഴപ്പത്തിലായിരുന്നതാണു് കമ്പി താമസിക്കാൻ കാരണം.

അമ്മ മരിച്ചിട്ടു പത്തു ദിവസം കഴിഞ്ഞുപോയതിനാൽ ലീവെടുത്തു നാട്ടിൽ പോയിട്ടു കാര്യമില്ലെന്നു് ഞാൻ കരുതി. അടുത്ത അവധിക്കേ വരികയുള്ളു എന്നു് വീട്ടിലേക്കു് എഴുതി അറിയിക്കുകയും ചെയ്തു. ഏതാനും മാസം കഴിഞ്ഞാണു് ഞാൻ തിരുവല്ലയിലുള്ള എൻെറ പിതൃഗൃഹത്തിലെത്തിയതു്. അമ്മയുടെ അവസാനകാല സംഭവങ്ങളേയും മരണത്തേയും ശവമടക്കിനേയും മററുംപററി മൂത്ത സഹോദരനും ബന്ധുക്കളും വിസ്തരിച്ചു് എന്നോടു പറഞ്ഞു. അതിൽ ഒരു കഥ എൻെറ മനസ്സിൽ തട്ടി.

അമ്മയുടെ ശവസംസ്കാരം കഴിഞ്ഞു് ഏതാനും മണിക്കൂറുകൾക്കകം, എൻെറ സഹോദരൻെറ മകൾ ആൻ കോവൂർ തിരുവല്ലയിലുള്ള മുഴുവൻ സുറിയാനിക്രിസ്ത്യാനികളുടെയും ശ്രദ്ധയാകർഷിച്ചു. അവൾ ആകാശത്തേക്കു നോക്കിയപ്പോൾ അമ്മയുടെ ആത്മാവു് സ്വർഗ്ഗത്തേയ്ക്കു പോകുന്നതു കണ്ടു. ശവം എടുത്തുകൊണ്ടുപോയ കട്ടിലിൻെറ ഇരുവശവും ചിറകുള്ള, വെള്ളവസ്ത്രം ധരിച്ച മാലാഖമാർ പിടിച്ചിരുന്നുവത്രെ. ചിലർ മെഴുകുതിരിയും കത്തിച്ചുപിടിച്ചിരുന്നു. കാൽക്കലും തലയ്ക്കലും രണ്ടു മാലാ

ഖമാർ വെള്ളിക്കുരിശുകളും വഹിച്ചുകൊണ്ടു നിന്നിരുന്നു.

ഈ ദിവ്യദർശനം ലഭിച്ച ആനിനെ ഞങ്ങളുടെ നാട്ടുകാർ ഒരു പുണ്യവതിയെപ്പോലെ കണക്കാക്കി. എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ഭക്തജനങ്ങൾ ഞങ്ങളുടെ വീട്ടിൽക്കൂടി പാട്ടും പ്രാർത്ഥനയും നടത്തിവന്നു. ഈ സന്ദർഭത്തിൽ ആൻ ആകാശത്തേക്കുനോക്കി 'സ്വർഗ്ഗത്തിലെ കാഴ്ചകൾ വിസ്തരിച്ചു പറഞ്ഞിരുന്നു. ജനങ്ങൾ ഭയഭക്തിപൂർവ്വം ഈ കഥകൾ കേട്ടുവന്നു. ആനിന്ന് എന്തോ അപാകതയുണ്ടെന്നു് എനിക്കു് വ്യക്തമായിരുന്നു. അവൾക്കു് എന്തോ മനോരോഗമുണ്ടെന്നു് ഞാൻ കരുതി.

അവധി കഴിഞ്ഞു് ഞാൻ ശ്രീലങ്കയ്ക്കു പോരുന്നതിനുമുമ്പു് ആനിന്റെ രോഗത്തെപ്പററി ഞാൻ ചേട്ടനോടു പറഞ്ഞു. അവളെ ഇപ്പോഴേ ചികിത്സിച്ചില്ലെങ്കിൽ കഴപ്പമാകുമെന്നും ചേട്ടനു വിരോധമില്ലെങ്കിൽ ഞാൻ കൊളംബോയിൽ കൊണ്ടുപോയി ഡോക്ടറെക്കൊണ്ടു പരിശോധിപ്പിക്കാമെന്നും പറഞ്ഞു. വലിയ ഭക്തനായിരുന്നെങ്കിലും എന്റെ അഭിപ്രായത്തിൽ എന്തോ കഴമ്പുണ്ടെന്നു് അദ്ദേഹത്തിനു തോന്നി. ആനിനെ എന്റെകൂടെ അയച്ചു.

കൊളംബോയിൽ കൊണ്ടുവന്നു് അവളെ വിദഗ്ദ്ധനായ ഒരു ഡോക്ടറെ ഞാൻ കാണിച്ചു. വൈദ്യപരിശോധനയിൽ തൊണ്ടയിലുള്ള പാരാതൈറോയിഡ് ഗ്രന്ഥികളുടെ തകരാറാണ് ആനിന്റെ രോഗകാരണമെന്നു വ്യക്തമായി. സ്വന്തം മുത്തശ്ശിയുടെ ആത്മാവിനേയും മാലാഖമാരേയും ആകാശത്തിൽ കാണാൻ അവളെ സഹായിച്ചതു് ഈ ഗ്രന്ഥിയുടെ തകരാറാണ്. ഇതിനു് മററു ചില പശ്ചാത്തലങ്ങൾ കൂടിയുണ്ടു്. വളരെ കൊച്ചുകുട്ടിയായിരുന്ന കാലം മുതൽ സ്വർഗ്ഗത്തെയും നരകത്തെയും മരണാനന്തര ജീവിതത്തെയും പററി അവൾ കേട്ടിരുന്നു. വികാരിജനറാളായിരുന്ന മുത്തച്ഛനെ ഒരു പുണ്യാത്മാവായിട്ടാണ് വീട്ടുകാരും നാട്ടുകാരും കരുതിയിരുന്നതു്. അദ്ദേഹത്തിന്റെ പത്നിയെപ്പററിയും ഏതാണ്ടു് ഇതേ മനോഭാവമായിരുന്നു ആളുകൾക്കു്. അതുകൊണ്ടു് പുണ്യവതി

യായ മുത്തശ്ശി സ്വർഗ്ഗത്തിൽതന്നെ പോകുമെന്നു് പാവം ആൻ വിശ്വസിച്ചിരുന്നു. അത്തരം ആളുകളുടെ ആത്മാക്കളെ വെള്ളമേലങ്കി ധരിച്ച മാലാഖമാർ സ്വർഗ്ഗത്തിലേക്കു് എടുത്തുകൊണ്ടുപോകുമെന്നും അവൾ കേട്ടിരുന്നു. നേരെമറിച്ചു് ചീത്തമനുഷ്യരുടെ ആത്മാക്കളെ ഒരിക്കലും അവസാനിക്കാത്ത, ചാകാത്ത പുഴവും കെടാത്തതീയുമുള്ള നരകത്തിലിട്ടു് ദണ്ഡിപ്പിക്കാൻ വാലും കൊമ്പുമുള്ള പിശാചുക്കൾ വലിച്ചുകൊണ്ടുപോകുമെന്നും അവൾ പഠിച്ചിരുന്നു. ദൈവവും മാലാഖമാരും നല്ല മനുഷ്യരുടെ ആത്മാക്കളും വസിക്കുന്നതു് ഭൂമിക്കു മുകളിലുള്ള സ്വർഗ്ഗത്തിലാണെന്നും നരകം ഭൂമിക്കു താഴെയാണെന്നുമാണു് സാധാരണവിശ്വാസം. ഇതെല്ലാം ആനിന്റെ തലച്ചോറിൽ ചില ചിത്രങ്ങൾ വരച്ചിരുന്നു. തൈറോയിഡ് ഗ്രന്ഥിക്കുള്ള പ്രത്യേകചികിത്സ നൽകിയതിനുപുറമേ അവൾക്കു് കാതസ്യത്തിന്റെ കുറവു് പരിഹരിക്കാനുള്ള മരുന്നുകൊടുക്കാനും ഡോക്ടർ നിർദ്ദേശിച്ചു. ഏതാനും മാസത്തെ ചികിത്സ കഴിഞ്ഞപ്പോൾ അവൾ മുത്തശ്ശിയുടെ ആത്മാവിനെ കാണാതായി.

ആൻ കേരളത്തിൻ തിരിച്ചെത്തി കുറെ നാളുകൾക്കു ശേഷം വിവാഹിതയായി. ആരോഗ്യമുള്ള മക്കളും ഭർത്താവുമൊത്തു് അവൾ സുഖമായി ജീവിക്കുന്നു.

അന്നു്, ഞാൻ ശ്രീലങ്കയിൽ കൊണ്ടുപോയി ചികിത്സിപ്പിച്ചിരുന്നില്ലെങ്കിൽ മനോരോഗിയായി അവൾ ജീവിതം നയിക്കേണ്ടിവരുമായിരുന്നു. ദിവ്യശക്തികളുള്ള ഒരു പുണ്യവതിയായി കേരളത്തിലെ ക്രിസ്ത്യാനികൾ അവളെ ബഹുമാനിക്കുമായിരുന്നു എന്ന കാര്യത്തിലും എനിക്കു സംശയമില്ല.

## 11. മഷിനോട്ടം

1963 ഏപ്രിൽ 20. അത്ഭുതകരമായ ഒരു വാർത്തയുമായിട്ടാണു് അന്നത്തെ 'സിലോൺ ഡെയ്‌ലി ന്യൂസ്'

പത്രം പുറത്തുവന്നതു്. 'തട്ടിക്കൊണ്ടുപോയ പെൺകുട്ടിയെ കണ്ടുപിടിക്കാൻ മഷിനോട്ടക്കാരൻ സഹായിച്ചു' എന്നു് വലിയ തലക്കെട്ടിൽ ചേർത്തിരുന്ന വാർത്തയുടെ ആദ്യത്തെ ഖണ്ഡിക ഇപ്രകാരമായിരുന്നു.:—

'തട്ടിക്കൊണ്ടുപോയ ഒരു പെൺകുട്ടിയെ മഷിനോക്കി കണ്ടുപിടിച്ചിരിക്കുന്നു. പെൺകുട്ടിയേയും കൊണ്ടുപോയ ടാക്സിയുടെ നമ്പറും അതു പോയവഴിയും മഷിനോട്ടക്കാരൻ കൃത്യമായി പറഞ്ഞുവത്രെ. കൊളംബോയിലെ ആക്ടിംഗ് ചീഫ് മജിസ്ട്രേട്ടായ മിസ്റ്റർ സേനാതിരാജായുടെ കോടതിയിൽ വച്ചാണ് പ്രോസിക്യൂട്ടർ ഈ കഥ വെളിപ്പെടുത്തിയതു്. മാടമ്പിത്തീയ റോഡിൽ താമസക്കാരായ കുമാരതുംഗ, അമരതുംഗ എന്നീ യുവാക്കൾ ചേർന്നാണ് 15 വയസ്സുള്ള പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയതു്. പ്രസ്തുത റോഡിൽത്തന്നെ താമസിക്കുന്ന മലയാളിയും കള്ളഷാപ്പുടമയുമായ ശ്രീ ഈ. പി എസ്. രാമന്റെ പുത്രിയാണ് ബാലിക.

മഷിനോട്ടത്തിന്റെ അത്ഭുതശക്തിയിൽ വിശ്വസിക്കുവാൻ ഇതു പലരേയും പ്രേരിപ്പിച്ചു. മഷിനോട്ടം അന്ധവിശ്വാസപരമാണെന്നു് കരുതിയിരുന്നവർ അമ്പരന്നുപോയി. പൗരസ്ത്യനാടുകളുടെ അത്ഭുതകരമായ നേട്ടങ്ങളിൽ വിശ്വാസമില്ലാത്ത 'നാടൻധ്വര'മാരെ കളിയാക്കിക്കൊണ്ടു പല ലേഖനങ്ങളും ഇതേത്തുടർന്നു പുറത്തുവന്നു. രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ സിലോൺദ്വീപിൽ ഒട്ടാകെ ഇതു സംസാരവിഷയമായി.

ഈ വാർത്തയുമായി ചിലർ എന്നെ സമീപിച്ചു; മററു ചിലർ ഫോൺ ചെയ്തു. വാർത്തയുടെ സത്യാവസ്ഥ തിരക്കിയറിയണമെന്നു് വേറെ ചിലർ എഴുതിയയക്കുകയും ചെയ്തു. ഏപ്രിൽ 26—ാം തീയതി ഞാൻ അന്വേഷണം ആരംഭിച്ചു.

മാടമ്പിത്തീയറോഡിൽ നിന്നാണല്ലോ പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയതു്. ഞാൻ കാറിൽ ആ സ്ഥലത്തേക്കു പുറപ്പെട്ടു. അവിടെ നല്ല പരിചയമില്ലാതിരുന്ന

ത്തുകൊണ്ടു് ആ റോഡിൽ ആദ്യം കണ്ട ഒരു ചായക്കടയുടെ മുമ്പിൽ കാറു നിറുത്തി വിവരം തിരക്കി. ഒരു മലയാളിയായ രാഘവനായിരുന്നു കടയുടമസ്ഥൻ. മറെറാരു മലയാളിയെ പരിചയപ്പെടാൻ ഇടയായതിൽ അയാാം സന്തോഷിച്ചു. എൻെറ ആവശ്യം കേട്ടപ്പോാം രാഘവൻ സഹായിക്കാൻ തയ്യാററായി, ടാക്സിയുടെ നമ്പർ പറഞ്ഞുകൊടുത്ത മഷിനോട്ടക്കാരനെ രാഘവനു് അടുത്ത പരിചയമുണ്ടെന്നും, കൂടെ അവിടംവരെ വരാമെന്നും അയാാം പറഞ്ഞു. അതനുസരിച്ചു് ഞങ്ങാം രണ്ടാളുംകൂടി കാറിൽ മഷിനോട്ടക്കാരൻെറ വീട്ടിലേക്കു തിരിച്ചു. അവിടെനിന്നും രണ്ടുമൈൽ ദൂരെ സിൽവൻസ്റ്റിത്തു് തെരുവിലാണു് മഷിനോട്ടക്കാരൻ താമസിച്ചിരുന്നതു്.

വഴിക്കുവെച്ചു് രാഘവൻ അയാളുടെ കഥ മുഴുവൻ പറഞ്ഞു. മാടമ്പിത്തീയറോഡിലും സമീപപ്രദേശങ്ങളിലും താമസിക്കുന്ന മലയാളികളെല്ലാം ഒത്തുകൂടുന്ന ഒരു സ്ഥലമാണു് രാഘവൻെറ ചായക്കട. മലയാളികളുടെ വകയായി രണ്ടു കള്ളഷാപ്പുകളും ആ തെരുവിലുണ്ടു്. അതിൽ ഒന്നു മോഷ്ടിക്കപ്പെട്ട പെൺകുട്ടിയുടെ പിതാവായ രാമൻേറതാണു്. ചായക്കടയിൽനിന്നുള്ള വരുമാനം കൊണ്ടു രാഘവനും അയാളുടെ സിലോൺകാരിയായ ഭാര്യയ്ക്കും രണ്ടു കുട്ടികാംക്കും ജീവിക്കാനുള്ള വക കിട്ടും. ഇന്ത്യയിലേക്കു് പണം അയയ്ക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് 'രാജ്യ'ത്തുള്ള ഭാര്യയ്ക്കും മക്കാംക്കും ഒന്നും അയച്ചുകൊടുക്കാറില്ല. ചായക്കടയ്ക്കുപുറമേ മറെറാരു വരുമാനമാർഗ്ഗം കൂടിയുണ്ടു് രാഘവനു്—മന്ത്രവാദം. ഒരു മലയാളിയായതുകൊണ്ടാണു് മന്ത്രവാദം ചെയ്തു് കുറച്ചുപണം ഉണ്ടാക്കാൻ തനിക്കു കഴിയുന്നതെന്നു് അയാാം പറഞ്ഞു. മലയാളികളെല്ലാം നല്ല മന്ത്രവാദികളാണെന്നാണു് സിലോൺകാരുടെ വിശ്വാസം.

തട്ടിക്കൊണ്ടുപോകപ്പെട്ട പെൺകുട്ടിയുടെ അച്ഛനായ ശ്രീ ഇ. പി. എസ്. രാമനും രാഘവൻെറ പരിചയക്കാരനാണു്. മലയാളിയായ രാമൻ തൻെറ മലയാളി ഭാര്യയും മൂന്നുകുട്ടികളുമൊത്തു് മാടമ്പിത്തീയറോഡിനു

സമീപമുള്ള ഒരു വീട്ടിലാണ് താമസിച്ചിരുന്നത്. രാമന്റെ മൂത്തമകൾ അയൽക്കാരനായ കുമാരതുംഗനുമായി പ്രണയത്തിലായിരുന്നുവത്രേ. വീട്ടുകാർ ഇതിന്ന് അനുകൂലമായിരുന്നില്ല. അമ്മയും അച്ഛനും ഒരു വിവാഹസൽക്കാരത്തിൽ പങ്കെടുക്കുന്നതിനുപോയ തക്കം നോക്കി, ജനുവരി 21–ാം തീയതി അവൾ അയാളുമൊത്ത് ഒളിച്ചുപോവുകയാണ് ചെയ്തത്.

മാതാപിതാക്കൾ പല സ്ഥലത്തും കുട്ടിയെ അന്വേഷിച്ചു. അവസാനമാണ് അറിയുന്നത് കുമാരതുംഗനും സ്ഥലത്തില്ലെന്ന്. അയാളും അവളുംകൂടി സ്ഥലം വിട്ടതാണെന്ന് അവർക്ക് മനസ്സിലായി. പക്ഷേ, എങ്ങോട്ടാണ് അവർ പോയതെന്നുമാത്രം പിടികിട്ടിയിട്ടില്ല. അപ്പോഴാണ് മഷിനോട്ടക്കാരൻ പാപ്പുവിന്റെ അടുത്തു പോയത്. അദ്ദേഹം കുമാരതുംഗനും പെൺകുട്ടിയും പോയ ടാക്സിയുടെ നമ്പറും അതുപോയ വഴിയും മഷി നോക്കി പറഞ്ഞുകൊടുത്തുവത്രെ. അങ്ങനെ പെൺകുട്ടിയേയും അയാളേയും പിടിച്ചു. കുമാരതുംഗന്റെ വീടിനടുത്തുനിന്നും വളരെ ദൂരെ കൊടഹേന എന്ന സ്ഥലത്താണ് പെൺകുട്ടിയും കുടുംബവും പിന്നീട് താമസമാക്കിയതെന്നും രാഘവൻ പറഞ്ഞു.

ടാക്സിയുടെ നമ്പറും അതു പോയ വഴിയും മഷി നോക്കി പറഞ്ഞ പാപ്പു എന്നയാളെപ്പററിയും രാഘവൻ സംസാരിച്ചു. അയാൾ ഒരു സിലോൺകാരൻ ആണെന്നും തൊഴിലിന്റെ സൗകര്യത്തിനുവേണ്ടി മലയാളിയുടെ പേരു സ്വീകരിച്ചതാണെന്നും രാഘവൻ പറഞ്ഞു. മലയാളം എഴുതാനോ വായിക്കാനോ അറിഞ്ഞുകൂടെങ്കിലും അനായാസമായി സംസാരിക്കാൻ അയാൾക്ക കഴിയുമത്രെ.

പതിനഞ്ചു മിനിററുകൊണ്ട് എന്റെ കാർ സിൽവൻസ്ലിത്ത് തെരുവിൽ മഷിനോട്ടക്കാരൻ പാപ്പുവിന്റെ പടിക്കൽ എത്തി. വേറെ മൂന്നു കാറുകൾ അപ്പോൾ അവിടെ പാർക്കുചെയ്യുന്നുണ്ടായിരുന്നു. 'പ്രൊഫസർ

പാപ്പ്' എന്ന് ഇംഗ്ലീഷിലും മലയാളത്തിലും തമിഴിലും എഴുതിയ ഒരു ബോർഡ് അവിടെ വച്ചിരുന്നു. ഞാനും രാഘവനും വരാന്തയിൽ നിന്നും സ്വീകരണമുറിയിലേക്കു കടന്നു. സ്ത്രീകളും പുരുഷന്മാരുമായി വളരെയധികം ആളുകൾ അവിടെ കാത്തിരിക്കുന്നുണ്ടായിരുന്നു. കേരളത്തിലെ ഒരു നാട്ടമ്പുറത്തുകാരിയെപ്പോലെ വസ്ത്രധാരണം ചെയ്ത ഒരു സ്ത്രീയാണ് അതിഥികളെ സ്വീകരിച്ചിരുന്നത്. അത് പാപ്പുവിന്റെ ഭാര്യയാണെന്നും അവർ സിലോൺകാരി തന്നെയാണെന്നും രാഘവൻ പറഞ്ഞു. ആ സ്ത്രീ സന്ദർശകരുടെ പ്രശ്നങ്ങൾ ചോദിച്ചു മനസ്സിലാക്കുകയും, പാപ്പുവിന്റെ അടുത്തുചെല്ലുമ്പോൾ ആചരിക്കേണ്ട മര്യാദകളും നൽകേണ്ട പ്രതിഫലവും മറ്റും എന്താണെന്നു പറഞ്ഞുകൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇടയ്ക്കിടെ അവർ പാപ്പുവിന്റെ മുറിയിലേക്കു പോകും. അയാളുടെ മുമ്പിൽ കത്തിച്ചുവെച്ചിരിക്കുന്ന നിലവിളക്കിന്റെ തിരി നീട്ടുക, അതിൽ എണ്ണ ഒഴിക്കുക, തുടങ്ങിയവയ്ക്കുവേണ്ടിയാണ് അവർ അങ്ങോട്ട് പോയിരുന്നത്. അതിനിടയിൽ അയാളുമായി ഒന്നോ രണ്ടോ വാക്കുകൾ സംസാരിക്കുകയും ചെയ്യും.

രാഘവന് പാപ്പുവുമായി അടുത്ത പരിചയമുണ്ടായിരുന്നതുകൊണ്ട് എനിക്കു 'ക്യൂ' അനുസരിച്ചു കാത്തുനിൽക്കേണ്ടിവന്നില്ല. ഷൂസ് അഴിച്ചുവച്ചിട്ട് കയറിച്ചെല്ലാൻ അയാൾ പറഞ്ഞു ഞാൻ രാഘവനെ അനുഗമിച്ചു. പത്തു ചതുരശ്രയടി വിസ്താരമുള്ള ഒരു ചെറിയ മുറിയിലേക്കാണ് ഞങ്ങൾ കടന്നത്. ശരിയായ വെൻറിലേഷൻ ഇല്ലാത്തതുകൊണ്ട് ആ നട്ടുച്ചസമയം പോലും ഇരുട്ടു തങ്ങിനിന്നിരുന്നു. മുറിയുടെ ഒത്തനടുവിലുള്ള ത്രികോണാകൃതിയിലുള്ള കുഴിയിൽനിന്നും കർപ്പൂരം കത്തുന്നതിന്റെ പുക ഉയരുന്നുണ്ട്. ഈ കുഴിയുടെ പാർശ്വങ്ങളിൽ തേങ്ങ, അവൽ, അരി, പലതരം പഴങ്ങൾ, കായ്കൾ എന്നിവ കുന്നുകൂടിക്കിടക്കുന്നു. വെററില, പാക്ക് എന്നിവയോടൊപ്പം ദക്ഷിണവെച്ച നോട്ടുകളും ചില്ലറകളും ഒരുകിലേസ്സുമാററി കൂട്ടിയിട്ടിരിക്കുകയാണ്. ചവറുപോലെ നിസ്സാരമായിട്ടാണ് പണം അവിടെ കൈ

കാര്യം ചെയ്യുന്നതെന്നു തോന്നും അതുകണ്ടാൽ. മുറിയുടെ ഒരു മൂലയിൽ ചമ്രം പടിഞ്ഞാണു് പ്രൊഫസർ പാപ്പു ഇരിക്കുന്നതു്. താടിയും തലമുടിയും വളർത്തിയ അയാൾ ദേഹമാസകലം ഭസ്മം പൂശിയിരിക്കുകയാണു്. കണ്ടാൽ ഒരു വലിയ സന്യാസിയാണെന്നേ തോന്നുകയുള്ളു. പാപ്പുവിന്റെ മുമ്പിലിരിക്കുന്ന ഒരു ചെറിയ പെട്ടിക്കകത്താണു് അത്ഭുതശക്തിയുള്ള മഷി ഇരിക്കുന്നതു് എന്നു് രാഘവൻ പറഞ്ഞു.

ഞാനും രാഘവനും അവിടെ ചെന്നിരിക്കുമ്പോൾ പാപ്പു മററൊരാൾക്കുവേണ്ടി മഷി നോക്കിക്കൊണ്ടിരിക്കുകയായിരുന്നു എന്നു പറഞ്ഞല്ലോ. മുമ്പിലിരിക്കുന്ന പെട്ടിയുടെ ദ്വാരത്തിലൂടെ സൂക്ഷിച്ചു നോക്കിക്കൊണ്ടാണു് അയാൾ ഉത്തരം പറഞ്ഞിരുന്നതു്. വന്നയാൾ പോയിക്കഴിഞ്ഞപ്പോൾ പാപ്പു രാഘവന്റെ നേരെ തിരിഞ്ഞു ചിരിച്ചു. അപ്പോൾ മാത്രമേ അയാൾ പരിചയഭാവം കാണിച്ചുള്ളു. രാഘവൻ ഉടനെതന്നെ എന്നെ പാപ്പുവിനു് പരിചയപ്പെടുത്തി. ഇംഗ്ലീഷുപത്രങ്ങളിൽ ലേഖനം എഴുതുന്ന ഒരു പ്രൊഫസറാണു് ഞാൻ എന്നു കേട്ടപ്പോൾ പാപ്പു വിനീതനായി തൊഴുതു.

സമയം പാഴാക്കാതെ പാപ്പു തന്റെ അത്ഭുതവിദ്യയെപ്പററി എന്നോടു പറയാൻ തുടങ്ങി. ഹാറുമണീസ് പെരേര എന്നായിരുന്നു അയാളുടെ ശരിയായ പേരു്. പാപ്പുവെന്ന പേരുകൊടുത്തതു് അയാളെ മഷിനോട്ടവും മന്ത്രവാദവും പഠിപ്പിച്ച മലയാളഗുരുക്കന്മാരാണു്. കുന്നംകുളം സ്വദേശികളായ കൃഷ്ണപ്പണിക്കർ, കുമാരപ്പണിക്കർ, ദാമോദരപ്പണിക്കർ, ഗോവിന്ദപ്പണിക്കർ എന്നിവരാണു് പാപ്പുവിന്റെ ഗുരുക്കന്മാർ. രണ്ടാം ലോകമഹായുദ്ധകാലത്തു് അവർ നാലുപേരും സിലോൺ വിട്ടു് നാട്ടിലേക്കു പോയി. പല മോഷണക്കേസുകളും താൻ മഷി നോക്കി തെളിയിച്ചിട്ടുണ്ടെന്നു് പാപ്പു അവകാശപ്പെട്ടു രാമനും ഭാര്യയുംകൂടി തന്നെ സമീപിച്ചപ്പോൾ മകളെ തട്ടിക്കൊണ്ടുപോയ കാറിന്റെ നമ്പരും അതുപോയ വഴി

യും താൻ മഷിനോക്കി പറഞ്ഞുകൊടുത്തെന്നും അയാറം പറഞ്ഞു.

ഈ സമയത്തു് ഞാൻ പോക്കററിൽനിന്നും അഞ്ചുരുപയുടെ ഒരു നോട്ട പുറത്തെടുത്തു് മടക്കി ഇടതുകയ്യിൽ വച്ചു. മഷിനോക്കി അതിലെ നമ്പർ പറഞ്ഞാൽകൊള്ളാമെന്നു് ആവശ്യപ്പെട്ടു. രണ്ടു മിനിററുനേരം പെട്ടിയുടെ ദ്വാരത്തിലൂടെ സൂക്ഷിച്ചുനോക്കിയിട്ടു് പാപ്പു കറൻസി നോട്ടിൻെറ നമ്പർ പറഞ്ഞുതുടങ്ങി. ഞാൻ പെൻസിലും കടലാസും രാഘവൻെറ കയ്യിൽ കൊടുത്തിട്ടു് അതെഴുതിയെടുക്കുവാൻ പറഞ്ഞു. ഒരു പരിശോധനയ്ക്കുവേണ്ടി ഞാനും ഡയറിയിൽ അതു കുറിച്ചു. പാപ്പു പറഞ്ഞ നമ്പർ 8/45–90283 ആണു്. പറഞ്ഞുകഴിഞ്ഞ ഉടനെ പാപ്പു നമ്പർ കുറിച്ചോ എന്നു ചോദിച്ചു. ഉവ്വെന്നു് പറഞ്ഞപ്പോറം ആ നോട്ടു് കൊടുക്കാനയാറം പറഞ്ഞു. പക്ഷേ, ഞാൻ അതു വിടർത്തികാണിച്ചതേയുള്ളു. G/51–398415 ആയിരുന്നു എൻെറ കയ്യിലിരുന്ന നോട്ടിൻെറ നമ്പർ. സാധാരണക്കാരെപ്പോലെ ഞാൻ നോട്ടു് പാപ്പുവിൻെറ കയ്യിൽ കൊടുത്തിരുന്നെങ്കിൽ ഞൊടിയിടയ്ക്കുള്ളിൽ അതു മാററി അയാറം പറഞ്ഞ നമ്പരുള്ള നോട്ടു് എൻെറ കയ്യിൽ തരുമായിരുന്നു. നോട്ടിൻെറ നമ്പർ പറഞ്ഞതിൽ തനിക്കു നേരിട്ട പരാജയബോധത്തിൽനിന്നു പാപ്പു വിമുക്തനാകുന്നതിനു് കാത്തുനിൽക്കാതെ ഞാൻ രാഘവനേയും വിളിച്ചുകൊണ്ടു് പുറത്തുവന്നു. 'ഉച്ചസമയത്തു് മഷിനോക്കിയാൽ ചിലപ്പോറം ഇങ്ങനെ പററാറുണ്ടു്.'– എന്നായിരുന്നു ഇക്കാര്യത്തിൽ രാഘവൻെറ പ്രതികരണം.

പാപ്പുവിൻെറ അടുത്തുനിന്നും കൂടുതൽ തെളിവു് കിട്ടാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ ഞാൻ പിറേറദിവസം രാവിലെ കേസ്സന്വേഷണം നടത്തിയ ഗ്രാൻഡ്പാസ് പോലീസ് സ്റ്റേഷനിലെത്തി വിവരങ്ങറം തിരക്കി. അവിടത്തെ പോലീസ് ഓഫീസർ പറഞ്ഞതിൻെറ ചുരുക്കമിതാണു്:

1963 ജനുവരി 21–ാം തീയതി രാവിലെ 10.30 നാണു് പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയ വിവരം പോലീ

സിൽ റിപ്പോർട്ടുചെയ്തതു്. സംശയിക്കപ്പെടുന്ന ആളുടെ പേരും അവർ പറഞ്ഞു. ഉടനേതന്നെ അവിടെനിന്നും സിലോണിലെ എല്ലാ പോലീസ്സ്റ്റേഷനുകളിലേയ്ക്കും വയർലെസ് സന്ദേശങ്ങൾ നൽകപ്പെട്ടു. അമ്പലഗൊണ്ട എന്ന സ്ഥലത്തുകൂടി ഗാളിലേയ്ക്കുപോകുമ്പോൾ അവിടത്തെ പോലീസ്, പെൺകുട്ടിയേയും രണ്ടു പുരുഷന്മാരേയുംകൂടി അറസ്റ്റുചെയ്തു. പിറേറദിവസം അവരെ ഗ്രാൻസ്പാസ്സ്റ്റേഷനിൽ കൊണ്ടുവന്നു. ടാക്സിയുടെ നമ്പറോ മററു വിവരങ്ങളോ ഒരുത്തരം പോലീസിനു നൽകിയിരുന്നില്ല.

അന്നു വൈകുന്നേരം ഞാൻ പെൺകുട്ടിയുടെ പിതാവായ ശ്രീ ഇ. പി. എസ്. രാമനെ അവരുടെ പുതിയ വസതിയിൽ ചെന്നു കണ്ടു. മഷിനോട്ടക്കാരിൽ നിന്നാണ് ടാക്സിയുടെ നമ്പർ അറിഞ്ഞതെന്ന വാർത്ത വന്നതെങ്ങനെയാണെന്നു് ഞാൻ ചോദിച്ചു.

'അതു ഞങ്ങൾ മനഃപൂർവ്വം പ്രോസിക്യൂട്ടറെക്കൊണ്ടു പറയിക്കുകയും ഒരാളെക്കൊണ്ടു റിപ്പോർട്ടുചെയ്യിക്കുകയുമായിരുന്നു'— രാമൻ പറഞ്ഞു:

'മലയാളിയോടു കളിച്ചാൽ നല്ലതല്ലെന്നു് അവരെ മനസ്സിലാക്കാൻ അതിനേക്കാൾ പററിയവഴി എന്താണ് സാർ? പിന്നെ അതുകൊണ്ടു പാപ്പുവിനു വല്ല പ്രയോജനവും ഉണ്ടാകുന്നെങ്കിൽ ഞങ്ങൾക്കു സന്തോഷവുമാണ്.'

## 12. യൂറിഗെല്ലറുടെ ദിവ്യശക്തി

ഇന്ത്യയിലെ സായിബാബയെപ്പോലെയോ അതിലധികമോ അറിയപ്പെടുന്ന ഒരു മാജിക്കുകാരനാണു് ഇസ്രയേൽക്കാരനായ യൂറിഗെല്ലർ. പാശ്ചാത്യരാജ്യങ്ങളിൽ

പലരേയും അദ്ദേഹം അത്ഭുതപരതന്ത്രരാക്കിയിട്ടുണ്ട്. ദിവ്യശക്തിയുള്ള കണ്ണുകൾകൊണ്ടുനോക്കി ഗെല്ലർ ലോഹത്തകിടുകൾ വളയ്ക്കുമെന്നും ഒടിഞ്ഞ ലോഹക്കഷണങ്ങൾ വെൽഡുചെയ്യുമെന്നും പലരും വിശ്വസിക്കുന്നു. ബ്രിട്ടനിൽവെച്ച് ഒരിക്കൽ അദ്ദേഹം ടെലിവിഷനിൽ പ്രത്യക്ഷപ്പെട്ടപ്പോൾ പ്രേക്ഷകരുടെയിടയിൽ അത്ഭുതങ്ങൾ നടന്നു എന്നാണ് റിപ്പോർട്ട്. ചിലരുടെ കേടുവന്ന വാച്ചുകൾ താനേ പ്രവർത്തിച്ചുതുടങ്ങിയെന്നും ഉരുക്കുകമ്പികൾ വളഞ്ഞുവെന്നും പലരും ബി. ബി സി. യിലേക്കു ഫോൺ ചെയ്തറിയിച്ചുവത്രെ. പൊട്ടിക്കാത്ത കൂടുകളിൽ ഇരിക്കുന്ന ഫിലിമിൽ ഗെല്ലറുടെ പടങ്ങൾ തെളിഞ്ഞു എന്നും പറയപ്പെടുന്നു.

ഈ പ്രചരണകോലാഹലങ്ങൾ കേട്ട് ചില സവിശ്വാസികൾ പോലും അമ്പരന്നുപോയി. കിംഗ്സ് കോളേജിലെ പ്രൊഫസർ ജോൺ ടെയിലർ പറഞ്ഞു—'യൂറി ഗെല്ലറുടെ കഴിവുകൾ അത്ഭുതകരമാണ്. അദ്ദേഹവുമായി സഹകരിച്ചാൽ മനുഷ്യമനസ്സിനെ സംബന്ധിക്കുന്ന പല നിഗൂഢരഹസ്യങ്ങളും പുറത്തുകൊണ്ടുവരാൻ നമുക്കു കഴിയും.''

ദിവ്യശക്തികൾ ഉണ്ടെന്ന് അവകാശപ്പെടുന്ന ഗെല്ലറിനെപ്പററി പ്രചരണം നടത്തുന്നതു് ന്യൂയോർക്കുകാരനായ ആൻഡ്രിജാ പുഹാറിക് ആണ്. അദ്ദേഹം ദൈവത്തിൻെറ അവതാരങ്ങളെപ്പററി അധികം കേട്ടിരിക്കാനിടയില്ല. കേട്ടിരുന്നുവെങ്കിൽ 'ധർമ്മ സംസ്ഥാപനാത്ഥം' അവതരിച്ച ഒരു ഭഗവാനാണ് ഗെല്ലർ എന്നു പറയുമായിരുന്നു. ഇന്ത്യയിലെ സായിബാബയുടെ സെക്രട്ടറിയായ പ്രൊഫസർ കസ്തൂരി എന്ന സമർത്ഥനായ മലയാളിക്ക് ആ ഹൈന്ദവസങ്കല്പം അറിയാമായിരുന്നതുകൊണ്ട് മാജിക്കുകാരനായ ബാബയെ അദ്ദേഹം അവതാരമായി ചിത്രീകരിച്ചു. പുഹാറിക് ആകട്ടെ ഇന്ദ്രിയാതീതമായ ശക്തികളുള്ള ഒരു അത്ഭുതമനുഷ്യനായി ഗെല്ലറെ ചിത്രീകരിക്കുകയാണുണ്ടായതു്. കസ്തൂരിയും

പുഹാറിക്കും ഒരു കാര്യത്തിൽ യോജിക്കും; ബാബയേയും ഗെല്ലറിനേയും പോലുള്ളവരെ ഉപയോഗിച്ച് പണമുണ്ടാക്കുന്ന കാര്യത്തിൽ.

സായിബാബയെപ്പററി കസ്തൂരിയും ഡോക്ടർ ഭഗവന്തവും പ്രചരിപ്പിക്കുന്ന കഥകളും ഗെല്ലറെപ്പററി പുഹാറിക്കും പ്രചരിപ്പിക്കാറുണ്ട്. സാൻഫ്രാൻസിസ്കോയിലെ 'സൈക്കിക്' മാസികക്കു് നൽകിയ ഒരു അഭിമുഖസംഭാഷണത്തിൽ പുഹാറിക് പറഞ്ഞ ഒരു കഥ രസകരമാണ്. ഒരിക്കൽ ഗെല്ലറും പുഹാറിക്കും കൂടി ഒരു മരുഭൂമിയിൽ പോയി. അവിടെ തളികയുടെ രൂപത്തിൽ ഒരു ലോഹവസ്തു കിടക്കുന്നതു കണ്ടു. അതിൻെറ മുകളിൽ ഒരു നീലവെളിച്ചം പ്രകാശിക്കുന്നുണ്ടായിരുന്നു. ഗെല്ലർ ഉടനെ ആ പ്രകാശത്തിൽ ലയിച്ചു. പത്തുമിനിററു് കഴിഞ്ഞു് പഴയപടി രൂപം നേടുകയും ചെയ്തു. ഈ അത്ഭുതപ്രതിഭാസത്തിൻെറ ചിത്രം പുഹാറിക് എടുത്തു. പക്ഷേ, എങ്ങനെയോ ആ നെഗററീവു് നഷ്ടപ്പെട്ടുപോയത്രേ! മറെറാരവസരത്തിൽ ക്യാമറയുടെ മുഖംമൂടി തുറക്കാതെതന്നെ പുഹാറിക് ഗെല്ലറിൻെറ ഒരു ചിത്രമെടുത്തപ്പോൾ തെളിഞ്ഞുവെന്നും അദ്ദേഹം തുടർന്നുപറയുന്നു. ഗെല്ലറിൻെറ മനസ്സിൽനിന്നും പ്രവഹിക്കുന്ന തരംഗങ്ങൾ കൊണ്ടാണ് രൂപം ക്യാമറയ്ക്കകത്തിരുന്ന ഫിലിമിൽ പതിഞ്ഞതെന്നാണ് അദ്ദേഹത്തിൻെറ അവകാശവാദം.

ക്ഷണവിശ്വാസശീലരെ തെററിദ്ധരിപ്പിക്കുവാൻ ഇത്തരം കഥകൾക്കു് കഴിയും. പക്ഷേ, ചിന്തിക്കുന്ന മനുഷ്യനു് ഇതിൽ ഒരു കഴമ്പും കാണാൻ നിവൃത്തിയില്ല. മരുഭൂമിയിൽവച്ച് പ്രകാശമായിമാറിയ ഗെല്ലറെ പുഹാറിക് അല്ലാതെ ആരും കണ്ടില്ല. അതിൻെറ ചിത്രവും നഷ്ടപ്പെട്ടു. ഇപ്പോൾ അതു് കാണിക്കാൻ ഗെല്ലർ തയ്യാറുമില്ല! പോരെ? കൂടിനകത്തോ ക്യാമറയ്ക്കകത്തോ ഇരിക്കുന്ന ഫിലിമിൽ ഗെല്ലറുടെചിത്രം പതിയുമെങ്കിൽ ആ മനുഷ്യൻ ജീവിച്ചിരിക്കുന്ന കാലത്തോളം ഫോട്ടോഗ്രാഫി അപകടത്തിലാവുമല്ലോ. അദ്ദേഹത്തിൻെറ രൂപവും ചിന്തയും പതിഞ്ഞു് ഫിലിമെല്ലാം ഉപയോഗശൂന്യമാകും.

മററു മനുഷ്യരുടെയെല്ലാം ചിന്താഗതികളും വിചാര വികാരങ്ങളും അറിയാൻ കഴിയുന്ന സൂറിഗെല്ലർ ജീവിച്ചിരിക്കുമ്പോഴും അതിനൊന്നിനും കഴിവില്ലാത്ത മോഷെദയാനെ ഇസ്രയേൽക്കാർ പ്രതിരോധവകുപ്പുമന്ത്രിയാക്കിയതെന്താണെന്നാണ് എൻെറ സംശയം. കഴിഞ്ഞ ഈജിപ്ററ്—ഇസ്രയേൽ യുദ്ധത്തിൽ അറബികൾക്ക് ഒരു പരിധിവരെ ജയിക്കാൻ കഴിഞ്ഞല്ലോ? ഗെല്ലർ വിചാരിച്ചിരുന്നെങ്കിൽ സാദത്തിൻേറയോ സിറിയൻ പട്ടാളത്തിൻേറയോ നീക്കങ്ങൾ മുൻകൂട്ടിക്കണ്ട് അതനുസരിച്ച് സൈന്യനീക്കം നടത്താമായിരുന്നു. അല്ലെങ്കിൽ അറബിസൈന്യങ്ങളുടെ മനസ്സിൽ പ്രേരണ ചെലുത്തി യുദ്ധത്തിൽ നിന്നു് അവരെ പിന്തിരിപ്പിക്കാമായിരുന്നു. ഗോൾഡാമെയറിന്ന് ഏതായാലും ഈ ബുദ്ധി തോന്നാഞ്ഞതു് കഷ്ടമായിപ്പോയി.

ദിവ്യശക്തി അവകാശപ്പെടുന്നവർ പലരും സാധാരണക്കാരെ പററിക്കുന്നതിനുവേണ്ടി ഇത്തരം പല കള്ളക്കഥകളും പറയാറുണ്ട്. കൈവിരൽകൊണ്ട് തനിക്കു കാണാൻ കഴിയുമെന്നു് ഒരു റഷ്യൻ കർഷകൻ ഒരിക്കൽ അവകാശപ്പെടുകയുണ്ടായി. കുറേക്കഴിഞ്ഞപ്പോൾ അയാളുടെ കള്ളക്കഥ പൊളിഞ്ഞു. ഏതാനും വർഷങ്ങൾക്കുമുമ്പ്, ഒരു ഇൻഡോനേഷ്യൻ യുവതി പറഞ്ഞു. അവരുടെ ഗർഭപാത്രത്തിൽ കിടക്കുന്ന ശിശു അവിടെ വച്ചു് ഖുർആൻ ചൊല്ലുന്നുണ്ടെന്നു്. അഞ്ചാറുമാസത്തോളം ലോകത്തിലെ പല വിശ്വാസികളും ആ വാർത്തയും ഭേസി ക്കൊണ്ടുനടന്നു. അതു കഴിഞ്ഞപ്പോഴാണ് അതൊരു മാനസികരോഗി സൃഷ്ടിച്ച കഥയാണെന്നു് വ്യക്തമായതു്. ഇല്ലായ്മയിൽനിന്നു് സായിബാബ പലതും സൃഷ്ടിച്ചുവെന്നുപറയുന്നതും ഇതുപോലെതന്നെ. സ്നാപകയോഹന്നാൻ ഗർഭസ്ഥശിശുവായിരുന്നപ്പോൾ മറെറാരു സ്ത്രീയുടെ വയററിൽ കിടന്ന ശിശുവിനെ തിരിച്ചറിഞ്ഞതായി ബൈബിളിൽ ഒരു കഥയുണ്ട്. പ്രസവിച്ചു കഴിഞ്ഞപ്പോൾ യോഹന്നാനു് ആ കഴിവു് നഷ്ടപ്പെട്ടു എന്നാണ് ബൈബിളിൽ കാണുന്നതു്. ഇത്തരം കഥ

കരം കുറേക്കാലത്തേയ്ക്കു് പ്രചരിക്കുകയും അധികം താമസിയാതെ കെട്ടടങ്ങുകയുമാണ് പതിവു്.

സായിബാബായുടെ ദിവ്യശക്തി ഡോക്ടർ ഭഗവന്തത്തെപ്പോലുള്ള ചില ശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്നില്ലേ എന്നു് ചിലർ ചോദിക്കാറുണ്ടു്. ഈ ഭഗവന്തം ശാസ്ത്രത്തിൽ ബിരുദമെടുത്തിട്ടുണ്ടെങ്കിലും സായിബാബായുടെ വെറും ഏജൻറുമാത്രമാണെന്നും, ബാബായുടെ ദിവ്യശക്തി തെളിയിക്കാൻ പല കള്ളങ്ങളും എഴുതിയിട്ടുണ്ടെന്നും ഞാൻ വ്യക്തമാക്കിയിട്ടുണ്ടു്. ഭഗവന്തത്തെപ്പോലെതന്നെ യൂറിഗെല്ലറിനും ചില പ്രചാരകന്മാരുണ്ടു്. അതിൽ ഒരാളാണ് അമേരിക്കയിലെ ബാഹ്യാകാശ സഞ്ചാരികളിൽ ഒരാളായ എഡ്ഗാർമിച്ചൽ. ഗെല്ലറുടെ പ്രദർശനങ്ങൾ കണ്ടു് അത്ഭുതപരതന്ത്രനായ മിച്ചൽ അസാധാരണ ശക്തിയുള്ള ഒരു മനുഷ്യനാണ് അദ്ദേഹം എന്നു പറഞ്ഞിട്ടുണ്ടത്രെ. ഗെല്ലറിൻെറ ദിവ്യശക്തികൾ തെളിയിക്കാൻ ശ്രമിക്കുന്നവർ എടുത്തുപറയുന്ന ഒരു കാര്യമാണിതു്. ഒന്നാമതു് മിച്ചലിൻെറ സാക്ഷ്യത്തിനു വലിയ വില കല്പിക്കാൻ പ്രയാസമാണ്. ബാഹ്യാകാശ സഞ്ചാരികളിൽ ഒരുത്തരും ശാസ്ത്രജ്ഞന്മാരല്ല. എവറസ്റ്റിൽ കയറാൻ എഡ്മണ്ടു് ഹിലാരിയുടെ കൂടെപ്പോയ ടെൻസിംഗ് ലോക പ്രസിദ്ധനാണ്. മല കയറുന്ന കാര്യത്തിൽ അദ്ദേഹത്തിനു് വൈദഗ്ദ്ധ്യം ഉണ്ടായി എന്നതുകൊണ്ടു് സാമ്പത്തിക പ്രശ്നങ്ങളിലോ ശാസ്ത്രീയ വിഷയങ്ങളിലോ അദ്ദേഹത്തിനു് എന്തറിയാം? എഡ്ഗാർ മിച്ചലിനു ബാഹ്യാകാശ സഞ്ചാരത്തിനുള്ള യോഗ്യതയുണ്ടായിരുന്നതുകൊണ്ടു് അക്കാര്യത്തിൽ അദ്ദേഹം നിയുക്തനായി എന്നുമാത്രം. അതുകൊണ്ടു് മനഃശാസ്ത്രത്തിലോ, രസതന്ത്രത്തിലോ, ഭൂമിശാസ്ത്രത്തിലോ അദ്ദേഹം വിദഗ്ദ്ധനാകുന്നില്ല. ശാസ്ത്രത്തിൻെറ ഏതെങ്കിലും ഒരു മേഖലയിൽ അറിവുനേടിയ വ്യക്തി മററു പലകാര്യങ്ങളിലും അന്ധവിശ്വാസിയായിരുന്നു എന്നുവരാം. ആരുപറഞ്ഞു എന്നുള്ളതിൻെറ അടിസ്ഥാനത്തിലല്ല, പറയുന്നകാര്യം എത്രമാത്രം ശാസ്ത്രീയമാണ് എന്നു നോക്കിയാണ് വിധി കല്പിക്കേണ്ടതു്.

നോട്ടംകൊണ്ടു് ലോഹദണ്ഡുകരം വളയ്ക്കുവാനും വെൽഡുചെയ്യുവാനും അടച്ച ക്യാമറായിലെ ഫിലിമിൽ അത്ഭുതകരമായി സ്വന്തരൂപം പതിപ്പിക്കുവാനും ഗെല്ലർക്കു കഴിയുമെന്നു് അവകാശപ്പെടുന്നവരുടെ മുമ്പിൽ ഏതാനും നാരംമുമ്പു് ഞാൻ ഒരു പ്രശ്നം അവതരിപ്പിച്ചു. അടച്ചു മുദ്രവച്ച ഒരു കവറിലിരിക്കുന്ന ഒരു കറൻസിനോട്ടിൻെറ ക്രമനമ്പർ പറയാൻ ഗെല്ലർക്കു കഴിയുമോ? കഴിയുമെങ്കിൽ 16,000 ഡോളർ കൊടുക്കാമെന്നു് ഞാൻ ഗെല്ലക്കെഴുതി. അതിനു് ഇന്നുവരെ അദ്ദേഹം മറുപടി തന്നിട്ടില്ല. ഈ വെല്ലുവിളി അമേരിക്കയിലും യൂറോപ്പിലുമുള്ള പല പത്രങ്ങളിലും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഗെല്ലർ ഇന്നുവരെ ആ വെല്ലുവിളി സ്വീകരിക്കാൻ തയ്യാറായിട്ടില്ല.

## 13. ഇന്ദ്രിയാതീതശക്തിയും ഫോട്ടോഗ്രഫിയും

ഇന്ദ്രിയാതീതമായ കഴിവുകരം ചിലർക്കുണ്ടെന്നു സ്ഥാപിക്കുവാനും അതിൻെറപേരിൽ മുതലെടുക്കുവാനും പലവിധത്തിലുള്ള ശ്രമങ്ങരം ലോകത്തിൻെറ പല ഭാഗത്തും നടന്നു. അതിൽ പലതിനേപ്പററിയും മുൻ അദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ടു്. പല ശാസ്ത്രീയ നേട്ടങ്ങളേയു, ഉപയോഗിച്ചുകൊണ്ടു് ജനങ്ങളെ തെററിദ്ധരിപ്പിക്കാനായിരുന്നു അവരുടെ ശ്രമം. പത്തൊൻപതാം ശതകത്തിൽ കണ്ടുപിടിക്കപ്പെട്ടതും ഇരുപതാംശതകത്തിൽ വികാസം പ്രാപിച്ചതുമായ ഫോട്ടോഗ്രഫിയുടെ സിദ്ധാന്തങ്ങരം വളച്ചൊടിച്ചും ഫോട്ടോഗ്രഫിക്കു് ട്രിക്കുകരം ഉപയോഗിച്ചും ഇന്ദ്രിയാതീതശക്തി തെളിയിക്കാൻ ചില ശ്രമങ്ങരം നടക്കുകയുണ്ടായി. പ്രേതാത്മാക്കളുടെ ഫോട്ടോ എടുത്തു എന്നും ദൂരെയിരുന്നുകൊണ്ടു് മനഃശക്തി

കൊണ്ടു് ഫോട്ടോ എടുത്തു എന്നും മററുമുള്ള അവകാശവാദങ്ങളും ഇത്തരത്തിൽ പെട്ടതാണു്.

## തോട്ടോഗ്രഫി

ക്യാമറാകൊണ്ടു് വസ്തുക്കളുടെ രൂപം നിർമ്മിക്കുന്നതിനാണു് ഫോട്ടോഗ്രഫി എന്നുപറയുന്നതു്. ഛായാഗ്രഹണം എന്നാണു് അതിൻെറ മലയാളപദം. പ്രകാശംകൊണ്ടു് ഒരു വസ്തുവിൻെറ ഛായ അഥവാ രൂപം വരയ്ക്കുക അല്ലെങ്കിൽ എഴുതുക എന്നാണു് ഫോട്ടോഗ്രഫി എന്ന പദത്തിൻെറ ശരിയായ അർത്ഥം. പ്രകാശത്തിൻെറ സഹായത്തോടെ ഇങ്ങനെ ഛായാഗ്രഹണം സാധിക്കാമെന്നു കണ്ടുപിടിച്ചിട്ടു് അധികമായിട്ടില്ല. അതിനുമുമ്പു് ഛായകൾ കൈകൊണ്ടു് വരയ്ക്കുകയായിരുന്നു പതിവു്. ഈ നൂററാണ്ടിൽ ഫോട്ടോഗ്രഫി പല അത്ഭുതങ്ങളും സൃഷ്ടിച്ചു. സിനിമയും വിഡിയോയും ടെലിവിഷനുമെല്ലാം അതിൻെറ വികാസഫലമാണു്.

ക്യാമറയും ഫോട്ടോഗ്രഫിയും സർവ്വസാധാരണമായപ്പോൾ, അതുവെച്ചുകൊണ്ടു് ഒരു തട്ടിപ്പുനടത്താൻ അമേരിക്കക്കാരനായ ടെഡു് സിറിയസ് എന്നയാൾ 1960കളിൽ ഒരു ശ്രമം നടത്തി. മനസ്സിൻെറ ശക്തി കൊണ്ടു് ആയിരക്കണക്കിനു കിലോമീററർ അകലെയുള്ള വസ്തുക്കളുടെ പടം എടുക്കാൻ കഴിയുമെന്നു് അയാൾ അവകാശപ്പെട്ടു. തോട്ടോഗ്രാഫി എന്നപേരിൽ അതു പട്ടെന്നു് പ്രസിദ്ധമായി

അമേരിക്കയിലെ ചിക്കാഗോ നഗരത്തിലിരുന്നുകൊണ്ടു് അററ്ലാൻറിക് സമുദ്രത്തിൻെറ ഇപ്പുറത്തു് ഫ്രാൻസ് രാജ്യത്തു സ്ഥിതിചെയ്യുന്ന 'എയിഫൽ ഗോപുര'ത്തിൻെറ ഒരു ചിത്രം ലെൻസില്ലാത്ത ഒരു പോളറോയിഡുക്യാമറയിൽ പകർത്തിയതായി 1960–ൽ പത്രങ്ങളിൽ വാർത്ത വന്നു. ഈ സംഭവവും തുടർന്നു നടന്ന ചില അത്ഭുതങ്ങളും വിവരിച്ചുകൊണ്ടു് ചിക്കാഗൊ

യിലെ ഒരു പത്രത്തിൽ വന്ന ലേഖനത്തിൽനിന്നു് ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിക്കാം:

'ടെഡ്'സിറിയസിന്റെ ദിവ്യമായ ഈ കഴിവു് ആധുനികശാസ്ത്രത്തിനു് ഉത്തരം പറയാനാവാത്തതാണു്. ചിക്കാഗോ നഗരത്തിലിരുന്നുകൊണ്ടു് ആയിരക്കണക്കിനു മൈൽ അകലെ സ്ഥിതിചെയ്യുന്ന ഇൻഡ്യയിലെ താജ്മഹലിന്റെയും ഫ്രാൻസിലെ എയിഫൽ ഗോപുരത്തിന്റെയും മററും പടം എടുക്കാൻ കഴിയുമെന്നു് അദ്ദേഹം പറഞ്ഞപ്പോൾ പലരും വിശ്വസിച്ചില്ല. വെറുമൊരു പോളറോയിഡു ക്യാമറ ഉപയോഗിച്ചു് അദ്ദേഹം ആ പടങ്ങൾ എടുത്തുകാണിച്ചപ്പോൾ പരിചയ സമ്പന്നരായ ഫോട്ടോഗ്രാഫറന്മാർ അമ്പരന്നുപോയി. ഇത്തരം ചിത്രങ്ങൾ എടുക്കുന്നതിനു് ലെൻസായി പ്രവർത്തിക്കുന്നതു് സിറിയസിന്റെ മനസ്സാണു്. ദൂരെയുള്ള ആ വസ്തുവിലേക്കു് സിറിയസ് മനസ്സുവഴി നോക്കുമ്പോൾ അദ്ദേഹത്തിന്റെ ശരീരം വിറച്ചിരുന്നു. കണ്ണുകൾ ചുവക്കുകയും മുന്നോട്ടു തള്ളിനിൽക്കുകയും ചെയ്തു. അദ്ദേഹമാകെ കിതച്ചു് അവശനായി. എങ്കിലും ഡോക്ടറന്മാർ പരിശോധിച്ചപ്പോൾ നാഡീസ്പന്ദനം വളരെ സാധാരണമായിരുന്നു.'

'ടെഡ് സിറിയസിന്റെ ലോകം' എന്ന പേരിൽ ജൂൾ ഐസൻബഡ് എന്നയാൾ പിന്നീടു് ഒരു പുസ്തകം തന്നെ എഴുതുകയുണ്ടായി. ലക്ഷക്കണക്കിനു് അതു വിററഴിഞ്ഞു. ലോകത്തെങ്ങുമുള്ള അന്ധവിശ്വാസികൾ സിറിയസ് പ്രതിഭാസത്തിന്റെ പേരു പറഞ്ഞു് യുക്തിവാദത്തിനെതിരെ പ്രചരണം നടത്തി. സിറിയസും അദ്ദേഹത്തിന്റെ ജീവചരിത്രകാരനും ലക്ഷക്കണക്കിനു് ഡോളർ സമ്പാദിച്ചു. ചിലർ സിറിയസിനു് ദൈവത്വം തന്നെ നൽകി. പക്ഷേ, ചാറത്സ് റെയ്നോൾഡ്സ്, ഡേവിഡ് ഐസൻഡ്രാത്ത് എന്നു രണ്ടുപേർക്കു് ഈ പ്രതിഭാസത്തിൽ എന്തോ തട്ടിപ്പുണ്ടെന്നു തോന്നി. അവർ സിറിയസിന്റെ ദിവ്യശക്തിയെപ്പററി പഠിക്കാൻ തുടങ്ങി.

മനഃശക്തികൊണ്ടു് ഫോട്ടോഎടുക്കമെന്നാണ് പറഞ്ഞിരുന്നതെങ്കിലും ഒരു പോളറോയിഡ് ക്യാമറയും 'ജിസ്മോ' എന്നറിയപ്പെട്ടിരുന്ന ഒരു കുഴലും സിറിയസു് ഉപയോഗിച്ചിരുന്നു. ഈ 'ജിസ മോ' വെറും ഒരു കുഴൽ ആണെന്നാണ് പലരും കരുതിയതു്. പക്ഷേ, പരിശോധിച്ചപ്പോൾ അതിൽ ലെൻസും താജിൻെറയും ഐഫൽ ഗോപുരത്തിൻെറയുംമററും ചിത്രങ്ങളും അയാൾ ഒളിച്ചു വെച്ചിരുന്നു എന്നു് വ്യക്തമായി. ആ ചിത്രങ്ങളുടെ കോപ്പിയാണ് സിറിയസ് എടുത്തു കാണിച്ചിരുന്നതു്. ഈ വിവരം വെളിപ്പെടുത്തിക്കൊണ്ടു് അവർ ഒരു ലേഖനമെഴുതി പോപ്പുലർ ഫോട്ടോഗ്രഫിയിൽ പ്രസിദ്ധീകരിച്ചു. അതോടെ സിറിയസിൻെറ ദിവ്യശക്തിയും അവസാനിച്ചു.

## കിർലിയൻ ഫോട്ടോഗ്രഫി

റഷ്യക്കാരായ സെമിയോൺ കിർലിയനും പത്നി വാലൻറീനാ കിർലിയനും കൂടി കണ്ടുപിടിച്ച ഒരു ഫോട്ടോഗ്രാഫിക് വിദ്യയാണ് കിർലിയൻ ഫോട്ടോഗ്രാഫി എന്നറിയപ്പെടുന്നതു്. ജീവനുള്ള വസ്തുക്കളുടെ ഫോട്ടോ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചു് എടുത്താൽ അവയുടെ രൂപത്തിനു ചുററും ഒരു പ്രഭാവലയം കാണും. ഇതു് ആത്മാവും ദിവ്യശക്തിയുമുണ്ടെന്നുള്ളതിൻെറ തെളിവായി കിർലിയൻ ദമ്പതികൾ വ്യാഖ്യാനിച്ചു. ആത്മാക്കളുടെ ഫോട്ടോ എന്ന പേരിൽ ലോകത്തെങ്ങും പ്രചരിപ്പിക്കുന്നതു് ഇത്തരം ഫോട്ടോകളാണു്.

ഫോട്ടോ എടുക്കേണ്ട വസ്തുവിൽ വൈദ്യുതി ഒരു ചെറിയതോതിൽ കടത്തിവിട്ടു് ഒരു വൈദ്യുതമേഖല സൃഷ്ടിച്ചതിനു ശേഷമാണ് ഫോട്ടോ എടുക്കുന്നതു്. ഈ വൈദ്യുതമേഖല ചില ഇലക്ട്രോണുകൾ പുറപ്പെടുവിക്കും. അവ വായുവിൻെറ തന്മാത്രകളുമായി ഏററുമുട്ടുമ്പോൾ ഓക്സിജൻെറയും നൈട്രജൻെറയും ഇലക്ട്രോണിൻെറയും അയണുക (Ions) ളെ വേർതിരിക്കും. ഇങ്ങനെ പോസിററീവ് അയണുകൾ ആവശ്യത്തിനുണ്ടാകുമ്പോൾ ഇലക്ട്രോണുകളും അയണുകളും വീ

ണ്ടും യോജിക്കും. അതിൻെറഫലമായി അസാധാരണമായ ഒരു പ്രകാശം ഉണ്ടാകുന്നു. ഈ പ്രകാശമാണ് ഛായയുടെ ചുററും കാണുന്നത്. ഈ ശാസ്ത്രീയ കണ്ടുപിടിത്തം ഉണ്ടാകുന്നതുവരെ കിർലിയൻ ഫോട്ടോഗ്രഫി ഒരു അത്ഭുത പ്രതിഭാസമായി ഗണിക്കപ്പെട്ടിരുന്നു. പല ശാസ്ത്രജ്ഞന്മാരെയും ഇത് അമ്പരപ്പിക്കുകയും വിഷമിപ്പിക്കുകയും ചെയ്തു.

റഷ്യയിലെ ഒരു സിനിമാനടിയായ 'മോസ്' കിർലിയൻ ഫോട്ടോഗ്രഫിയുടെ പ്രചാരക ആയതോടെ ഇത് ലോകത്തെങ്ങും ഒരു ചർച്ചാവിഷയമായി. ഇന്ദ്രിയാതീത ശക്തിയുണ്ടെന്നു മാത്രമല്ല, ആത്മാവുണ്ടെന്നു കൂടി തെളിയിക്കപ്പെട്ടതായി വിശ്വാസികൾ അവകാശപ്പെട്ടു. ഈ ഘട്ടത്തിലാണ് സ്ററാൻടൺ എന്ന ഇലക്ട്രോണിക്സ് വിദഗ്ധൻെറ ശ്രദ്ധയിൽ ഇതു പെടുന്നത്. അദ്ദേഹം വളരെ പെട്ടെന്നുതന്നെ കിർലിയൻ ഫോട്ടോഗ്രഫിയുടെ ചുരുളഴിച്ചു. ഇലക്ട്രോണിക്സും ഫോട്ടോഗ്രഫിയും രണ്ടു വ്യത്യസ്ത വിഷയങ്ങളാണ്. അവരണ്ടും കൂടി കൂട്ടിക്കുഴച്ചാണ് കിർലിയൻദമ്പതികൾ ആ പ്രത്യേക ഫോട്ടോഗ്രാഫിക് സമ്പ്രദായം കണ്ടുപിടിച്ചത്. ഈ രണ്ടിലും വിദഗ്ധരല്ലാത്തവർക്ക് അതിലെ രഹസ്യം മനസ്സിലാക്കുവാൻ കഴിയുമായിരുന്നില്ല. സ്ററാൻടൻെറ വിശദീകരണം വന്നതോടുകൂടി കിർലിയൻ ഫോട്ടോഗ്രാഫിക് സങ്കേതം ഉപയോഗിച്ച് ആത്മാവുണ്ടെന്നും മനുഷ്യന് ദിവ്യശക്തിയുണ്ടെന്നും തെളിയിക്കാനുള്ള ശ്രമങ്ങൾ പൊളിഞ്ഞു.

## 14. പാരാസൈക്കോളജിയും ഇൻഡ്യയും

യൂറോപ്പിലെ പല പാരാസൈക്കോളജിസ്ററുകളും ദിവ്യശക്തികളുടെ നാടായി ഇൻഡ്യയെ ചിത്രീകരി

ക്കാറുണ്ട്. ഇൻഡ്യയിലെ 'മനുഷ്യദൈവ' ങ്ങളും കപട സന്യാസിമാരുമാണ് അവരിൽ പലരേയും വഴിതെററിച്ചതു്. താടിയും തലമുടിയും നീട്ടി കാവിവസ്ത്രം ധരിച്ചു നടക്കുന്ന സന്യാസിമാർക്കും സിദ്ധന്മാർക്കും വളരെ എളുപ്പത്തിൽ വിശ്വാസികളെ പററിക്കാൻ കഴിയും. ഒരുതരത്തിലുള്ള ശാസ്ത്രീയ പരീക്ഷണങ്ങൾക്കും വിധേയരാകാതെ അവർ ഒളിച്ചുകളി നടത്തിക്കൊണ്ടിരുന്നു, എന്നാൽ ഡ്യൂക്ക് സർവ്വകലാശാലയിലെ ജെ. ബി. റൈനിൻേറയും മററും ചുവടുപിടിച്ച് ചില പരീക്ഷണങ്ങൾ നടത്താൻ ഇൻഡ്യയിലെ രാജസ്ഥാൻ യൂണിവേഴ്സിററി ഒരു ശ്രമം നടത്തുകയുണ്ടായി. ഇൻഡ്യയിലെ അന്ധവിശ്വാസികളുടെ ആധുനികാചാര്യനായ എച്ച്. എൻ. ബാനർജിയായിരുന്നു അതിനു് നേതൃത്വം നൽകിയതു്. രാജസ്ഥാൻ യൂണിവേഴ്സിററിയിലെ പാരാസൈക്കോളജി വിഭാഗത്തിൻെറ തലവനായിരുന്നു അദ്ദേഹം.

പുനർജന്മം, പാരാസൈക്കോളജി, ഇന്ദ്രിയാതീത ജ്ഞാനം തുടങ്ങിയവ പ്രചരിപ്പിക്കുകയായിരുന്നു അദ്ദേഹത്തിൻെറ ഹോബി. മന്ത്രവാദംകൊണ്ടു പാമ്പിൻെറ വിഷം ഇറക്കുന്നവർക്കു് 10,000 രൂപാ കൊടുക്കാമെന്നു് അദ്ദേഹം 1968—ൽ പ്രഖ്യാപിച്ചു. ചില മന്ത്രവാദികൾ വെല്ലുവിളി സ്വീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു. അപ്പോഴേയ്ക്കും എസ്. പി. സി ഏ. ക്കാർ ഇടപെട്ടതുകൊണ്ടു് പരീക്ഷണം നടന്നില്ല.

1968 ജൂലൈ മാസത്തിൽ ഇൻഡ്യയിലെ എല്ലാ വർത്തമാന പത്രങ്ങളിലും പ്രാധാന്യം കൊടുത്തു് ഒരു വാർത്ത ചേർത്തിരുന്നു. റോബർട്ട കെന്നഡിയുടെ ഘാതകനെന്നു സംശയിക്കപ്പെടുന്ന സിർഹാൻെറ മനസ്സ് അപഗ്രഥിക്കുന്നതിനുവേണ്ടി എച്ച്. എൻ. ബാനർജി കാലിഫോർണിയായിലേയ്ക്കു പോകുന്നു എന്നു്. സിർഹാൻ ഒരുത്തരോടും സംസാരിക്കുന്നില്ലെന്നും അതുകൊണ്ടു് ഉടനെ ചെന്നു ചേരണമെന്നും കാലിഫോർണിയായിലെ പോലീ

സ് ചീഫ് ബാനർജിയെ അറിയിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ തുടർന്നു പറഞ്ഞിരുന്നു. ബാനർജി ഇങ്ങനെയൊരു ക്ഷണം തനിക്കു കിട്ടിയതായി രാജസ്ഥാൻ യൂണിവേഴ്സിററി വൈസ് ചാൻസലറെ എഴുതി അറിയിക്കുകയും ചെയ്തു. പ്രധാനമന്ത്രിയുടെ പ്രത്യേക നിർദ്ദേശമനുസരിച്ച് ആ യാത്രയ്ക്കുള്ള ക്ലിയറൻസ് ഇൻഡ്യാ ഗവണ്മെൻറ് നൽകിയിട്ടുണ്ടെന്നും ആ കത്തിലുണ്ടായിരുന്നു. ആഗസ്റ്റിൽ സിർഹാനെ ബാനർജി പരിശോധിച്ചു എന്നും പത്രങ്ങളിൽ വാർത്ത വന്നു.

രാജസ്ഥാൻ യൂണിവേഴ്സിററിയിലെ പാരാസൈക്കോളജി വിഭാഗം തത്വശാസ്ത്ര വകുപ്പിനോടു് ബന്ധപ്പെട്ടതിയാണ് പ്രവർത്തിക്കുന്നതു്. തത്വശാസ്ത്രവകുപ്പിൻെറ തലവനു് ബാനർജിയുടെ ഈ അവകാശ വാദത്തിൽ സംശയം തോന്നി. അദ്ദേഹം ലോസ് എയിഞ്ചൽസിലെ കുററാന്വേഷണ വിഭാഗത്തിൻെറ പോലീസ് ചീഫിനു് ഇതിൻെറ യാഥാർത്ഥ്യം തിരക്കിക്കൊണ്ടു് ഒരു കത്തെഴുതി. സെപ്ററംബർ 12–ാം തീയതി ലോസ് എയിഞ്ചൽസിലെ കുററാന്വേഷണവിഭാഗത്തിൻെറ ഡെപ്യൂട്ടികമാൻറർ അതിനു മറുപടി അയച്ചു. അവർ ബാനർജിയെ ക്ഷണിച്ചിട്ടേയില്ല എന്നും എന്നാൽ സിർഹാനുമായി സംസാരിച്ച് പുനർജന്മത്തെക്കുറിച്ചു് തെളിവു ശേഖരിക്കാൻ അനുവാദം നൽകണമെന്നു കാണിച്ചു് ബാനർജി നിരവധി കമ്പിസന്ദേശങ്ങൾ അയച്ചിട്ടുണ്ടെന്നും അത്തരം കാര്യങ്ങൾ സിർഹാൻെറ അറേറാർണിയുമായി ആലോചിച്ച് നിശ്ചയിച്ചുകൊള്ളാൻ അവർ മറുപടി കൊടുത്തിട്ടുണ്ടെന്നും അതിൽ വ്യക്തമാക്കിയിരുന്നു. ഈ കത്തു കിട്ടിയ ഉടനെ തത്വശാസ്ത്രവകുപ്പിൻെറ തലവൻ വൈസ് ചാൻസലറെ വിവരം അറിയിച്ചുവെങ്കിലും യൂണിവേഴ്സിററി അധികാരികൾ ബാനർജിയുടെ പേരിൽ നടപടിയൊന്നും എടുത്തില്ല.

ഈ സമയത്തിനുള്ളിൽ യൂണിവേഴ്സിററി ഗ്രാൻസ് കമ്മീഷൻ പാരാസൈക്കോളജി യൂണിററിനെ വിലയിരുത്തിക്കൊണ്ടു് തയ്യാറാക്കിയ റിപ്പോർട്ടു് യൂണിവേ

ഴ്സിററികഒ ലഭിച്ചു. മൂന്നു പ്രമുഖ പ്രൊഫസറന്മാർ ഉരം പ്പെട്ട യു. ജി. സി. കമ്മിററി ഈ പാരാസൈക്കോളജി യൂണിററു പിരിച്ചുവിടണമെന്നാണു് നിർദ്ദേശിച്ചതു്. ഈ യൂണിററു് നടത്തിയെന്നു് അവകാശപ്പെടുന്ന ഗവേ ഷണങ്ങരം അക്കാദമിക്കു് മേഖലയിൽ അനുകമ്പയാണു് ഉണ്ടാക്കിയിരിക്കുന്നതു്. പാരാസൈക്കോളജി ഒരു ശാസ്ത്രമല്ലെന്നു് വ്യക്തമാക്കിയതോടൊപ്പം അവർ മററു ചില കാര്യങ്ങളും പുറത്തുകൊണ്ടുവന്നു. 1966 ഏപ്രിൽ മാസത്തിൽ വിർജീനിയാ യൂണിവേഴ്സിററിയിലെ സ്കൂരം ഓഫ് മെഡിസിനിലെ പ്രൊഫസർ ആയ ഇയാൻ സ്റ്റിവൻസൺ, ഇൻഡ്യയിലെ യൂണിവേഴ്സിററി ഗ്രാൻ റ്സ് കമ്മീഷൻ ചെയർമാനു് ബാനർജിയുടെ ഗവേഷ ണപ്രവർത്തനങ്ങളെപ്പററി ഒരു കത്തയച്ചു. പാരാസൈ ക്കോളജിസ്റ്റുകളുടെ ഇടയിലും മററു പണ്ഡിതന്മാരുടെയി ടയിലും ബാനർജിയുടെ 'ഗവേഷണത്തി'ലുള്ള സത്യസ ന്ധതയിൽ സംശയവും മോശമായ അഭിപ്രായവും ആണു് ഉള്ളതെന്നു് അതിൽ വ്യക്തമാക്കിയിരുന്നു. മറെറാരു പ്രൊഫസറുടെ പേരിൽ ബാനർജി ചില പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളെപ്പററി ആ പ്രൊഫ സർ പരാതി കൊടുത്തിട്ടുള്ള വിവരവും യു. ജി. സി. യുടെ റിപ്പോർട്ടിലുണ്ടു്. രാജസ്ഥാൻ യൂണിവേഴ്സി ററിയിലെ പാരാസൈക്കോളജി വിഭാഗത്തിൻെറ ഉപ ദേശകസമിതിയംഗങ്ങരം ബാനർജി നടത്തുന്ന താണത രം പ്രചരണ രീതിയിൽ അതൃപ്തി രേഖപ്പെടുത്തുകയും യൂ ണിവേഴ്സിററിയുടെ അന്തസ്സിനു് അതു് ക്ഷതമുണ്ടാ ക്കിയതായി യു. ജി. സി. ടീമിനോടു് പറയുകയും ചെ യ്തു. ബാനർജിയുടെ പരിശോധനാരീതി ശാസ്ത്രീയമാ യിരുന്നില്ലെന്നും അവർ പറഞ്ഞു.

രാജസ്ഥാൻ യൂണിവേഴ്സിററിയിലേതുപോലെ ഒരു പാരാസൈക്കോളജി യൂണിററ് തുടങ്ങുന്നതിലുള്ള നിർദ്ദേശങ്ങളും അത്തരം നിർദ്ദേശങ്ങരം നൽകുന്നതിനു പ ററിയ വിദഗ്ദ്ധന്മാരുടെപേരുകളും ആവശ്യപ്പെട്ടുകൊണ്ടു് 1968 ഫെബ്രുവരിയിൽ കാൺപൂർ യൂണിവേഴ്സിററി

വൈസ്ചാൻസലർ ബാനർജിക്ക് ഒരു കത്തെഴുതി. ബാനർജി ഉടനെതന്നെ കാൺപൂർ യൂണിവേഴ്സിററിയുടെ പേരിൽ ഒരു കമ്മററി ഉണ്ടാക്കി റിപ്പോർട്ട് അയച്ചു. യൂ. ജി. സി. ടീം ഇതു പുറത്തു കൊണ്ടുവന്നപ്പോൾ രാജസ്ഥാൻ യൂണിവേഴ്സിററി അധികാരികൾ അമ്പരന്നു പോയി. താൻ അത്തരത്തിലൊരു കമ്മററിയെ നിയമിച്ചിട്ടില്ലെന്നു് കാൺപൂർ യൂണിവേഴ്സിററി വൈസ് ചാൻസലർ വെളിപ്പെടുത്തി. ഈ കമ്മററിയുടെ പ്രവത്തനറിപ്പോർട്ട് പ്രസിദ്ധീകരിക്കരുതെന്നു് യൂണിവേഴ്സിററി നിർദ്ദേശിച്ചുവെങ്കിലും ബാനർജി അതു പ്രസിദ്ധീകരിച്ചു.

യൂ. ജി. സി. കമ്മററി ജയപ്പൂരിൽവെച്ച് ബാനർജിയുടെ പ്രവത്തനങ്ങളെപ്പററി പഠിക്കുകയുണ്ടായി. വളരെ അശ്രദ്ധയോടുകൂടി തയ്യാറാക്കിയ കുറേ റിപ്പോർട്ടുകൾ—എണ്ണത്തിലും ഗുണത്തിലും അവ മോശമാണു്—മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു എന്നു് അവർ കണ്ടു. പാരാസൈക്കോളജി, ഇന്ദ്രിയാതീതജ്ഞാനം, മദ്യത്തിനു് മനുഷ്യമനസ്സിന്റെ മേലുള്ള സ്വാധീനം, മസ്തിഷ്ക്കാതീത സ്മരണ, പാമ്പുകടി തുടങ്ങിയവയുടെ കാര്യത്തിൽ ബാനർജി നടത്തിയിട്ടുള്ള പഠനങ്ങളെല്ലാം അശാസ്ത്രീയമാണെന്നു് കമ്മററിക്കു് ബോദ്ധ്യമായി. അതുകൊണ്ടു് പററിയ ഒരു മനഃശാസ്ത്രവകുപ്പ് രൂപം പ്രാപിക്കുന്നതുവരെ പാരാസൈക്കോളജിവകുപ്പിന്റെ പ്രവർത്തനം നിറുത്തണമെന്നു് യൂ. ജി. സി. കമ്മററി ശുപാർശ ചെയ്തു.

ബാനർജി, തനിക്കുണ്ടെന്നു് അവകാശപ്പെടുന്ന ഡോക്ടർ ബിരുദവും കൃത്രിമമാണു്. ഐക്യനാടുകളിലെ 'ബ്യൂറോ ഓഫ് ഹയർ എജുക്കേഷൻ' രാജസ്ഥാൻ യൂണിവേഴ്സിററിക്കു് അയച്ച കത്തിൽ ആ ഡോക്ടറേററ് നൽകിയ ''നീയോററാറിയൻ കോളജ്'' ഡിഗ്രി നൽകാൻ അധികാരമുള്ള സ്ഥാപനമല്ലെന്നു വ്യക്തമാക്കിയിട്ടുണ്ടു്. കറസ്പോണ്ടൻസ് കോഴ്സുവഴി ഡോക്ടറേററും ഇതര ബിരുദങ്ങളും നൽകുന്ന ഒരു കൃത്രിമ സ്ഥാപനമാണതു്.

1965 ഡിസംബർ 22—ാം തീയതി ബാനർജി ഒരു സ്ത്രീയെ ഹിപ്നോട്ടൈസു ചെയ്യുന്ന ഒരു ചിത്രം ('ട്രൂമാറൊ'' എന്ന് പ്രസിദ്ധീകരണത്തിൻെറ പത്താം വാല്യത്തിൽ (1963) ഉൾപ്പെടെ) പല പത്രങ്ങളിലും വന്നിരുന്നു. അതിൽ പ്രൊഫസർ മിൽറിയാലൻെറ പടത്തിൻെറ സ്ഥാനത്തു് ബാനർജിയുടെ പടം ഒട്ടിച്ചു് റീകോപ്പി ചെയ്തു ഇൻഡ്യയിൽ പ്രസിദ്ധീകരിക്കുകയാണ് ചെയ്തതു്. ഈ വിവരം പ്രൊഫസർ റിയാൽ രാജസ്ഥാൻ യൂണിവേഴ്സിററിയെ അറിയിച്ചിട്ടുണ്ടു്.

അമേരിക്കൻ ഐക്യനാടുകളിൽനിന്നും ചില ഫൌണ്ടേഷനുകൾ സഹായ വാഗ്ദാനം നൽകിയിട്ടുണ്ടെന്നു് അദ്ദേഹം വൈസ് ചാൻസലറെ എഴുതി അറിയിച്ചിരുന്നു. ഇൻഡ്യയിലെ യു. എസ്. എഡ്യൂക്കേഷനൽ ഫൌണ്ടേഷൻ അന്വേഷിച്ചിട്ടു് ബാനർജി പറയുന്ന തരത്തിലുള്ള സ്ഥാപനങ്ങളെപ്പററി യാതൊരറിവും കിട്ടിയില്ല. ബാനർജി കൃത്രിമമായി നിർമ്മിച്ചതാണ് ഈ കത്തുകളെന്നു് അങ്ങനെ തെളിഞ്ഞു. തത്വശാസ്ത്രവകുപ്പിൻെറ തലവൻ വിവരം വൈസ്ചാൻസലറെ അറിയിച്ചു.

1963—ൽ ആണു് ബാനർജി വകുപ്പു തലവനായി രാജസ്ഥാൻ യൂണിവേഴ്സിററിയിൽ പാരാസൈക്കോളജി ഡിപ്പാർട്ട്മെൻറു് തുടങ്ങിയതു്. പുനർജന്മത്തിനു ശാസ്ത്രീയമായ തെളിവുകൊടുക്കാൻ കഴിയും എന്നു് ബാനർജി പ്രഖ്യാപിച്ചതുകൊണ്ടു് ലോകവ്യാപകമായ പ്രസിദ്ധി അദ്ദേഹത്തിനുണ്ടായി. അദ്ദേഹത്തിൻെറ കയ്യിൽ തെളിവുണ്ടോ ഇല്ലയോ എന്നറിയാതെതന്നെ വിശ്വാസികൾ ബാനർജിക്കു സ്തുതിപാടി മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഈ യൂണിററിനു് ഒന്നരലക്ഷം രൂപാ അനുവദിച്ചു സംഭാവനകൾ സ്വീകരിക്കാനും യൂണിവേഴ്സിററി അദ്ദേഹത്തിനു സ്വാതന്ത്ര്യം നല്കി. മതവിശ്വാസികൾ നിർലോപം പണംകൊടുത്തു ബാനർജിയെ സഹായിച്ചു. പക്ഷേ അവയ്ക്കൊന്നും കൃത്യമായ വരവു ചെലവു കണക്കുകളോ രേഖകളൊ ഇല്ല എന്നു് യു. ജി. സി.

ടീം പറയുന്നു. ഈ യൂണിററുകൊണ്ടു് എന്തെങ്കിലും പ്രയോജനമില്ലാത്ത നിലയ്ക്കു് അതു നിറുത്തി കളയാൻ സംസ്ഥാന ഗവണ്മെൻറു് ഒരിക്കൽ യൂണിവേഴ്സിററിയെ ഉപദേശിച്ചിരുന്നു. 31–1–69–ൽ ശ്രീ. എച്ച്. എൻ. ബാനർജി നടത്തിക്കൊണ്ടിരുന്ന പുനർജന്മ ഗവേഷണത്തിൻെറ പ്രയോജനത്തെപ്പററി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ ഒരു മൂന്നംഗക്കമ്മിററിയെ യൂണിവേഴ്സിററി ഗ്രാൻറു് കമ്മീഷൻ നിയമിച്ചു.

1) പ്രൊ. എസ്സ്. പാൎത്ഥസാരഥി.

2) ഉത്കൽ യൂണിവേഴ്സിററിയിലെ മനഃശാസ്ത്ര പ്രൊഫസർ ആർ. റാത്തു്.

3) ഡൽഹി യൂണിവേഴ്സിററിയിലെ മനഃശാസ്ത്ര പ്രൊഫസർ ഡോ എച്ച്. സി. ഗാംഗുലി എന്നിവരായിരുന്നു കമ്മററിയംഗങ്ങൾ.

''ശ്രീ. ബാനർജി ഗവേഷണപരമായി ഇന്ദ്രിയാതീതാനുഭവങ്ങൾ ശേഖരിച്ചിട്ടുള്ള റിക്കാർഡുകൾ തുഛവും അനവലംബനീയവുമായി കാണുന്നു. അവയ്ക്കടിസ്ഥാനപരമായി ശേഖരിച്ചുവെച്ചിട്ടുള്ള തെളിവുകൾ ശ്രദ്ധാപൂർവ്വം ശേഖരിച്ചിട്ടുള്ളവയായി തോന്നുന്നില്ല. ഒരു നിഗമനത്തിനു് അവശ്യം ആവശ്യമായ തെളിവുകളാണവയിലൊന്നും ഇല്ലാത്തതു് 1963–ൽ ഈ ഡിപ്പാർട്ടുമെൻറു് ഏർപ്പെടുത്തിയതിനുശേഷം 700 പുനർജ്ജന്മക്കേസുകൾ റിക്കാർഡാക്കീട്ടുണ്ടു്. അവയിൽ 30 എണ്ണം മാത്രമേ അന്വേഷണത്തിനായി എടുക്കാനുദ്ദേശിച്ചിട്ടുള്ളു അവയിൽ വെവ്വേറെ അന്വേഷണം നടത്തി റിക്കാർഡാക്കിയതു് 3 എണ്ണം മാത്രമാണു്. ആ റിക്കാർഡുകൾ ഒന്നുംതന്നെ ആരുടേയും ഗൗരവമായ ശ്രദ്ധ അർഹിക്കുന്നവയല്ല എല്ലാം ഉപരിപ്ലവങ്ങളാണു്'' എന്നാണു് ഈ മൂന്നംഗ കമ്മററി അഭിപ്രായപ്പെട്ടതു്. ഈ ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധ മുഴുവനും കേട്ടുകേൾവികളായ കഥകൾ ശേഖരിക്കുന്നതിലായിരുന്നു. :വെറും പ്രചരണത്തിൽ മാ

ത്രമാണു് ശ്രീ. ബാനർജി ശ്രദ്ധിച്ചിരുന്നതു്. അതു് ആ ഡിപ്പാർട്ടുമെൻറിൻെറ അന്തസ്സിനേയും സൽപ്പേരിനേയും പ്രതികൂലമായി ബാധിച്ചിട്ടുള്ളതായും കമ്മററി ചൂണ്ടിക്കാണിച്ചു.

ഇതിൻെറയൊക്കെ ഫലമായി രാജസ്ഥാൻ യൂണിവേഴ്സിററി പാരാസൈക്കോളജി വകുപ്പു പിരിച്ചുവിട്ടു.

## 15, ഇന്ദ്രിയാതീതജ്ഞാനികൾക്കെതിരെയുള്ള വെല്ലുവിളികൾ

പതിമൂന്നുവർഷങ്ങൾക്കുമുമ്പാണു് ദിവ്യശക്തിയുണ്ടെന്നു തെളിയിക്കുന്നവരെ വെല്ലുവിളിക്കാൻ ആരംഭിച്ചതു്. അതിനു് ഒരു പ്രത്യേക കാരണമുണ്ടായിരുന്നു. റിട്ടയർ ചെയ്യുന്നതുവരെ എനിക്കു പൊതുരംഗത്തുവന്നു് യുക്തിവാദം പ്രചരിപ്പിക്കാൻ സാധിക്കുമായിരുന്നില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ ജോലി നഷ്ടപ്പെടുമായിരുന്നു. എന്നാൽ റിട്ടയർ ചെയ്തുകഴിഞ്ഞു് എൻെറ ശിഷ്ടജീവിതം യുക്തിവാദ പ്രചരണത്തിനുവേണ്ടി ചെലവഴിക്കാമെന്നു ഞാൻ നിശ്ചയിച്ചു. യുക്തിവാദപരമായ ലേഖനങ്ങൾ എഴുതാനും പ്രസംഗിക്കാനും തുടങ്ങിയപ്പോൾ, എന്നേക്കാൾ വിദ്യാഭ്യാസയോഗ്യത ഉണ്ടെന്നു നടിക്കുന്ന ചിലർ മതപ്രചരണം നടത്തിക്കൊണ്ടിരിക്കുന്നതു കണ്ടു. ബിരുദങ്ങളുടേയും ശാസ്ത്രസ്ഥാപനങ്ങളുടേയും പിൻബലത്തോടെയാണു് അവർ അങ്ങനെ ചെയ്തിരുന്നതു്. അപ്പോൾ എനിക്കുതോന്നി, ഇവരെ ഒരു പാഠം പഠിപ്പിക്കുവാൻ വെല്ലുവിളിക്കണമെന്നു്. അവർ പറയുന്നതിൽ ശരിയുണ്ടെങ്കിൽ അതു തെളിയിച്ചു് എൻെറ പന്തയത്തുക വാങ്ങട്ടെ എന്നായിരുന്നു എൻെറ വിചാരം. എൻെറ വെ

ല്ലുവിളികൾ പത്രങ്ങളിൽ വന്നപ്പോൾ മതപുരോഹിതന്മാർ, കററാഡിയന്മാർ, ജ്യോത്സ്യന്മാർ, കൈനോട്ടക്കാർ, ആത്മീയവാദികൾ, ഭാഗ്യപ്രവചനക്കാർ, അന്തഃകരണജ്ഞാനവിദ്യക്കാർ, പരേംഗിതജ്ഞന്മാർ തുടങ്ങിയ എല്ലാത്തരം പ്രകൃത്യതീതവാദക്കാരിൽനിന്നും പ്രതിഷേധത്തിന്റെ ഒരു പ്രളയം തന്നെ ഉയർന്നുപൊങ്ങി. ചിലർ പറഞ്ഞു. അവർക്കവരുടെ മന്ത്രവാദംകൊണ്ടു് എന്നെ കൊല്ലാമെന്നു്. പ്രേതവാദികൾ പറഞ്ഞു, പ്രേതങ്ങളിൽകൂടി അവർക്കെന്നെ ദ്രോഹിക്കാമെന്നു്. മററുചിലർ പറഞ്ഞു, രാത്രികാലങ്ങളിൽ നഗ്നനായി ശവക്കോട്ടകളിലേക്കു് അവരെ അനുഗമിക്കുകയും മന്ത്രശക്തിയുള്ള ഒരു ദ്രാവകം കുടിക്കുകയും ചെയ്യാമെങ്കിൽ എനിക്കു പ്രേതങ്ങളെ കാണിച്ചുതരാമെന്നു്.

വലിയ തുകകൾകൊണ്ടു് വെല്ലുവിളി നടത്തുമ്പോൾ വിലകുറഞ്ഞ പ്രചരണത്തിനുവേണ്ടി പണം എറിഞ്ഞുകളയത്തക്കവെണ്ണം ഒരു ധനാഢ്യനാണു് ഞാനെന്ന തെററിദ്ധാരണ പൊതുജനമദ്ധ്യത്തിൽ ഉണ്ടായേക്കുമെന്നു് എനിക്കറിയാമായിരുന്നു. അമാനുഷിക ശക്തികളുള്ള ഒരൊററ മനുഷ്യനെങ്കിലും ഈ ലോകത്തുണ്ടാകുമെങ്കിൽ, എന്റെ വെല്ലുവിളികളുടെ ഫലമായി വാർദ്ധക്യകാലം ഒരനാഥശാലയിൽ കഴിച്ചുകൂട്ടേണ്ടിവന്നേക്കുമെന്നും എനിക്കു് നല്ലപോലെ അറിയാമായിരുന്നു. പക്ഷേ, അന്നും ഇന്നും ഈ പന്തയങ്ങൾ കാരണം ഒരൊററ പൈസാപോലും നഷ്ടപ്പെടേണ്ടിവരികയില്ലെന്നു് പൂർണ്ണവിശ്വാസമുണ്ടായിരുന്നു എനിക്കു്. അതുകൊണ്ടാണു് എന്റെ എല്ലാ വെല്ലുവിളികളേയും എന്റെ മരണംവരെ ഞാൻ നിലനിർത്തിയതു്. എന്റെ പുത്രനും, അവന്റെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നേടത്തോളം, ഈ വെല്ലുവിളികൾ തുടർന്നുകൊണ്ടുപോകണമെന്നാണെന്റെ ആഗ്രഹം.

എന്റെ ഒന്നാമത്തെ വെല്ലുവിളി നടത്തിയതു് 1963 ജൂണിലാണു്. ഒരു കവറിൽ സീലുവച്ചു സൂക്ഷിക്കപ്പെടുന്ന കറൻസി നോട്ടിന്റെ സീരിയൽ നമ്പർ കൃത്യമായി പറയുന്ന ആൾക്കു്, അയാൾ എത്രതന്നെ അമാ

നുഷികശക്തികൾ ഉള്ളവനായാലും, ഇരുഭാഗക്കാർക്കും തുല്യബാദ്ധ്യതയുള്ള വിധത്തിൽ 1000 ക. മുതൽ 25,000 ക. വരെ ഞാൻ വാതുവച്ചു. പരേംഗിതജ്ഞാനമുണ്ടെന്നവകാശപ്പെടുന്നവർക്കുവേണ്ടി, അവർ അടുത്തൊരു മുറിയിലിരുന്ന് മനസ്സു വായിക്കുന്നതിനവസരം നൽകിക്കൊണ്ട് ഏതെങ്കിലും ഒരു ജഡ്ജിക്കു കറൻസിനോട്ടിന്റെ സീരിയൽ നമ്പർ കാണിച്ചുകൊടുക്കാനും ഞാൻ തയ്യാറായി. ഇ. എസ്. പി. (Extra sensory perception) യുടെ വ്യാഖ്യാതാക്കളിലൊരാളായ ഡ്യൂക്ക് യൂണിവേഴ്സിററിയിലെ ഡോക്ടർ ജെ. ബി. റൈനിനെ ഞാൻ പ്രത്യേകം ക്ഷണിച്ചു. വിദേശങ്ങളിൽനിന്നുള്ള ആത്മവിദ്യാ മാന്ത്രിക വാദികൾക്ക് കൊളംബോയിൽ വന്ന് അവരുടെ യാത്രാച്ചെലവു മുഴുവൻ കഴിച്ച് നല്ല മിച്ചമുണ്ടാകുന്നതിനുദ്ദേശിച്ചുകൊണ്ട് 1965 ജനുവരിയിൽ ഞാൻ തുക 75,000ക. വരെ വർദ്ധിപ്പിച്ചു.

1966—ൽ ഈ രാജ്യത്തു (ശ്രീലങ്ക) തന്നെയുള്ള ചില മന്ത്രവാദികൾ തങ്ങൾക്കു സീലുവച്ച നോട്ടിലെ നമ്പർ വായിക്കാനുള്ള ശക്തിയുണ്ടെന്നും പക്ഷേ, വാതു തുക അവരെക്കൊണ്ട് താങ്ങാനാവാത്തതാണെന്നും പറയുകയുണ്ടായി. അവരുടെ സാമ്പത്തികകഴിവിനെ നേരിടുവാനായി ഞാൻ ഏററവും ചുരുങ്ങിയ വാതുസംഖ്യ 1000ക.യിൽ നിന്നും 75 രൂപയാക്കി കുറച്ചു. ആത്മീയവാദികളോട് ഞാൻ മറെറാരു വെല്ലുവിളി നടത്തി—ഒരു പ്രേതത്തേയോ, പിശാചിനേയോ ഫോട്ടോ എടുക്കത്തക്കവണ്ണം കാണിച്ചുതരാമെങ്കിൽ 5000ക. കൊടുക്കാമെന്ന്.

ജ്യോത്സ്യം വെറും ചൂതാട്ടമാണെന്ന് തെളിയിക്കുവാൻ ഞാൻ പറഞ്ഞു, പത്ത് വ്യക്തികളുടെ ജനനസ്ഥലങ്ങളുടെ രേഖാംശവും അക്ഷാംശവുമടക്കം കൃത്യമായ ജനനസമയം നൽകാമെന്നും അവരുടെ ലിംഗവും മരിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിൽ മരണസമയവും പറയുന്ന ഓരോരുത്തർക്കും 1000ക. വീതം കൊടുക്കാമെന്നും, അഞ്ചു ശതമാനം തെററ് സമ്മതിക്കാനും ഞാൻ തയ്യാറായി

രുന്നു. കൈനോട്ടക്കാരോട് ഞാൻ പറഞ്ഞു. ആ പത്തുപേരുടെ കൈപ്പത്തി അടയാളം അവരുടെ ജനനതീയതികൾക്ക പകരം നൽകാമെന്നു്. സൗജന്യപ്രചാരണം മാത്രം ലക്ഷ്യമാക്കിക്കൊണ്ടു് പത്രങ്ങളിൽക്കൂടിയുള്ള കപടവേഷക്കാരുടെ തള്ളിക്കയററം തടയാനായി, പരാജിതരാകുന്ന ഒരോരുത്തരും 75ക. വീതം തരേണ്ടിവരുമെന്നും അറിയിച്ചു.

തങ്ങളുടെ ജീവിതത്തിലെ ഓരോ കാര്യവും ജ്യോത്സ്യന്മാരോടു ചോദിച്ചു മാത്രം ചെയ്തുപോരുന്ന ഹിന്ദുക്കളുടെ രാജ്യമാണ് ഇന്ത്യയെന്നതുകൊണ്ടു് ഇന്ത്യയിലെ രണ്ടു പത്രങ്ങൾ എനിക്കവേണ്ടി ഈ പരീക്ഷണം നടത്താമെന്നേററു. എൻെറ വെല്ലുവിളിയുടെ പ്രസ്സ് കട്ടിംഗുകൾ ബി വി. രാമനടക്കം അനേകം ജ്യോത്സ്യന്മാർക്കും അയച്ചുകൊടുത്തു. പക്ഷേ, ഇതുവരെ ലോകത്തിലെ ഒരൊററ ഭാഗത്തുനിന്നും ഒരൊററ ജ്യോത്സ്യനെങ്കിലും എൻെറ പന്തയത്തുകയായ 75ക. കെട്ടിവച്ചുകൊണ്ടു് മുന്നോട്ടുവരാൻ ധൈര്യപ്പെട്ടിട്ടില്ല.

ഈ രാജ്യത്തിലെ എല്ലാ മന്ത്രവാദികളേയും സിംഹളം, തമിഴ്, ഇംഗ്ലീഷ് പത്രങ്ങളിൽക്കൂടി, മുൻകൂട്ടി നിശ്ചയിക്കപ്പെട്ട കാലയളവിനുള്ളിൽ അവരുടെ മാന്ത്രികശക്തികൊണ്ടു് എന്നെ കൊന്നുകളയുവാൻ ഞാൻ വെല്ലുവിളിച്ചു ഒരോതവണയും എനിക്ക ധാരാളം മന്ത്രത്തകിടുകൾ പോസ്ററുവഴി ലഭിച്ചു. ഇന്നുവരെ എനിക്കു് അജ്ഞാതനാമങ്ങളിൽ അൻപതു മന്ത്രത്തകിടുകൾ കിട്ടിയിട്ടുണ്ടു്—ചിലതു ചെമ്പിൻതകിടിലും ചിലതു വെള്ളിത്തകിടിലും ബാക്കിയുള്ളവ ഓലയിലും കടലാസ്സിലും. സിലോണിലെ എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള മാന്ത്രികന്മാരുടെ ഈ മന്ത്രത്തകിടുകളൊക്കെ കിട്ടിയിട്ടും, ഞാനിന്നും സന്തോഷത്തോടും ആരോഗ്യത്തോടുംകൂടി ജീവിച്ചുവരുന്നു. അവസാനം എല്ലാ മനുഷ്യരേയുംപോലെ ഞാനും മരിക്കുമ്പോൾ ഈ കപടനാട്യക്കാർ ഒരു പക്ഷേ പറയുമായിരിക്കും, അവരുടെ മാന്ത്രികത്തകിടുകളുടെ പ്രവർത്തന ഫലമായാണ് ഞാൻ മരിച്ചതെന്നു്!

1970–ൽ 'കട്ടാരശ്മ ഡെവട്ടീസ് അസോസിയേഷൻ' പ്രസഡൻറിന്ന മറുപടിയായി, പൊള്ളലൊന്ന മേൽക്കാതെമുപ്പത്തു സെക്കൻഡ് തീയിൽ നിൽക്കുന്നവന് ഒരു ലക്ഷം ഉറുപ്പിക സമ്മാനമായി നൽകാമെന്നു ഞാനേററു. മത്സരത്തിനുവരുന്നവർ, മടക്കികിട്ടാവുന്ന 1000ക. ഡിപ്പോസിററു വയ്ക്കണമെന്നും ഞാൻ ആവശ്യപ്പെട്ടു.

ആവശ്യപ്പെട്ട സംഖ്യ കെട്ടിവച്ചുകൊണ്ടു് എൻെറ വെല്ലുവിളിയെ സ്വീകരിക്കുവാൻ അമാനുഷികശക്തികളുണ്ടെന്നു് അവകാശപ്പെട്ടുകൊണ്ടിരുന്ന ആരും മുമ്പോട്ടു വന്നില്ല. പക്ഷേ കുറേപ്പേർ പറഞ്ഞു, തങ്ങൾക്കു് ആവശ്യമായ സംഖ്യ കെട്ടിവയ്ക്കാൻ കഴിവില്ലാത്തതുകൊണ്ടാണ് മുമ്പോട്ടുവരാത്തതെന്നു്. അതേ അവസരത്തിൽ അമാനുഷികശക്തികൾ ഉള്ളവരാണ് തങ്ങളെന്നു് അവർ അപ്പോഴും അവകാശപ്പെട്ടു. ആവശ്യപ്പെട്ട സംഖ്യ കെട്ടിവയ്ക്കാൻ തയ്യാറാവാതിരുന്ന അവരെ കാര്യമായിട്ടെടുക്കേണ്ടതില്ലാതിരുന്നിട്ടും അവരുടെ ശക്തി പരസ്യമായി പ്രകടിപ്പിക്കുവാൻ ഞാൻ ക്ഷണിച്ചു. രണ്ടു പേരൊഴികെ ആരും എൻെറ പരീക്ഷണത്തെ നേരിടാൻ മുന്നോട്ടു വന്നില്ല. മററെല്ലാവരും അവസാനഘട്ടത്തിൽ പിന്മാറുകയാണുണ്ടായതു്.

ഇന്ത്യയിലും സിലോണിലും വളരെയേറെ വിഖ്യാതരായ സായിബാബ, പണ്ടരിമലൈസ്വാമികൾ, നീലകണ്ഠസ്വാമികൾ തുടങ്ങിയ ചെപ്പടിവിദ്യക്കാരെ, അവർക്ക് തങ്ങളുടെ ദൈവശക്തികൊണ്ടു് വിശുദ്ധഭസ്മവും ലിംഗവും ശൂന്യതയിൽനിന്നും സമൂർത്തീകരിച്ചെടുക്കാൻ കഴിയുമെന്നവർ അവകാശപ്പെടുന്നതുകൊണ്ടു്, ദൈവത്തിൻെറ അവതാരപുരുഷന്മാരെന്നു കരുതി ആരാധിക്കുന്നുണ്ടു്. ഇവരുടെ അമാനുഷികസിദ്ധികളെക്കുറിച്ചു് അനേകം ലേഖനങ്ങൾ പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതുകൊണ്ടു്, ഞാനവരുടെ ദേഹം പരിശോധിച്ചശേഷം ശൂന്യതയിൽനിന്നെന്തെങ്കിലും പദാർത്ഥം എടുത്തുതരുന്നതിനു് ഞാനവരെ വെല്ലുവിളിച്ചു. എന്നെപ്പോലുള്ള ഒരു

'അവിശുദ്ധാന്വേഷ്യൻ' അവരുടെ 'വിശുദ്ധദേഹങ്ങൾ' സ്പർശിക്കുന്നതിൽ അവർക്കെന്തെങ്കിലും തടസ്സമുള്ളപക്ഷം ഞാനവർക്കു കാണിച്ചുകൊടുക്കുന്ന ഒരു കറൻസിനോട്ടിന്റെ തനിപ്പകർപ്പ് ശൂന്യതയിൽനിന്നും എടുത്തുതരുന്നതുകൊണ്ട് ഞാൻ തൃപ്തിപ്പെടുന്നതാണെന്നും അറിയിച്ചു. ഇന്ത്യൻ പത്രങ്ങളിൽക്കൂടിയും നേരിട്ട് രജിസ്റ്റർ ചെയ്ത കത്തുകൾ വഴിയും ഞാനീ വെല്ലുവിളി അവരെ അറിയിച്ചെങ്കിലും ഭഗവാന്മാരെന്ന് പറയപ്പെടുന്ന ആ മൂന്നുപേരിൽനിന്നും ഒരു മറുപടിയും ലഭിക്കുകയുണ്ടായില്ല.

പുനർജന്മവാദത്തിന് ശാസ്ത്രീയമായ തെളിവുകളുണ്ടെന്നു കാണിക്കുവാൻ പ്രയോഗിക്കുന്ന ശക്തിയായ വാദങ്ങളിലൊന്ന്, പൂർവ്വജന്മമെന്ന് പറയപ്പെടുന്ന കാലത്തെക്കുറിച്ച് ചിലർ പറയുന്ന ചില സംഭവങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് 'ഹിപ്നോട്ടിക് റിഗ്രഷൻ' കൊണ്ട് ഭൗതികവും ശാരീരികവുമായ പരിവർത്തനങ്ങൾകൂടി സാദ്ധ്യമാണെന്നുവരെ അന്തരിച്ച പ്രൊഫ. കെ. എൻ. ജയതിലകനെപ്പോലുള്ളവർ അവകാശപ്പെട്ടു.

യുക്തിരഹിതമായ ഈ അവകാശവാദത്തിന്റെ സർവ്വാബദ്ധത്തെ തെളിയിക്കുവാനായി, സമഗുണവിശേഷങ്ങളുള്ള ഇരട്ടപെററ കുട്ടികളെ വെവ്വേറെ അവരുടെ ജനനത്തിനുമുമ്പുള്ള അവസ്ഥയിലേക്ക് ഹിപ്നോട്ടിസം വഴി തിരിച്ചുകൊണ്ടുപോകുവാനും അവരെക്കൊണ്ട് തുല്യതയുള്ള അവരുടെ മുൻജന്മത്തെക്കുറിച്ച് തുല്യവിവരങ്ങൾ നൽകിക്കുവാനും ഹിപ്നോട്ടിസക്കാരെ ഞാൻ വെല്ലുവിളിച്ചു. ഇരുഭാഗത്തിനും ബാധകമായ വിധത്തിൽ 75ക. മുതൽ 75,000ക. വരെയുള്ള പന്തയത്തുകയും വാഗ്ദാനം ചെയ്തു.

ഹിപ്നോട്ടിക് റിഗ്രഷൻകൊണ്ട് ശാരീരികപരിവർത്തനങ്ങൾ വരുത്താമെന്നവകാശപ്പെട്ടവരെ, പ്രസവമടുത്ത ഒരു സ്ത്രീയെ ഹിപ്നോട്ടിസത്തിനു വിധേയയാക്കി അവളുടെ ഗർഭധാരണത്തിനു മുമ്പുള്ള സ്ഥിതിയിലേക്ക് തിരിച്ചുകൊണ്ടുപോകാനും അവളുടെ ഗർഭപാത്ര

ത്തിനകത്തുള്ള ഭ്രൂണത്തെ അപ്രത്യക്ഷമാക്കാനും ഞാൻ വെല്ലുവിളിച്ചു. ഹിപ്നോട്ടിസത്തിനു വിധേയരായവരെ രോഗിതജ്ഞരാക്കാമെന്ന അവകാശവാദക്കാരോടും ഞാൻ അതേ വെല്ലുവിളി ആവർത്തിച്ചു.

റവ. വളഗെദാര ഇൻഡസ്സ്മനതെറൊ എന്നൊരു ബുദ്ധസന്യാസി, എന്റെ വെല്ലുവിളിക്കു മറുപടിയായി ഒരു പ്രേതത്തെ ഫോട്ടോ എടുക്കുന്നതിനായി പ്രത്യക്ഷപ്പെടുത്താമെന്നു് ഒരു സിലോൺ പത്രത്തിൽക്കൂടി അറിയിച്ചു. അതേ പത്രത്തിൽക്കൂടിത്തന്നെ ഞാനതു സ്വീകരിച്ചു മറുപടി അയച്ചെങ്കിലും പിന്നീടു് അയാളിൽനിന്നും ഒരു പ്രതികരണവും ഉണ്ടായില്ല.

പനാദുരെയിൽനിന്നുള്ള ഒരു മാന്ത്രികൻ മി. നൻദിരിസ് ഡി സിൽവ 'സിലുമിനാ'പത്രപംക്തികളിൽക്കൂടി അവകാശപ്പെടുകയുണ്ടായി, എന്റെ കൈത്തലത്തിൽ ഒരു പ്രേതത്തെ പ്രത്യക്ഷപ്പെടുത്താമെന്നും, കണ്ണാടിയിൽ ഒരു പിശാചിനെ കാണിച്ചുതരാമെന്നും, ഞാൻ ഇരിക്കുന്ന കസാലയിൽ എന്നെ നിശ്ചലനാക്കാമെന്നും, അയാളുടെ അധീനതയിലുള്ള പ്രേതങ്ങളെക്കൊണ്ടു് എന്റെ ബംഗ്ലാവിലുള്ള ഫർണിച്ചർ മുഴുവൻ തല്ലിത്തകർത്തുകളയാമെന്നും മററും. 'സിലുമിനാ' പത്രാധിപരും മി. നൻദിരിസ് ഡി സിൽവയുംകൂടി അയാളുടെ സിദ്ധികളെ പ്രദർശിപ്പിക്കുന്നതിനു് പല തീയതികളും നിശ്ചയിച്ചെങ്കിലും അയാൾ ഒരിക്കലും മുന്നോട്ടുവരികയുണ്ടായില്ല.

1969-ൽ വടവലെയിൽനിന്നും സ്വയം ഒരു മന്ത്രവാദിയാണെന്നവകാശപ്പെടുന്ന ഡാക്ടർ എം. എച്ച്. എം. നസീം എന്നയാൾ താഴെക്കാണുന്ന കത്തു് എനിക്കെഴുതി:

പ്രേതങ്ങളുണ്ടെന്നു് തെളിയിക്കുവാനായി, 'പോയ' ദിനങ്ങളിലൊഴിച്ച്, മറേറതെങ്കിലും ദിവസം സൂര്യാസ്തമനത്തിനും ഉദയത്തിനുമിടയ്ക്കുള്ള സമയത്തു് പ്രേതങ്ങളെ പ്രദർശിപ്പിക്കുവാൻ ഞാൻ ഒരുക്കമാണ്. ഈ വെല്ലുവി

ളി നിങ്ങളുടെ യുക്തിവാദിസംഘാംഗങ്ങൾക്കുമാത്രമേ ബാധകമാവൂ; പൊതുവായ പ്രദർശനമായിരിക്കുകയില്ല. യാതൊരു വെളിച്ചവുമില്ലാത്ത ഒരു മുറിയിൽ നിങ്ങളിലാരെങ്കിലും ഒരു വിളക്കോ മെഴുകുതിരിയോ കത്തിച്ചുവച്ചിട്ടു താക്കോൽകൊണ്ടു് മുറിപൂട്ടി പുറത്തു വരണം, എല്ലാവരും (ഞാനടക്കം) പൂട്ടപ്പെട്ട മുറിയുടെ പുറത്തുനിൽക്കും. അഞ്ചുമിനിററിനുള്ളിൽ പൂട്ടപ്പെട്ട വാതിൽ തന്നെത്താൻ തുറക്കപ്പെടുന്നതാണു്; അതേ സമയത്തു് വിളക്കോ മെഴുകുതിരിയോ കെടുന്നതുമാണു്. പത്തുമിനിററോളം കഴിയുമ്പോഴേക്കും വിളക്കോ മെഴുകുതിരിയോ വീണ്ടും സ്വയം ജ്വലിക്കുന്നതും വാതിൽ സ്വയം അടച്ചു പൂട്ടപ്പെടുന്നതുമാണു് തട്ടിന്മേൽനിന്നു് വല്ല വിലപിടിച്ച വിളക്കും തൂങ്ങിനിൽപുണ്ടെങ്കിൽ അതിനെ ഒഴിഞ്ഞുകിടക്കുന്ന മുറിയിൽ കീഴ്പ്പോട്ടടിച്ചു വീഴ്ത്തുന്നതിനു ഞാൻ ഇടയാക്കുന്നതാണു്. നിങ്ങൾക്കു് താല്പര്യമുണ്ടെങ്കിൽ, മൂന്നാഴ്ചക്കാലത്തെ മുന്നറിയിപ്പോടുകൂടി അറിയിക്കുവാൻ താല്പര്യപ്പെടുന്നു '

ചില ജഡ്ജിമാരുടേയും പത്ര പ്രവർത്തകരുടേയും സാന്നിദ്ധ്യത്തിൽ തൻെറ ശക്തികൾ പ്രകടിപ്പിക്കുന്നതിനു് 1969 നവംബർ 22-ാം തീയതി എൻെറ വസതിയിലേക്കു വരുവാൻ ഞാൻ ഡോ നസീമിനെ ഒരു രജിസ്റ്റേർഡു് കത്തുവഴി ക്ഷണിച്ചു അദ്ദേഹം ക്ഷണം സ്വീകരിക്കുകയും ചെയ്തു.

നിശ്ചിതദിവസം പ്രസ്തുത മന്ത്രവാദി വരാതിരുന്നതിനെക്കുറിച്ചു് 'ടൈംസ് ഓഫ് സിലോൺ', 'എ വാക്ക് ഓവർ ഫോർ മി. കോവൂർ' എന്ന തലക്കെട്ടിൽ ഇങ്ങനെ എഴുതി:

'അയാൾ വന്നതേ ഇല്ല; അതുകൊണ്ടു് ഞങ്ങൾ കണ്ടതുമില്ല. അങ്ങനെ പ്രസിദ്ധ യുക്തിവാദിയായ ഏബ്രഹാം കോവൂരിനു് ഒരു 'വാക്ക് ഓവർ' ലഭിച്ചിരിക്കുന്നു. ആയാൾ—വാട്ടങ്ങലയിൽനിന്നുള്ള ഒരു ഡോക്ടർ പ്രേതങ്ങളുടെ അസ്തിത്വം തെളിയിക്കുവാനുള്ള ഡോക്ടർ കോ

വൂരിൻെറ വെല്ലുവിളി സ്വീകരിക്കുവാൻ തയ്യാറായി അവസാനം മുന്നോട്ടുവന്നയാളാണ്. മി. കോവൂരുമായി നീണ്ടുനിന്ന കത്തിടപാടുകളുടെ ഫലമായി, ശനിയാഴ്ച രാത്രി 7—നും 9നും ഇടയ്ക്കു് കോവൂരിൻെറ ഗൃഹത്തിൽവെച്ചു് പ്രകടനം നടത്താമെന്നു് ഏററതായിരുന്നു. പ്രകടനം കാണുന്നതിനു് ഉൽസുകരായി ഞങ്ങൾ കാത്തിരുന്നു. ഒരു മെതഡിസ്റ്റു് പുരോഹിതനും രണ്ടു സർവ്വകലാശാലാംഗങ്ങളും രണ്ടു പത്രപ്രവർത്തകരും ഞങ്ങളോടൊപ്പമുണ്ടായിരുന്നു.'

1969 ജനുവരിയിൽ 'ടൈംസ്' വാരാന്തപ്പതിപ്പിൽ ഒരജ്ഞാതൻെറ പേരിൽ ഞാൻ കെലനിയാ ബുദ്ധമത ക്ഷേത്രത്തിലേക്കു് ചെല്ലുകയാണെങ്കിൽ എനിക്കു ദൈവശക്തിയും അദൃശ്യവൈഭവങ്ങളും കാണിച്ചുതരാമെന്നു് എന്നെ വെല്ലുവിളിച്ചുകൊണ്ടുള്ള ഒരു കുറിപ്പു് പ്രത്യക്ഷപ്പെട്ടു. പ്രസ്തുത വെല്ലുവിളിക്കാരൻ അയാളാരാണെന്നു് വ്യക്തമാക്കുവാൻ തയ്യാറാണെങ്കിൽ അയാളുടെ വെല്ലുവിളി സ്വീകരിക്കുവാൻ തയ്യാറാണെന്നു് ഞാനും അറിയിച്ചു.

അയാളാരാണെന്നു അറിയിക്കാതെയും ക്ഷേത്രഭാരവാഹികളുടെ അനുമതി ലഭിക്കാതെയും മാർച്ചു് 2—നു് കാലത്തു് 8 മണിക്കു് കെലനിയാ ക്ഷേത്രത്തിലെ മകരതോരണങ്ങൾക്കു കീഴിൽ 'ദൈവത്തിൻെറ നാമത്തിൽ' താൻ വരുന്നതാണെന്നയാൾ പ്രസിദ്ധപ്പെടുത്തി.

'അദൃശ്യനായ ദൈവത്തിൻെറയും പ്രേതങ്ങളുടേയും ശക്തി പ്രദർശിപ്പിക്കുവാൻ ദൈവത്തിൻെറ നാമത്തിൽ വരുന്ന' ആ വെല്ലുവിളിക്കാരനെ കാണുവാൻ അന്നു കാലത്തു് ക്ഷേത്രത്തിൽ ധാരാളമാളുകൾ എത്തിച്ചേർന്നിരുന്നു. പക്ഷേ, അയാൾ പ്രത്യക്ഷപ്പെട്ടതേ ഇല്ല. അതിനുശേഷം നടത്തിയ അന്വേഷണത്തിൽ ആ അജ്ഞാതനായ വെല്ലുവിളിക്കാരൻ പിന്നീട്ടു് ഒരു ഫിലിം നിർമ്മാതാവും ഡയറക്ടറും ആയിത്തീർന്ന ഒരു യൂറോപ്യൻ സ്കിൻഡൈവറായിരുന്നെന്നും മയക്കുമരുന്നുകൾ കഴിച്ചു് അയാൾ ചി

ത്തരോഗിയായിത്തീർന്നതായിരുന്നു എന്നും അറിയാൻ കഴിഞ്ഞു.

കെഗല്ലിയിൽനിന്നും ഒരു മി. കെ പിടിയായും ബോറലസ്ഗയാവിൽനിന്നും ഒരു മി. ഗേയേത്തും കെല നിയായിലെ ഒരു മി എസ്. വെങ്കയിലൻബർഗ്ഗും ജ്യോതിഷത്തെക്കുറിച്ചുള്ള എന്റെ പരീക്ഷണത്തെഅഭിമുഖീക രിക്കവാൻ വരാമെന്നു സമ്മതിച്ചിരുന്നെങ്കിലും നിശ്ചിത ദിവസങ്ങളിലൊന്നും അവർ വന്നുചേർന്നില്ല.

തന്റെ ഗൃഹത്തിൽവെച്ച് തന്റെ കുട്ടിയുടെ ഫോട്ടോ പലരുമെടുത്തപ്പോഠം കുട്ടിയുടെ ഇരുവശങ്ങളിലും ഒരു സർപ്പവും ഒരു വാളും ദൃശ്യമായിരുന്നുവെന്ന് അബ കൊളാവയിൽനിന്നു രണവാകെ എന്നൊരാഠം 'സിലുമിനാ' പംക്തികളിലൂടെ അവകാശപ്പെടുകയുണ്ടായി.

ആ കുട്ടിയുടെ ഫോട്ടോ എടുക്കവാനായി കൊളുംബോയിലേക്ക കൊണ്ടുവരുവാൻ അതേ പത്രത്തിൽക്കൂടി ഞാൻ മി. രണവാകയെ ക്ഷണിച്ചു. കുട്ടിയെ കൊളുംബോയിലേക്ക കൊണ്ടുവരാനുള്ള എല്ലാ ചെലവുകളും ഞാൻ വഹിക്കാമെന്നേററിട്ടും ഒരു പ്രതികരണവും പിന്നീടുണ്ടായിട്ടില്ല. അവസാനം സിലോൺ യുക്തിവാദിസംഘത്തിലെ രണ്ടംഗങ്ങഠം ആ അത്ഭുതശിശുവിന്റെ ഫോട്ടോ എടുക്കവാൻ ക്യാമറയുംകൊണ്ട് കൊളാവയിലേക്കുചെന്നു. പക്ഷേ ശിശുവിനെ ഒന്നു കാണാൻപോലും അവരെ അനുവദിച്ചില്ല. അയൽക്കാർ അവരോടു പറഞ്ഞതു് അതെല്ലാം തന്റെ ഗൃഹത്തിലേക്ക് അർപ്പണങ്ങളുമായി ജനങ്ങളെ ആകർഷിക്കവാൻ രണവാകെ സ്വീകരിച്ച ഒരു വൻ കാപട്യമായിരുന്നു എന്നാണു്.

ബാദുള്ളയിൽനിന്നും എലക്ട്രിക്കൽ എഞ്ചിനീയർ മി. എസ്. തിരുനാവക്കരശുവിന്റെ അപേക്ഷയനുസരിച്ച് ബണ്ടാരവലക്കാരനായ ഒരു സായിബാബാ ഭക്തനു് തന്റെ അത്ഭുതസിദ്ധികഠം സംഘാംഗങ്ങഠം മുമ്പാകെ പ്രദർശിപ്പിക്കാനവസരം നൽകുവാനായി 1970 ജ

ലായ് 11—ന് സിലോൺ യുക്തിവാദിസംഘത്തിൻെറ ഒരു യോഗം വിളിച്ചുകൂട്ടപ്പെട്ടു. പ്രസ്തുത സ്വാമി', മി. തിരുനാവക്കരശുമൊന്നിച്ച് കൊളംബോയിലേക്ക് വരാമെന്നേററിരുന്നെങ്കിലും തലേന്നരാത്രി തൻെറ ഒരു ഭക്തശിഷ്യയുമൊന്നിച്ച് അപ്രത്യക്ഷനാവുകയാണുണ്ടായത്.

അയാഠം വളരെയേറെ കാണികളെ നിരാശപ്പെടുത്തിയെങ്കിലും ഞങ്ങളുടെ ഒരുസംഘാംഗവും നല്ലൊരു മാസ്മരവിദ്യക്കാരനും സിലോൺ മാജിക് സർക്കിളിലെ ഒരംഗവുമായ മി. ഡി ഡബ്ല്യു ചന്ദ്രസേനൻ അനേകം സായിബാബാസൂത്രങ്ങഠം പ്രദർശിപ്പിച്ച് കാണികളെ രസിപ്പിച്ചു. സായിബാബായുടെ ഒരു ഭക്തൻതന്നെ പറയുകയുണ്ടായി. മി. ചന്ദ്രസേനൻ അന്നു് പ്രത്യക്ഷപ്പെടുത്തിയ ഭസ്മത്തിൻെറ അളവു് സായിബാബാ സാധാരണയായി അദ്ദേഹത്തിൻെറ ഭക്തന്മാരുടെമുമ്പിൽ പ്രത്യക്ഷമാക്കാറുള്ള ഭസ്മത്തെക്കാഠം വളരെ കൂടുതലുണ്ടായിരുന്നു എന്നു്.'

കാൻഡിയിൽ ബാങ്ക് ഓഫ് സിലോണിലെ ക്ലാക്കാണെന്നു പറയുന്ന സി. ഗണേശ്വരനെന്നൊരാഠം, തൻെറ മന്ത്രശക്തികൊണ്ടു് എൻെറ ചൂണ്ടാണി വിരലിൽ ക്ഷതംവരുത്താൻ കഴിയുമെന്നു ഫോണിൽക്കൂടി എന്നെ അറിയിച്ചു. യുക്തിവാദിസംഘം യോഗത്തിൽവച്ച് അങ്ങനെ ചെയ്യുന്നതിനു് ഞാനയാളെ ക്ഷണിച്ചു. വരാമെന്നും മന്ത്രശക്തി പ്രകടിപ്പിക്കാമെന്നും അയാഠം സമ്മതിച്ചെങ്കിലും അയാഠം വന്നില്ല.

സീലുവെച്ച് അടക്കം ചെയ്യപ്പെട്ടിരുന്ന ഒരു കറൻസിനോട്ടിൻെറ നമ്പർ വായിക്കുവാൻ തനിക്കു കഴിവുണ്ടെന്നു് ടി. ഡബ്ലിയു. ആൻറ് ഒ. പി. ഓഫീസ് ജനറൽ സ്റ്റോറിയിൽ (കൊളംബോ) ജോലിക്കാരനായ സി. സി. സി. ഗുണശീലൻ എന്നൊരാഠം 'സിലോൺ ഡെയിലി ന്യൂസിൽ'ക്കൂടി വീമ്പു പറഞ്ഞു. നിശ്ചിതദിവസം അയാളും വന്നുചേർന്നില്ല. കറൻസിനോട്ടിൻെറ

നമ്പർ വായിക്കാമെന്നു് 'രവിരസ്' എന്ന പത്രത്തിൽക്കൂടി വീമ്പു പറഞ്ഞ മററൊരാറം മിരിഹാനയിലെ ജ്ഞാനശ്രീ തെറൊ എന്ന ബുദ്ധസന്യാസിയായിരുന്നു. പലതവണ ആവശ്യപ്പെട്ടിട്ടും അയാളും പിൻവലിയുകയാണുണ്ടായതു്. സീൽചെയ്യപ്പെട്ട കറൻസിയുടെ നമ്പർ വായിക്കാൻ കഴിവുണ്ടെന്നു് അവകാശപ്പെട്ട ബലിയാററക്കാരനായ ഒരു മാന്ത്രികൻ ആർതർ ജനദാസ് എന്ന ആളും അവസാനനിമിഷത്തിൽ അപ്രത്യക്ഷനായി.

കെലനിയായിൽനിന്നു് എം. മൊഹോത്തിയും മഹാബുലങ്കുളാമയിൽനിന്നു് ലിയോണൽ ഗാമേണ്ടും തങ്ങരം എരിക്കുന്ന തീയിൽ മുപ്പതു സെക്കൻറുനേരം പൊള്ളലൊന്നുമേല്ക്കാതെ നിൽക്കാമെന്നു് എൻെറ വെല്ലുവിളിക്കു മറുപടിയായി പത്രങ്ങളിൽക്കൂടി പ്രഖ്യാപിച്ചു. ആത്മാർത്ഥതയ്ക്കു തെളിവായി 1000 ക. ഡിപ്പോസിററു ചെയ്യുവാൻ ഞാൻ മൊഹോത്തിയോടാവശ്യപ്പെട്ടു. പിന്നീടയാളെ കണ്ടിട്ടേ ഇല്ല. ലിയോണൽ ഗാമേണ്ടിനു കെട്ടിവയ്ക്കാൻ പണമില്ലെന്നു പറഞ്ഞതിനെ തുടർന്നു്, അയാളുടെ അവകാശവാദത്തിൻെറ പരീക്ഷണം തെഴ്സ്റ്റൺ കോളേജ് ഗ്രൗണ്ടിൽ സൗജന്യമായി നടത്താൻ ഞാൻ സമ്മതിച്ചു. തെഴ്സ്റ്റൺ കോളേജ് ഗ്രൗണ്ടിൽ പരീക്ഷണം നടത്തുന്നതിനു് വിദ്യാഭ്യാസവകുപ്പ് അനുമതി പിൻവലിച്ചതുകൊണ്ടു്, പരീക്ഷണസ്ഥലം ജി. സി. എസ്. യു വിൻെറ ഹെഡ്കാർട്ടേഴ്സിലേക്കു മാററി. പക്ഷേ, ഗാമേണ്ടു് വന്നതേ ഇല്ല.

ഫോർട്ടുഭാഗത്തു് റോഡുവക്കത്തിരുന്നു കൈനോട്ടം വഴി ഭാഗ്യം പ്രവചിച്ചു് ഗാമേണ്ടു് നല്ല സമ്പാദ്യം ഉണ്ടാക്കിവരുന്നതായി നാലുമാസത്തിനു ശേഷം എനിക്കറിവു കിട്ടി. കോവൂരിൻെറ വെല്ലുവിളി സ്വീകരിച്ചു്, വിജയം കൈവരിച്ച ഏകവ്യക്തി താനാണെന്നു പറഞ്ഞു് ധാരാളം ആളുകളെ അയാരം ആകർഷിച്ചിരുന്നു. തെളിവായി എൻെറ ബംഗ്ലാവിൽ, എൻെറ മുമ്പിൽവച്ചു് കരാറൊപ്പിടുന്നതായി 'സവാസ'യിൽ പ്രസിദ്ധപ്പെടുത്തിയ

ഒരു ഫോട്ടോ അയാൾ പ്രദർശിപ്പിക്കുകയും ചെയ്തിരുന്നു. നിരപരാധികളും അജ്ഞരുമായ ജനങ്ങളുടെമേൽ ഈ ചതി തുടരുന്നതിൽനിന്നും അയാളെ വിലക്കാൻവേണ്ടി 1971 ഒക്ടോബർ 15–ാം തീയതി എൻെറ അടുത്തു വന്നു് അയാൾക്കുണ്ടെന്നവകാശപ്പെടുന്ന ശക്തി പ്രകടിപ്പിക്കുവാൻ ഞാനയാൾക്കു് ഒരു കത്തു് രജിസ്റ്റർ ചെയ്തയച്ചു. പക്ഷേ, വെല്ലുവിളി നേരിടാൻ അയാൾ മുന്നോട്ടു വന്നില്ല.

ഏററവും അവസാനമാണു് കേരളത്തിൽനിന്നും ഗോവിന്ദഗണകൻ എന്നൊരാൾ എൻെറ വെല്ലുവിളി സ്വീകരിക്കുന്നതായി പത്രങ്ങളിൽ പ്രസ്താവനയിറക്കിയതു്. ഞാൻ ഉടനെ അതിൻെറ വിവരങ്ങൾ തിരക്കാൻ ഏർപ്പാടുചെയ്തു. അന്വേഷണത്തിൽ അങ്ങനെയൊരാൾ ഇല്ലെന്നറിഞ്ഞു. ഏതാനും മാസങ്ങൾക്കു ശേഷം 'മലയാളനാട്ടു'' വാരികയിൽ ഒരു എം. പി. നാരായണപിള്ള എഴുതി. അദ്ദേഹമാണു് ഗോവിന്ദഗണകൻ എന്ന പേരിൽ എഴുതിയതെന്നു്. 1000 രൂപ എൻെറ പ്രതിനിധിയുടെ അടുത്തു് കെട്ടിവച്ചു് പരീക്ഷണത്തിനു വിധേയനാകാൻ ഞാൻ പത്രങ്ങളിലൂടെ നാരായണപിള്ളയോടു് ആവശ്യപ്പെട്ടു. പക്ഷേ, അദ്ദേഹം അതിനു് തയ്യാറായില്ല. 1976 ഡിസംബർ 28–ാം തീയതി ഞാൻ കൊല്ലത്തു് വിശ്രമിക്കുമ്പോൾ, നാരായണപിള്ളയുടെ പ്രതിനിധിയാണെന്നും പറഞ്ഞു് ഒരാൾ എന്നെ വന്നു കണ്ടു. ഇന്ത്യൻ കറൻസിയിൽ ഒരു ലക്ഷം രൂപ കൊടുക്കാൻ എനിക്കുണ്ടെങ്കിൽ മാത്രമേ അദ്ദേഹം സ്വീകരിക്കയുള്ളു എന്നു പറഞ്ഞു. ശ്രീലങ്കാ പൗരനായ എനിക്കു് ഒരുലക്ഷം ഇന്ത്യൻ രൂപ കൊടുക്കാൻ കഴിയുകയില്ലെന്നും ആ സാങ്കേതിക കാരണം പറഞ്ഞു് ഒഴിയാമെന്നുമായിരുന്നു അദ്ദേഹത്തിൻെറ പ്ലാൻ. പക്ഷേ, ഞാൻ പന്തയത്തിൽ തോററാൽ എനിക്കുവേണ്ടി ഒരുലക്ഷം രൂപ കൊടുക്കാമെന്നു് കേരളത്തിലെ വിദ്യുച്ഛക്തിവകുപ്പുമന്ത്രി ശ്രീ എം. എൻ. ഗോവിന്ദൻനായർ അവിടെവെച്ചു് ഏററു. നാരായണപിള്ളയുടെ പ്രതിനിധിയെ പിന്നീടു കണ്ടില്ല.

ഏതാണ്ട് ഈ സമയത്തുതന്നെ തൃപ്പൂണിത്തുറ രാമൻ നമ്പൂതിരി എന്ന പേരു വച്ച് ഒരു നോട്ടീസിറങ്ങി. ചോററാനിക്കര ദേവിയുടെ സഹായത്തോടെ 'കലിയുഗ രാവണനായ കോവൂരി'നെ പരാജയപ്പെടുത്തുമെന്ന് അതിൽ പറഞ്ഞിരുന്നു. കോട്ടയത്തുവച്ച് 1976 ഡിസംബർ 31–ന് എന്നെ പ്രസ്തുത നമ്പൂതിരി നേരിടുമെന്നു പത്രങ്ങളിൽ വാർത്തവന്നു. ഞാൻ സന്തോഷത്തോടെ കാത്തിരുന്നു. നിരാശ മാത്രമായിരുന്നു ഫലം. അവസാനമാണ് അറിയുന്നത്, അങ്ങനെയൊരു നമ്പൂതിരിയേ ഇല്ലെന്ന്.

ഏതായാലും ഒരു കാര്യം ഞാൻ വ്യക്തമാക്കാം. ദിവ്യശക്തിയുണ്ടെന്നു തെളിയിക്കുന്നവരോടുള്ള എന്റെ വെല്ലുവിളി ഇന്നും നിലവിലുണ്ട്. എന്റെ മരണംവരെ അതു തുടരുകയും ചെയ്യും.

(1978–ൽ കോവൂർ അന്തരിച്ചു. അതുവരെയോ അതിനു ശേഷമോ ആരും ഈ വെല്ലുവിളി സ്വീകരിച്ചിട്ടില്ല–വിവർത്തകൻ)

## 16. പാരാസൈക്കോളജി ഒരു കപട ശാസ്ത്രം

'ഇന്ദ്രിയാതീതജ്ഞാന'ത്തെപ്പററി ഗവേഷണം നടത്തി യാഥാർത്ഥ്യം പുറത്തു കൊണ്ടുവന്നതിന്ന് മനുഷ്യവർഗ്ഗം ചില ആധുനിക ശാസ്ത്രജ്ഞന്മാരോട് കടപ്പെട്ടിരിക്കുന്നു. ഡോക്ടർ യൂജീൻ ആഡംസ്, ഡോ. ജി. ആർ. പ്രൈസ്, പ്രൊഫസർ കെന്നഡി, ഡോ. ജോൺ ഇ. കൂവർ, ഡോ. ക്രിസ്റ്റോഫർ സ്കോട്ട്, ഡോ. ഡെനീസ് പാർസൺസ്, ഡോ. ഡെന്നീസ് ഹൈഡ്, ഡോ. ഹെംഹോട്സ്, പ്രൊഫസർ ജെ. സ്കാർണെ, ഡോ. ഇ. റൂക്സ്, ഡോ. അനിതാ കോഹ്സൻ, പ്രൊ

ഫസർ ആൻറണിഫ്ളൂ തുടങ്ങിയ ശാസ്ത്രജ്ഞന്മാർ റൈനിൻെറ ഗവേഷണസമ്പ്രദായത്തേയും നിഗമനങ്ങളേയും നിശിതമായി വിമർശിക്കുകയും ഖണ്ഡിക്കുകയും ചെയ്തിട്ടുണ്ട്. ചില ആധുനിക ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങരം താഴെ കൊടുക്കുന്നു:

ഡോ. ക്രിസ്റ്റോഫർ സ്കോട്ട് 'ഡോക്ടർ റൈനിൻെറ ഗവേഷണരീതി ശരിയായിട്ടുള്ളതല്ല. അനുകൂലമായ ആ ഗവേഷണ ഫലങ്ങരം മുഴുവനായും അതുകൊണ്ട് കിഴിവു ചെയ്യേണ്ടിയിരിക്കുന്നു.' (പ്രൊസീഡിംഗ്സ്, എസ്. പി. ആർ. വാല്യം XLIX, പേജ് 16)

ഡോ. ഡെന്നിസ് പാർസൺസ്: 'ടെലിപ്പതി, ദൂരജ്ഞാനം എന്നിവയുടെ അടിസ്ഥാനത്തിൽ ഇ. എസ്. പി. പരീക്ഷണ വിധേയമാക്കുന്നതിനുവേണ്ടി ഒരു യന്ത്രോപകരണം ഉണ്ടാക്കി. 24000 പരീക്ഷണങ്ങരം നടത്തിയിട്ടും ഒരു തെളിവും കിട്ടിയില്ല'' (പ്രൊസീഡിംഗ്സ്, എസ്. പി. ആർ. വാല്യം XLVIII, പേജ് 31)

ഡോ. ഡെന്നിസ് ഹൈഡ്: 'ഡ്യൂക്ക' സർവ്വകലാശാലയിലെ പരീക്ഷണങ്ങരം ആവർത്തിച്ചു നോക്കി. പക്ഷേ, ശ്രദ്ധിക്കപ്പെടാതിരുന്ന ചില തെററുകരം കണ്ടുപിടിക്കാൻ മാത്രമേ കഴിഞ്ഞുള്ളൂ' (പ്രൊസീഡിംഗ്സ്, എസ്. പി. ആർ, വാല്യം XLVIII)

ഡോ. മാർഗരററ് നൈററ്: ''ഡോ. ജെ. ബി. റൈൻ വെളിപ്പെടുത്തിയ വിവരങ്ങരം പരസ്പരം ചേർച്ചയില്ലാത്തതും പ്രത്യക്ഷത്തിൽ തന്നെ കുഴപ്പം പിടിച്ചതുമാണ്. അംഗീകൃത ശാസ്ത്രീയനിയമങ്ങരംക്കനുസൃതമല്ലാത്തതും വെറും അന്തസാരവിഹീനവുമാണവ. അതുണ്ടാക്കുന്ന വികാരം ബുദ്ധിയുള്ളവർക്ക് അരോചകമാമാണ്'' (സയൻസ് ന്യൂസ്, നമ്പർ 18, പേജ് 9)

ഡോ. എച്ച്. ഹെംഹോട്സ്സ്: ''റോയൽ സൊസൈററി അംഗങ്ങളുടെ സാക്ഷ്യവും എൻെറ ബോധം

നൽകുന്ന തെളിവുകളും, ഒരു വ്യക്തിയുടെ വിചാരം അംഗീകൃതമായ ബോധമാധ്യമങ്ങൾവഴിയല്ലാതെ മററൊരാളിലേക്ക പകരാൻ കഴിയുകയില്ലെന്ന നിഗമനത്തിലേക്കാണ് എന്നെ നയിക്കുന്നതു്'' (ദി ലോജിക്ക് ഓഫ് ലിബേർട്ടി)

ഡോ: ഇ. റൂക്സ്: ''പാരാ നോർമൽ ശക്തികളുള്ളവരെന്നു പറഞ്ഞു് ഒരു ഗവേഷകൻ അവതരിപ്പിച്ച വ്യക്തികളെ മററൊരു ഗവേഷകൻ പരീക്ഷണവിധേയരാക്കിയപ്പോൾ അവരിൽ അസാധാരണമായി യാതൊന്നും കാണുകയുണ്ടായില്ല. ഇ. എസ്. പി എന്ന പുതിയ സിദ്ധാന്തം പഴയ അധ്യാത്മവാദികളുടെ പരേതാത്മാക്കളെ ഒരു മാധ്യമത്തിലൂടെ വിളിച്ചുവരുന്ന സമ്പ്രദായത്തിൻേറയും അഭൌമവസ്തുക്കളെക്കൊണ്ടു് മേശയിൽ മുട്ടി ശബ്ദം ഉണ്ടാക്കിക്കുന്ന തന്ത്രത്തിൻേറയും കൂടെ നിൽക്കുന്ന ഒന്നാണ്. അവർ അവകാശപ്പെടുന്ന ആത്മീയപ്രതിഭാസങ്ങൾക്ക് ചില അനുഭവവിവരണമല്ലാതെ ശാസ്ത്രീയാടിസ്ഥാനമൊന്നുമില്ല. അനുകൂലമായ അന്തരീക്ഷത്തിലല്ലാതെ മിസ്സിസ് എക്സ് എന്ന വലിയ മാധ്യമത്തിനു് ഒന്നും പ്രദർശിപ്പിക്കാൻ കഴിയുന്നില്ല'' (THE CASE AGANIST PARAPSYCHOLOGY)

ജി. എൽ. സിമിയോൺസു്: ''ടെലിപ്പതിയേപ്പററിയുള്ള പഠനം ശാസ്ത്രത്തിൻെറ പരിധിയിൽപെട്ടതാണ്....പക്ഷേ, അതിനെ സംബന്ധിച്ചു് ഇന്നുവരെ നടന്നിട്ടുള്ള പരീക്ഷണഫലങ്ങളെല്ലാം അതിനെതിരായിട്ടുള്ളതാണ്. ഡ്യൂക്ക് സർവ്വകലാശാലയിലെ ഡോ. റൈനും കൂട്ടരും—അവരെപ്പററി വളരെക്കുറച്ചേ ഇപ്പോൾ കേൾക്കുന്നുള്ള—ആണ് ആദ്യമായി ഈ വസ്തുത അംഗീകരിക്കേണ്ടതു്'' (ആത്മഗവേഷണവും മതേതരത്വവും. ഫ്രീതിങ്കർ, ജനുവരി, 1964)

സി. ഇ. എം. ഹാൻസെൻ: ''ഒരു ഏജൻറും പരീക്ഷണ വിധേയനായ മാധ്യമവുംകൂടി ഒത്തുകളിയും കൂട്ടവഞ്ചനയും നടത്തിയതിനു് ഉദാഹരണമാണ് മി. സോ

ളിൻെറ പരീക്ഷണങ്ങരം. ഇവരുടെ തന്ത്രങ്ങരം മനസ്സി ലാക്കാത്തവർക്ക് യാഥാത്ഥ്യം വ്യക്തമാകാൻ പ്രയാസ മാണ്'' (ടെലിപ്പതിയിലുള്ള പരീക്ഷണങ്ങരം. ദി ന്യൂ സയൻറിസ്റ്റ്, ഫെബ്രുവരി, 1959)

ഡോ. അനിതാ കോഹ്സെൻ: ഡോക്ടർ ജെ. ബി. റൈനിൻെറ കൃതികരം ഒന്നുംതന്നെ ശാസ്ത്രീയമോ പണ്ഡിതോചിതമോ അല്ലെന്നാണ് എൻെറ അഭിപ്രാ യം'' (ആത്മഗവേഷണത്തോടുള്ള പുതിയ സമീപനം)

കോളിൻ മക്കാരം: ''ഡോക്ടർ റൈൻ അങ്ങേയററം അശാസ്ത്രീയനാണ്. പ്രൊഫസർ വാസിലിയേവിൻെറ —അദ്ദേഹം അംഗീകൃതനായ ഒരു ശരീരശാസ്ത്രജ്ഞനാണെ ങ്കിൽക്കൂടി—ഒരു വാക്കുപോലും ഡോക്ടർ റൈനിൻേറ തിനേക്കാരം കൂടുതലായി നമുക്ക് അംഗീകരിക്കാൻ സാ ധ്യമല്ല. ഇ. എസ്. പിയെ സംബന്ധിച്ച കാര്യങ്ങ ളിൽ വ്യക്തികരം നൽകുന്ന സാക്ഷ്യങ്ങളേയും മിക്കപ്പോ ഴും വഞ്ചനകളേയും ആണ് നമ്മരം കൈകാര്യം ചെയ്യുന്ന ത്. ശാസ്ത്രീയമായി സ്ഥാപിച്ചിട്ടുള്ള നിയമങ്ങരംക്കെ തിരാണ് ടെലിപ്പതി'' (ഫ്രീ തിങ്കർ. ഒക്ടോബർ 11 1963)

പ്രൊഫസർ ആൻറണി ഫ്ളൂ: ''യഥാർത്ഥത്തിൽ കഴിവുള്ളവരും ബുദ്ധിമാന്മാരും, സംശയദൃഷ്ടിയുള്ളവരു മായ ഗവേഷകന്മാർ ഇ. എസ്. പിയെ പററി നടത്തി യ പഠനങ്ങരം അതിനെതിരായ ഫലമാണ് ഉണ്ടാക്കിയി ട്ടുള്ളത്. ശരിയായ ബുദ്ധിയുള്ള ഒരാരംക്കും ഇ. എസ്. പി ഊഹം അംഗീകരിക്കാൻ സാധ്യമല്ല. അത് വിചാ രത്തിൻേറയോ വിജ്ഞാനത്തിൻേറയോ ഗണത്തിൽ പെ ടുന്നതല്ല. അത് അപഹാസ്യവും അവിശ്വസനീയവുമാ ണ്. റേഡിയേഷനുമായി ബന്ധപ്പെടുത്തി ചിന്തിച്ചാൽ ഭവിഷദ്ജ്ഞാനം എന്നുപറയുന്നത് ഉണ്ടാകാനേ സാ ധ്യമല്ല. സ്പന്ദനത്തേ (Vibration) യും തരംഗങ്ങളേയും പ ററിയുള്ള സംസാരം വെറുതേ ആധ്യാത്മിക പരിവേഷമു ണ്ടാക്കാനുള്ള ശ്രമമാണ്. ഇ. എസ്. പിയുണ്ടെന്ന തെ

ളിയിക്കാവുന്ന ഒരു തെളിവും കിട്ടിയിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല. പിന്നീടുണ്ടാകുന്നതൊന്നും ഇപ്പോഴുള്ളതിനെ ബാധിക്കുകയില്ലെന്നുള്ള ശാസ്ത്രസിദ്ധാന്തത്തിനെതിരാണ് ഭവിഷദ്ജ്ഞാനവാദം.' (ആത്മഗവേഷണത്തോടുള്ള പുതിയ സമീപനം, പേജ് 67, 113, 114, 119, 123, 126)

ഡോക്ടർ യൂജിൻ ആദംസ്: ''ഡ്യൂക്ക സർവ്വകലാശാലയിൽ ഡോക്ടർ റൈൻ നടത്തിയ കാർഡ് പരീക്ഷണം 30,000 പ്രാവശ്യം ഞാൻ ആവർത്തിച്ചു. ദൂരജ്ഞാനം, ടെലിപ്പതി എന്നിവയെ ഒററയ്ക്കും ഒന്നിച്ചും പരീക്ഷണവിധേയമാക്കുന്നതായിരുന്നു ഞാൻ ചെയ്തതു്. പക്ഷേ, എനിക്കു കിട്ടിയ ഫലം അവയെ നിഷേധിക്കുന്ന തരത്തിലുള്ളതായിരുന്നു'' (ദി അമേസിംഗ് വേൾഡ്, പേജ് 258)

ഡോ. ജി. ആർ പ്രൈസ്: ''ഡോക്ടർ റൈനിൻെറ ആത്മഗവേഷണങ്ങൾ അതിനിശിതമായി വിമർശിക്കപ്പെടേണ്ടതാണ്''. (സയൻസ്, ആഗസ്റ്റ്, 25 1955)

ഡോ. ജോൺ ഈക്കുവർ: ''പതിനായിരം പരീക്ഷണങ്ങൾ നടത്തിക്കഴിഞ്ഞിട്ടും യാദൃശ്ചികമായി വന്ന ചില ഫലങ്ങളല്ലാതെ അനുകൂലമായി ഒന്നുംതന്നെ ലഭിക്കുകയുണ്ടായില്ല. വസ്തുനിഷ്ഠമായ വിചാരവിക്ഷേപണ പദ്ധതിക്ക് എനിക്കൊരു തെളിവും കിട്ടിയില്ല'' (ആത്മഗവേഷണപരീക്ഷണങ്ങൾ, സ്റ്റാൻഫോർഡ് യൂണിവേഴ്സിററി, പേജ്, 123–124.

പ്രൊഫസർ ജോൺസ്ക്കാർണെ: ''ആത്മീയപ്രതിഭാസം ഉണ്ടെന്നു തെളിയിക്കുന്നതിനു് ഡോ. റൈൻ നൽകുന്ന തെളിവുകളെല്ലാം കപടമാണ്............ വെറും മാജിക്കുകാർ ആത്മീയപ്രതിഭാസമെന്ന പേരിൽ നടത്തുന്ന തന്ത്രങ്ങളിൽപെട്ടു് പ്രഗത്ഭരായ പല ആത്മഗ

വേഷകരും വഞ്ചിതരായിട്ടുണ്ടെന്നുള്ളത് ഒരു സത്യമാണ്...ഡോ. റൈനിൻെറ ഇ. എസ്. പി. യും സൈക്കോകിനിസസും വെറും തെററുകളല്ലാതെ മറെറാന്നുമല്ല. നമ്മെത്തന്നെ പററിക്കുന്ന ഈ ഏർപ്പാടു നിർത്തുക. ഇന്ദ്രിയാതീത ജ്ഞാനമുള്ള ഒരൊററ വ്യക്തിയെങ്കിലും ഡോ. റൈനിൻെറ കൈവശം ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിനോ ആ വ്യക്തിക്കോ ചുരുങ്ങിയ സമയംകൊണ്ടു വമ്പിച്ച സമ്പാദ്യമുണ്ടാക്കാൻ കഴിയുമായിരുന്നു.'' (വിസ്മയകരമായ ലോകം. പേജ് 258)

പ്രൊഫസർ കെന്നഡി (സ്റ്റാൻഫോർഡ് സർവ്വകലാശാല): ''യാഥാർത്ഥ്യത്തെ സംബന്ധിക്കുന്ന ശാസ്ത്രീയമായ സിദ്ധാന്തം, പരീക്ഷണശാലകളിൽ ആവർത്തിച്ചു നടത്തുന്ന ഒരേ പരീക്ഷണങ്ങളുടെയെല്ലാം ഫലം ഒന്നുതന്നെ ആയിരിക്കണമെന്നുള്ളതാണ്. നൂറു വിദ്യാർത്ഥികളെ ഉപയോഗിച്ച് ഞങ്ങൾ പരീക്ഷണം നടത്തി. ഞങ്ങൾക്കു കിട്ടിയ ഫലങ്ങൾ ഡോക്ടർ റൈനിൻേറതുമായി യോജിക്കുന്നില്ല.'' (വിസ്മയകരമായ ലോകം, പേജ് 266)

തിയഡോർ ബെസ്റ്റർമാൻ: ''ഞങ്ങൾ മൂന്നു പരമ്പരകളായിട്ടാണ് പരീക്ഷണം നടത്തിയത്. 45നും 50നും മദ്ധ്യേ പ്രായമുള്ളവരും എസ്. പി. ആർ. അംഗങ്ങളുമായിരുന്നു ആദ്യപരമ്പരയിൽ ഉണ്ടായിരുന്നത്. രണ്ടാമത്തെ പരമ്പരയിൽ ഏതാനും ഓക്സ്ഫോർഡ് വിദ്യാർത്ഥികളും മൂന്നാമത്തെ പരമ്പരയിൽ മി. ഡ്യൂണെയും ഉണ്ടായിരുന്നു.'' ഫലങ്ങൾ എല്ലാം നിരാശാജനകങ്ങളായിരുന്നു'' (ആത്മഗവേഷണത്തോട് ഒരു പുതിയ സമീപനം പേജ് 148)

സി. ഡബ്ളിയു. കെ. മൺഡ്ൽ: ''പിൽക്കാല സംഭവങ്ങളുടെ ഫലങ്ങളിൽ ഏതെങ്കിലും വിധത്തിൽ

ആശ്രയിച്ചാണു് ആദ്യകാലസംഭവങ്ങൾ നടക്കുന്നതെന്ന ഭവിഷദ്ജ്ഞാനവാദികളുടെ അഭിപ്രായം മനസ്സിലാക്കാൻ സാധ്യമല്ല. ഭാവികാലം വർത്തമാനകാലത്തിൽ സ്വാധീനം ചെലുത്തുമെന്നുള്ള വാദം എനിക്കു് അംഗീകരിക്കുവാൻ സാധ്യമല്ല. ഇതു് അംഗീകരിക്കുകയെന്നുവെച്ചാൽ നിലവിലുള്ള കാര്യകാരണസിദ്ധാന്തത്തെപ്പോലും നവീകരിക്കുകയെന്നാണർത്ഥം'' (ആത്മഗവേഷണത്തോടു് ഒരു പുതിയ സമീപനം, പേജ് 126-128)

## ഇന്ദ്രിയാതീതജ്ഞാനവും
## പാരാസൈക്കോളജിയും

മനസ്സ് എന്ന കടംകഥയെച്ചൊല്ലി നിരവധി തെററിദ്ധാരണകൾ നിലവിലുണ്ട്. അവ മുതലെടുക്കുവാനും പുതിയ അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുവാനും ചൂഷകർ എക്കാലവും ശ്രമിച്ചു വന്നു. പ്രശസ്ത യുക്തിവാദിയും ശ്രീലങ്കാ യുക്തിവാദി സംഘത്തിന്റെ പ്രസിഡന്റുമായിരുന്ന എ.ടി. കോവൂർ ഈ വിഷയത്തിലേക്ക് വെളിച്ചം പ്രസരിപ്പിക്കുകയാണ്. ഇന്ദ്രിയാതീതജ്ഞാനം, പാരാസൈക്കോളജി എന്നീ കപടമനഃശാസ്ത്ര സിദ്ധാന്തങ്ങളുടെ കള്ളി വെളിച്ചത്താക്കുന്ന ഉജ്ജ്വല ഗ്രന്ഥം.

Indian Atheist Publishers
1740 A/55, Naiwala
Karol Bagh, New Delhi-110005